വില ₹30/-

# ജീവനും വെളിച്ചവും

ജൂലൈ 2025




## കപ്പലപകടവും
## കടലും ഉപജീവനവും


സെന്റ്. ജേക്കബ് ഫൊറോന ദൈവാലയം
പുല്ലുവിള, തിരുവനന്തപുരം
തിരുവനന്തപുരം ലത്തീൻ അതിരൂപത
ഇടവക മദ്ധ്യസ്ഥനായ
വി. യാക്കോബ് അപ്പസ്തോലന്റെ
തിരുനാൾ മഹാമഹം
2025 ജൂലൈ 16 ബുധൻ മുതൽ
2025 ജൂലൈ 25 വെള്ളി വരെ
തീർത്ഥാടകർക്ക് സ്വാഗതം


വിശുദ്ധ മേരി മഗ്ദലേന
ദൈവാലയം, പള്ളിത്തുറ
തിരുവനന്തപുരം ലത്തീൻ അതിരൂപത
ഇടവക സ്വർഗ്ഗീയ മദ്ധ്യസ്ഥ
വിശുദ്ധ മറിയം മഗ്ദലേനയുടെ തിരുനാൾ
20 ജൂലൈ 2025, ഞായർ
മുതൽ 27 ഞായർ വരെ
തീർത്ഥാടകർക്ക് സ്വാഗതം

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 ജൂലൈ | പുസ്തകം 59 | ലക്കം 07

**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. ബീഡ് മനോജ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ.നിജു അജിത്ത്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്

## മുഖവിചാരം

ഇക്കഴിഞ്ഞ മെയ് 25ന് വിഴിഞ്ഞത്തുനിന്നും കൊച്ചിയിലേക്ക് 640 കണ്ടെയ്നറുകൾ കയറ്റിപ്പോയ MSC Elsa 3 എന്ന കപ്പൽ അപകടത്തിൽപ്പെട്ട് മുങ്ങുകയും കണ്ടെയ്നറുകളിൽ കുറെ എണ്ണം തീരത്തടിയുകയും ചെയ്തു. ഒപ്പം അതിന്റെ ഉള്ളിലുണ്ടായിരുന്ന പ്ലാസ്റ്റിക് നർഡിലുകൾ, കാൽസ്യം കാർബൈഡ് തുടങ്ങിയവയും കരയിലേക്കടിഞ്ഞു. കാൽസ്യം കാർബൈഡ് മാരക രാസവസ്തു എന്ന് വിദഗ്ധർ പറയുന്നു. തൊട്ടുപിന്നാലെ ജൂലൈ 9ന് കണ്ണൂർ അഴീക്കൽ പുറങ്കടലിൽ വാൻ ഹയി എന്ന സിങ്കപ്പൂർ ചരക്കുകപ്പലിനു തീപിടിച്ചു.

മുങ്ങിക്കിടക്കുന്ന കപ്പലുകൾക്കുള്ളിൽ എന്തൊക്കെയാണ് എന്ന് നമുക്കിപ്പോഴും അറിയില്ല. നമ്മോളോട് പറയുന്നില്ല. ഒരു ചരക്കുകപ്പൽ പുറപ്പെടുമ്പോഴും ബെർത്ത് ചെയ്യുമ്പോഴും കപ്പലിൽ കയറ്റിയ മുഴുവൻ വസ്തുക്കളുടെയും വിവരം അതാത് പോർട്ടിലെ കസ്റ്റംസിന് കൈമാറി NOC വാങ്ങാതെ കപ്പലിന് പുറപ്പെടാനോ നങ്കൂരമിടാനോ ആവില്ല. അത് അന്താരാഷ്ട്ര നിയമമാണ്. സ്വകാര്യ ഷിപ്പിങ് കമ്പനികളുടെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും അവരുടെ ഉദ്യോഗസ്ഥ പ്രഭൃതികളുടെയും രഹസ്യ ധാരണകളുടെ അടിസ്ഥാനത്തിൽ കപ്പലിനുള്ളിൽ എന്തൊക്ക വസ്തുക്കളാണ് എന്ന് നമ്മോട് മറച്ചുവയ്ക്കുന്നു. അറിഞ്ഞിടത്തോളം കപ്പലിൽ വിസ്ഫോടനശേഷിയുള്ള നിരോധിത രാസവസ്തുക്കളും ഉൾപ്പെടുന്നു എന്നതാണ്.

അങ്ങനെയെങ്കിൽ കടലിലെ ജീവജാലങ്ങൾക്കും കടൽത്തീരത്തു വസിക്കുന്ന മനുഷ്യർക്കും എന്തൊക്കെ സംഭവിക്കും എന്നു പ്രവചിക്കുക അസാധ്യം. തുടർച്ചയായുണ്ടായ കപ്പൽച്ചേതങ്ങൾമൂലം കടലിൽ രാസവസ്തുക്കൾ പടരുന്നതോടെ ദീർഘകാലത്തേക്ക് കടലിലും കടൽത്തീരത്തും പാരിസ്ഥിതിക ആഘാതം ഉണ്ടാകും എന്ന് വിദഗ്ധർ വിലയിരുത്തുന്നു. ഒരുപക്ഷേ, മത്സ്യവർഗ്ഗങ്ങൾതന്നെ അപ്രത്യക്ഷമാകാം. മത്സ്യം ഇല്ലാതാകുന്നതോടെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനവും പ്രതിസന്ധിയിലാവും. കടലിന്റെ ഏത് പരിതോവസ്ഥയിലും മത്സ്യത്തൊഴിലാളികൾ കടലിൽപോകും. അന്നന്നുള്ള ആഹാരത്തിനുള്ള വഴി അതു മാത്രമേയുള്ളൂ. പക്ഷേ, കടലിനുള്ളിൽ കണ്ടെയ്നറുകളും രാസവസ്തുക്കളും ഒഴുകുമ്പോൾ എങ്ങനെയാണ് അവർക്ക് തൊഴിലിന് പോകാനാവുക?

ഇതൊക്കെയും അറിഞ്ഞിട്ടോ എന്തോ ഭരണനേതൃത്വം ഇതിനോട് വിമുഖത പുലർത്തുന്നു. 1992-ലെ International Civil Liability Convention പ്രകാരം സ്വഭാവികമായ ദുരന്തം അല്ലാതെയുള്ള, മറ്റെന്തെങ്കിലും കാരണത്തിന്റെ ഫലമായി കപ്പലപകടത്തിൽനിന്നും ഉണ്ടാകുന്ന മലിനീകരണത്തിനും പ്രകൃതിവിഭവങ്ങൾക്കോ മനുഷ്യർക്കോ അതുണ്ടാക്കുന്ന നാശനഷ്ടങ്ങൾക്കും കപ്പൽ ഉടമയിൽനിന്നും കർശനമായ നഷ്ടപരിഹാരം ഈടാക്കണം എന്ന് വ്യവസ്ഥയുണ്ട്. ഇപ്പോഴത്തെ രണ്ടു കപ്പൽച്ചേതങ്ങളിലൂടെ പ്രധാനമായും സമുദ്ര ജീവജാലങ്ങൾക്കാണ് നാശം സംഭവിക്കുക. കേരളതീരത്ത് കടലുകൊണ്ടുമാത്രം ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികളാണ് അതിന്റെ ഇരകൾ.

അതുകൊണ്ട് ഷിപ്പിങ് കമ്പനികളിൽനിന്നും നഷ്ടപരിഹാരം ഈടാക്കി ദുരന്തത്തിന്റെ ആദ്യ ഇരകളായ കടലോരത്തെ മനുഷ്യർക്ക് ഫലപ്രദമായി വിനിയോഗിക്കാനുള്ള നടപടിയെങ്കിലും സ്വീകരിക്കണം. ഒരു ഭരണാധികാരിയുടെ ധർമ്മം നിർവഹിക്കണം. പാവങ്ങളാണെന്നതുകൊണ്ടുമാത്രം അനീതി കാട്ടിക്കൂടാ. അവരുടെ അടുപ്പിലും തീ പുകയേണ്ടതുണ്ട്...

www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum




## ഹൃദയപൂർവ്വം. . .

**വിജയമ്മ,** ചെമ്പകമംഗലം

വർഗീസ് ജോസഫച്ചൻ എഴുതിയ 'ഹൃദയപൂർവ്വം' നന്നായിരുന്നു. ജൂൺ 27 തിരുഹൃദയത്തിരുന്നാളാണ്. കത്തോലിക്കാ ഭവനങ്ങളിൽ യേശുവിന്റെ തിരുഹൃദയത്തിന്റെ മനോഹര ചിത്രമാണ് മുഖ്യ പ്രതിഷ്ഠ. യേശു ഓരോ കുടുംബാംഗങ്ങളെയും തന്റെ തിരുഹൃദയത്തിന്റെ വിശുദ്ധമായ തണലിലേക്ക് നിരന്തരം ക്ഷണിച്ചുകൊണ്ടേയിരിക്കുന്നു. കുടുംബം ദേവാലയമാണെങ്കിൽ തിരുഹൃദയ പടമാണ് ഓരോ കുടുംബത്തിന്റെയും സക്രാരി. ഓരോരുത്തർക്കും ആശ്വാസം കണ്ടെത്താവുന്ന ഇടമാണവിടം. ആ തിരുഹൃദയത്തിൽനിന്നും സ്നേഹത്തിന്റെ പ്രകാശം നിരന്തരം നിർഗളിക്കുന്നു. നമുക്ക് എപ്പോൾ വേണമെങ്കിലും മുട്ടുകുത്തി, കൈകൾ കൂപ്പി ആശ്വാസം കണ്ടെത്താവുന്ന ഇടമാണവിടം. നമ്മുടെ സങ്കടങ്ങളും നൊമ്പരങ്ങളും ആവശ്യങ്ങളും പറയാം. നന്ദി അർപ്പണവുമാകാം. നാം വീട്ടിൽനിന്നും പുറപ്പെടുമ്പോൾ മുതൽ മടങ്ങി വരുന്നതുവരെ നല്ല തമ്പുരാൻ നമ്മെ നോക്കിയിരിക്കുന്നു.



യാത്ര പുറപ്പെടുമ്പോൾ മാത്രമല്ല മടങ്ങി വരുമ്പോഴും തിരുഹൃദയത്തിനു മുന്നിൽ ശിരസ് നമിക്കാം. നന്ദി പറയാം. ഹൃദയപൂർവ്വത്തിന് ' ഹൃദയം നിറഞ്ഞ ആശംസകൾ. . .

## ഹോം മിഷൻ

**വിയാന,** പാളയം

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ഏറ്റവും വലിയ ഇടവകയും തുറമുഖത്തിന്റെ പേരിലൂടെ വിശ്വവിഖ്യാതവുമായ വിഴിഞ്ഞം ഇടവകയിൽ നടന്ന ഹോം മിഷണറിയെക്കുറിച്ച് ഇടവക വികാരി മോൺ. നിക്കൊളാസ് റ്റി എഴുതിയ ലേഖനം മികവുറ്റതായിരുന്നു. ഹോം മിഷന്റെ 'വിഷൻ' അർത്ഥസമ്പുഷ്ടമാണ്. അനുദിനം മാറ്റങ്ങൾക്ക് വിധേയമാകുന്ന ആധുനിക കാലത്ത് കുടുംബങ്ങളെയും വ്യക്തികളെയും അറിയാനുള്ള, കൂടുതൽ അടുത്തറിയാനുള്ള, ഉണർത്താനും ഉയർത്താനുമുള്ള, ചേർക്കാനും ചേർത്തു പിടിക്കാനുമുള്ള, താങ്ങും തണലും ആശ്വാസവുമാകുന്ന സുവിശേഷാധിഷ്ഠിത സംവിധാനമാണിത്.

സമർപ്പിതർ കൂടെയുണ്ട്, ഇടവകയും സഭയും ഈശോയും കൂടെയുണ്ടെന്ന സന്ദേശം നമ്മുടെ വ്യക്തികളെയും കുടുംബങ്ങളെയും വളർത്തും. പ്രത്യാശയിൽ നിരാശരാകാതെ ജീവിക്കുവാൻ കരുത്തും കർമ്മശേഷിയും പകർന്നു നൽകും. ഹോം മിഷന്റെ ദൗത്യം തന്നെ കുടുംബങ്ങളെ ക്രിസ്തുവിലേക്ക് നയിക്കുക എന്നതാകണം. കുടുംബങ്ങൾ ക്രിസ്തു കേന്ദ്രീകൃതമാകുവാൻ, നവീകരിക്കപ്പെടുവാൻ ആത്മാർത്ഥമായ അനുതാപവും വചനാധിഷ്ഠിത ക്രൈസ്തവ ജീവിത ക്രമവും ഉണ്ടാകണം. ക്രിസ്തുവിനെ അറിയുവാൻ, അനുഭവിക്കുവാൻ ദൈവ വചനത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാകണം. ഹോം മിഷന്റെ ദൗത്യങ്ങൾ ഫലമണിയാൻ തുടർപ്രവർത്തനങ്ങൾ ആവശ്യമാണ്. അല്ലെങ്കിൽ ഹോം മിഷൻ വ്യക്തികളിലും കുടുംബങ്ങളിലും കൊളുത്തിയ ആത്മീയത അഗ്നിചാരത്താൽ മൂടപ്പെടും.

ഇപ്പോൾ ഹോം മിഷൻ നടത്തുന്ന ഇടവകകളിൽ തുടർ പ്രവർത്തനങ്ങൾ ആവശ്യമായ കുടുംബങ്ങളെ / വ്യക്തികളെ കണ്ടെത്തി അവരെ മാത്രം ഭാവിയിൽ പിന്തുടരുന്നത് നന്നായിരിക്കും.

## പരിസ്ഥിതി

**ജെറാൾഡ് ബി.മിരാൻഡ**

പരിസ്ഥിതി സംരക്ഷണത്തിന്റെ മഹാത്മ്യവും പ്രാധാന്യവും പ്രസക്തിയും വിളിച്ചോതിയ ജൂൺ ലക്കത്തിലെ ലേഖനങ്ങൾ വായിച്ചു. ആഗോള താപനം, അന്തരീക്ഷ മലിനീകരണം, പരിസ്ഥിതി മലിനീകരണം, കാലാവസ്ഥാ വ്യതിയാനം, ഓസോൺ പാളിയിലെ വിള്ളൽ, നാശം, സർവ്വനാശം എന്നൊക്കെ വിലപിച്ചിട്ട് കാര്യമുണ്ടെന്നു തോന്നുന്നില്ല. വർദ്ധിക്കുന്ന വികസന പ്രളയത്തിന്റെ ഉപോൽപ്പന്നമാണ് പരിസ്ഥിതി നാശവും എല്ലാ മലിനീകരണങ്ങളും. തെക്കു വടക്ക് ദേശീയപാതാ വികസനത്തിന്റെ ഭാഗമായി തണലേകിയ ലക്ഷക്കണക്കിന് മരങ്ങളെ വെട്ടിക്കൊന്നു. എല്ലായിടത്തുമുള്ള റോഡ് വലുതാക്കലിലും ആദ്യ മരണങ്ങൾ കുളിരേകും മരങ്ങൾ തന്നെ. വലിയ പുരയിടങ്ങൾ വിഭജിക്കപ്പെട്ട് 5, 10, 15, 20 സെന്റുകളായി ചെറുതാകുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഉള്ള മരങ്ങൾകൂടി മുറിച്ചു മാറ്റേണ്ടി വരും. നമ്മുടെ നാട്ടിലെ നിർമ്മാണങ്ങൾക്കെല്ലാം മണലും പാറയും അനിവാര്യ ഘടകമാണല്ലോ. വികസനങ്ങൾക്കുവേണ്ടിയുള്ള മുറവിളിയിൽ അറിഞ്ഞോ അറിയാതെയോ നാം പ്രകൃതിക്ക് വൻ നാശം വരുത്തുന്നു.

സർവ്വമാലിന്യങ്ങളും തള്ളുന്ന ഇടങ്ങളായി നദികളും കായലും ജലാശയങ്ങളും മാറി. കടലിൽ തള്ളുന്ന മാലിന്യത്തിന് കയ്യും കണക്കുമില്ല. കേരള തീരത്ത് ചരക്കുകപ്പലിൽനിന്നും അവ മുങ്ങുന്നതും തീ പിടിക്കുന്നതും മൂലമുള്ള മാലിന്യ പ്രശ്നം മത്സ്യത്തൊഴിലാളികളുടെ ഉപജീവനം തന്നെ അസാധ്യമാക്കിയിരിക്കുന്നു. സാക്ഷര സുന്ദര കേരളം എന്നു നാം അഭിമാനിക്കുമ്പോഴും വൃത്തിയും വെടിപ്പും അന്യമാകുന്ന മാലിന്യക്കാഴ്ചകളാണ് എങ്ങും. നമ്മുടെ ആർത്തികളാണ് നാടിനെയും നഗരത്തെയും അന്തരീക്ഷത്തെയും പരിസ്ഥിതിയെയും മലിനമാക്കുന്നത്.

തലമുറകൾ വാഴാനുള്ള ഭൂമി നാം വൃത്തിയായി സൂക്ഷിക്കണം. അല്ലെങ്കിൽ ഈ ഭൂമിയിൽ മനുഷ്യജന്മം ഇനി എത്ര നാൾ എന്ന് ചിന്തിക്കേണ്ടി വരും.






# താളുകളിൽ

## ആനുകാലികം




06
കപ്പൽച്ചേതം; പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹ്യ മാനങ്ങൾ
ഡോ.വി.എൻ.സഞ്ജീവൻ


## ലേഖനം




12
കാലം കാത്തുവച്ച നിധികൾ
ജിഷ പൊന്നപ്പൻ





16
വൃദ്ധജന പരിപാലനം:
ഒരു പുതിയ കേരള മോഡൽ
വിൽഫ്രഡ് എ. പുല്ലുവിള





21
ഹാപ്പി ഫ്രണ്ട്ഷിപ്പ് ഡേ
ഫാ. ലെനിൻ ഫെർണാണ്ടസ്





25
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും
ഭരണവികസന പങ്കാളിത്ത....
പ്ലാസിഡ് ഗ്രിഗറി





31
യുവജനങ്ങൾ
പ്രതീക്ഷയുടെ നീർച്ചാലുകൾ
പ്രീതി ഫ്രാങ്ക്ളിൻ


## കഥ




23
ബറാബാസിന്റെ മാനസാന്തരം
ജെർസൻ സെബാസ്റ്റ്യൻ


## കവിത




11
അമ്മബുദ്ധൻ
കോൺസ്റ്റന്റൈൻ. വൈ


## ടാക്കീസ്





28
നരിവേട്ട എന്ന സിനിമയെ കുറിച്ച്
സുനിൽ സി. ഇ


## നേർക്കാഴ്ച




42
കപ്പൽ അപകടത്തിന്റെ
ആഘാതവും നഷ്ടപരിഹാരവും
ജെ. സി.

15 കാനോൻ നിയമം
19 തൈക്കാട് ഇടവക സുവർണ്ണ ജൂബിലി നിറവിൽ ചരിത്രപഥം;
30 ആരോഗ്യം
33 വചന ജ്വാല
35 വാർത്തകൾ
38 നീർച്ചാൽ

# എം.എസ്.സി. എൽസ–3 കാർഗോ കപ്പൽച്ചേതം: പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹ്യ മാനങ്ങൾ

**കപ്പലപകടം മൂലം മത്സ്യബന്ധന മേഖലയ്ക്ക് ആകെ 420 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.**



**ഡോ.വി.എൻ.സഞ്ജീവൻ**
പ്രൊഫസർ & ചെയർ,
സെന്റർ ഫോർ അക്വാട്ടിക് റിസോഴ്സ് മാനേജ്മെന്റ് ആൻഡ് കൺസർവേഷൻ (CARMC).
കേരള ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് സർവകലാശാല (KUFOS), കൊച്ചി.



മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ (എംഎസ്സി) കാർഗോ കപ്പൽ എൽസ-3 2025 മെയ് 24-ന് അറബിക്കടലിൽ മുങ്ങി. തോട്ടപ്പള്ളി തീരത്ത് നിന്ന് ഏകദേശം 14.6 നോട്ടിക്കൽ മൈൽ അകലെയായിരുന്ന കപ്പലിൽ 425 ടൺ ഇന്ധന എണ്ണയും 640 കാർഗോ കണ്ടെയ്നറുകളമുണ്ടായിരുന്നു. പ്ലാസ്റ്റിക് പെല്ലറ്റുകൾ അടങ്ങിയ 60 കണ്ടെയ്നറുകളും അപകടകരമായ രാസവസ്തുക്കൾ അടങ്ങിയ നിരവധി കണ്ടെയ്നറുകളും ഉൾപ്പെട്ട ചരക്കായിരുന്നു അത്. പ്രത്യേകിച്ച് ഹൈഡ്രോസിൻ അടങ്ങിയ 48 കണ്ടെയ്നറുകൾ, കാൽസ്യം കാർബൈഡ് അടങ്ങിയ 13 കണ്ടെയ്നറുകൾ, ക്വിക്ക് ലൈം/തെർമോമെക്കാനിക്കൽ പൾപ്പ് അടങ്ങിയ 58 കണ്ടെയ് നറുകൾ, ഡിസിഎൻ ഡൈമൈഡ് അടങ്ങിയ 2 കണ്ടെയ് നറുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കപ്പൽ തകർന്ന സംഭവത്തെക്കുറിച്ച് സോഷ്യൽ മീഡിയയിലൂടെ ജനം വളരെ പെട്ടെന്ന് തന്നെ പ്രതികരിച്ചു, ഇത് മുങ്ങിയ കപ്പലിലെ മലിനീകരണ വസ്തുക്കളും രാസവസ്തുക്കളും പരിസ്ഥിതിയിൽ ഏറെ, പ്രത്യകിച്ച ജലവ്യവസ്ഥയു

**കപ്പൽച്ചേതം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനുമായി കുഫോസ്, സിഎംഎഫ്ആർഐ, സിഐഎഫ്ടി എന്നിവ ഉൾപ്പെടുന്ന ഒരു ഉപഗ്രൂപ്പ് രൂപീകരിച്ചു. ഈ ഏജൻസികൾ അവരുടെ ഇടക്കാല വിലയിരുത്തൽ റിപ്പോർട്ടുകൾ കേരള സർക്കാരിന് സമർപ്പിച്ചു. മത്സ്യ ഗുണനിലവാരത്തിൽ യാതൊരു ആശങ്കയും ആവശ്യമില്ലെന്നും കേരളത്തിന്റെ തീരദേശ മേഖലയുടെ പതിവ് നിരീക്ഷണം അടുത്ത ആറ് മാസത്തേക്കെങ്കിലും തുടരണമെന്നും, വിലയിരുത്തലിൽ ഉൾപ്പെട്ട എല്ലാ ഏജൻസികളും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരുന്നു.**



ടെ പരിസ്ഥിതിയിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും മത്സ്യങ്ങളുടെ നാശം, മലിനീകരണ സാധ്യത ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ ചില ധാരണകൾ സൃഷ്ടിച്ചു. മാധ്യമങ്ങളുടെ ഇത്തരത്തിലുള്ള വാർത്തകൾമൂലം പൊതുജനങ്ങൾ മത്സ്യം വാങ്ങുന്നത് ഒഴിവാക്കി, ഇത് മത്സ്യബന്ധന മേഖലയ്ക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കി. മറൈൻ മെർക്കന്റൈൽ വകുപ്പ്, അദാനി തുറമുഖ അതോറിറ്റികൾ, കസ്റ്റംസ് വകുപ്പ്, ഡിജി ഷിപ്പിംഗ് എന്നീ സ്ഥാപനങ്ങൾ ഷിപ്പിംഗ് നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ വരുത്തിയ വീഴ്ചകളെക്കുറിച്ചും ചോദ്യങ്ങൾ ഉയർന്നു. ചരക്ക് കയറ്റുമതിയെക്കുറിച്ചുള്ള അന്താരാഷ്ട്ര സമുദ്ര നിയമങ്ങളും കപ്പലുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിനുള്ള സമുദ്ര മലിനീകരണ നിയമങ്ങളും (1973 മാർപോൾ കൺവെൻഷൻ) ഉദ്ധരിച്ച് നിയമ വിദഗ്ധർ, കപ്പലിന്റെ രജിസ്റ്റർ ചെയ്ത ഉടമയായ എംഎസ്സിക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കണമെന്ന് വാദിച്ചു.

കപ്പലിന്റെ കാർഗോ പട്ടിക ഔദ്യോഗികമായി വെളിപ്പെടുത്തുന്നതിലുണ്ടായ കാലതാമസം നിലവിലുണ്ടായിരുന്ന ആശയക്കുഴപ്പങ്ങളെ കൂടുതൽ വഷളാക്കുകയും, വന്യമായ ഊഹാപോഹങ്ങൾക്കിടയാക്കുകയും ചെയ്തു. കപ്പൽ തകർച്ചയിലേക്ക് നയിച്ച സാങ്കേതികവും പ്രവർത്തനപരവുമായ പരാജയങ്ങൾ വിലയിരുത്തുന്നതിലെ മന്ദഗതി (കപ്പലിന്റെ ബാലസ്റ്റ് ടാങ്കുകൾ ഫലപ്രദമായി പരിപാലിക്കുന്നതിലും പ്രവർത്തിപ്പിക്കുന്നതിലും പരാജയപ്പെട്ടത്) കപ്പൽ തകർച്ചയെക്കുറിച്ചും കേരള തീരത്ത് അതുളവാക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും നിലവിലുള്ള ആശയക്കുഴപ്പം വർദ്ധിപ്പിച്ചു. മൺസൂൺ കാലത്ത് കടൽക്ഷോഭവുമായി ബന്ധപ്പെട്ട കഠിനമായ കടൽ അവസ്ഥകൾ ദുരന്താനന്തര രക്ഷാപ്രവർത്തനങ്ങൾക്ക് വലിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നു. കേരള തീരത്തെ പല മത്സ്യ ഇനങ്ങളുടെയും മുട്ടയിടൽ ഏറ്റവും ഉയർന്ന മാസമാണ് മെയ്-ജൂൺ എന്നതും, കപ്പൽച്ചേതം മത്സ്യങ്ങളുടെ മുട്ട വിരിയുന്നതിനെയും മത്സ്യങ്ങളുടെ ലാർവ വളർച്ചയെയും എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് അനിശ്ചിതത്വമുണ്ടെന്നതും ഗുരുതരമായ ആശങ്കയ്ക്ക് കാരണമാകുന്നു.

സംസ്ഥാന ഫിഷറീസ് മന്ത്രി ശ്രീ. സജി ചെറിയാനും സംസ്ഥാന ആരോഗ്യ മന്ത്രി ശ്രീമതി വീണ ജോർജ്ജും സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും തുടർ നടപടികൾ ആരംഭിക്കുന്നതിനുമായി 2025 മെയ് 25-ന് വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരുമായി ഒരു സംയുക്ത യോഗം വിളിച്ചുചേർത്തു. പാരിസ്ഥിതിക ആഘാതങ്ങൾ, പാരിസ്ഥിതിക അസ്വസ്ഥതകൾ, മത്സ്യ ഗുണനിലവാരത്തിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ ഈ കപ്പൽച്ചേതം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനുമായി കേരള ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റി (കുഫോസ്), സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷിംഗ് ടെക്നോളജി (സിഐഎഫ്ടി) എന്നിവ ഉൾപ്പെടുന്ന ഒരു ഉപഗ്രൂപ്പ് രൂപീകരിച്ചു. ഈ ഏജൻസികൾ അവരുടെ ഇടക്കാല വിലയിരുത്തൽ റിപ്പോർട്ടുകൾ കേരള സർക്കാരിന് സമർപ്പിച്ചു. മത്സ്യ ഗുണനിലവാരത്തിൽ യാതൊരു ആശങ്കയും ആവശ്യമില്ലെന്നും കേരളത്തിന്റെ തീരദേശ മേഖലയുടെ പതിവ് നിരീക്ഷ



ണം അടുത്ത ആറ് മാസത്തേക്കെങ്കിലും തുടരണമെന്നും, വിലയിരുത്തലിൽ ഉൾപ്പെട്ട എല്ലാ ഏജൻസികളും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരുന്നു.

മെയ് 24-ന് കപ്പൽ ചരിഞ്ഞപ്പോൾ കപ്പലിന്റെ മുകളിലെ ഡെക്കിലുണ്ടായിരുന്ന ശരിയായി ബന്ധിപ്പിച്ചിട്ടില്ലായിരുന്ന 70 കണ്ടെയ്നറുകൾ പെട്ടന്ന് കടലിലേക്ക് വീണു. ശേഷിക്കുന്ന കണ്ടെയ്നറുകൾ (അവയിൽ ചിലത് അപകടകരമായ രാസവസ്തുക്കൾ) മെയ് 25-ന് രാവിലെ കപ്പലിനൊപ്പം മുങ്ങി. ഈ കണ്ടെയ്നറുകളിൽനിന്ന് ഇതുവരെ ചോർച്ചയില്ലെന്ന് റിപ്പോർട്ടുണ്ട്, പക്ഷേ പിന്നീടുള്ള ഘട്ടത്തിൽ ചോർച്ച ഉണ്ടാകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ചോർച്ചയുണ്ടായാൽ സംഭവിക്കാവുന്നവ ഇവയാണ്;

**പ്ലാസ്റ്റിക് നർഡിൽസുള്ള കണ്ടെയ്നറുകൾ:** പ്ലാസ്റ്റിക് നർഡിൽസ് ചെറിയ പ്ലാസ്റ്റിക് തരികളാണ്, അവ നശിക്കുമ്പോൾ (ഇത് നശിക്കാൻ നിരവധി വർഷങ്ങൾ എടുത്തേക്കാം), മൈക്രോപ്ലാസ്റ്റിക്കുകളും നാനോ പാർട്ടിക്കിളുകളും ഉണ്ടാക്കുന്നു, അവ ജലജീവികൾ, പ്രത്യേകിച്ച് ഫിൽട്ടർ ഫീഡറുകൾ ആകസ്മികമായി കഴിക്കുന്നതിലൂടെ അവ സമുദ്ര ഭക്ഷ്യ ശൃംഖലയിലേക്ക് പ്രവേശിക്കുന്നു. ശരീര കലകളിൽ പ്ലാസ്റ്റിക് അടിഞ്ഞുകൂടുന്നത് ജീവജാലങ്ങളുടെ ആരോഗ്യത്തെ ബാധിക്കുകയും മരണത്തിലേക്ക് നയിക്കുകയും ചെയ്യും.

**കാൽസ്യം കാർബൈഡിന്റെ ചോർച്ച:** ഇത് വെള്ളവുമായി പ്രതിപ്രവർത്തിച്ച് അസറ്റിലീൻ വാതകവും (പഴങ്ങൾ പഴുക്കാൻ പലപ്പോഴും ഉപയോഗിക്കുന്ന വാതകം) കാൽസ്യം ഹൈഡ്രോക്സൈഡും രൂപപ്പെടും. കാൽസ്യം ഹൈഡ്രോക്സൈഡ് സമുദ്രജലത്തിന്റെ ക്ഷാരത്വവും pH ഉം വർദ്ധിപ്പിക്കും. pH 9 ന് മുകളിലാകുന്നത് മത്സ്യമുട്ടകളിൽ ഓസ്മോട്ടിക് അസന്തുലിതാവസ്ഥയ്ക്ക് കാരണമാകും. ഇത് മുട്ട ചുരുങ്ങുന്നതിനും മുട്ട വിരിയുന്നത്തിന്റെ നിരക്ക് കുറയ്ക്കുന്നതിനും കാരണമാകും. വാണിജ്യ കാൽസ്യം കാർബൈഡിൽ ആർസെനിക് പോലുള്ള മാലിന്യങ്ങളും അടങ്ങിയിട്ടുണ്ട്. ഇത് അടിത്തട്ടിലെ അവശിഷ്ടങ്ങളിൽ നിക്ഷേപിക്കപ്പെടുമ്പോൾ അടിത്തട്ടിലെ ജല-ജന്തുജാലങ്ങൾക്ക് ദോഷം ചെയ്യും.

**ക്വിക്ക് ലൈമിന്റെ ചോർച്ച:** വാണിജ്യ ക്വിക്ക് ലൈം (ദ്രുത-ചുണ്ണാമ്പ്) അല്ലെങ്കിൽ കാൽസ്യം ഓക്സൈഡ് വെള്ളത്തിൽ ലയിക്കുകയും കടൽജലത്തിന്റെ pH ഉം ക്ഷാരഗുണവും മാറ്റുകയും ചെയ്യും, ഇത് മത്സ്യ മുട്ടകളെയും ലാർവകളെയും സമാനമായി ബാധിക്കും.

**ഹൈഡ്രാസൈൻ ചോർച്ച**: ഹൈഡ്രാസൈൻ വളരെ അപകടകരവും കത്തുന്നതുമായ ഒരു ദ്രാവകമാണ്. വെള്ളവുമായി സംയോജിച്ച് ഹൈഡ്രാസൈൻ ഹൈഡ്രേറ്റ് ഉണ്ടാക്കുന്നു, ഇത് ഉയർന്ന സാന്ദ്രതയിൽ ജലസസ്യങ്ങൾക്ക് ദോഷകരമാണ്. ഇത് മൃഗങ്ങൾക്കും ആരോഗ്യപരമായ അപകടങ്ങൾ ഉണ്ടാക്കും.

**DCN ഡൈമൈഡിന്റെ ചോർച്ച**: ഡിക്ലോറൻ എന്നും അറിയപ്പെടുന്ന DCN ഡൈമൈഡ്, പാരിസ്ഥിതികമായി പ്രതികൂലമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒരു കീടനാശിനിയാണ്. ഇത് സസ്യജീവിതത്തെ ബാധിക്കുന്നു, പ്രകാശസംശ്ലേഷണത്തെ തടയുന്നു, വിത്ത് മുളയ്ക്കുന്നത് തടയുകയും, മണ്ണിലെ സൂക്ഷ്മജീവികളുടെ സന്തുലിതാവസ്ഥയെ ബാധിക്കുകയും ചെയ്യുന്നു.

എന്നിരുന്നാലും, ഈ രാസവസ്തുക്കളുടെ ആഘാതം വെള്ളത്തിലെ അവയുടെ സാന്ദ്രതയെ ആശ്രയിച്ചിരിക്കുന്നു. കണ്ടെയ്നറുകളിൽനിന്നുള്ള വലിയ തോതിലുള്ള ചോർച്ചകളുണ്ടായാൽ മാത്രമേ സമുദ്രത്തിൽ മാരകമായരീതിയിൽ സാന്ദ്രത വ്യതിയാനം സംഭവിക്കുകയുള്ളൂ. മുങ്ങിയ കപ്പലിലെ കണ്ടെയ്നറുകൾക്ക് കേടുപാടുകൾ കൂടാതെ രക്ഷിക്കാൻ കഴിയുമെങ്കിൽ, സമുദ്ര ആവാസവ്യവസ്ഥയിൽ ഈ രാസവസ്തുക്കൾ ചെലുത്തുന്ന സ്വാധീനം നിസ്സാരമായിരിക്കും.

**കപ്പൽച്ചേതത്തെക്കുറിച്ചുള്ള KUFOS ന്റെ പ്രാഥമിക കണ്ടെത്തലുകൾ താഴെ പറയുന്നവയാണ്;**

അറബിക്കടലിൽ ഉപരിതല പ്രവാഹങ്ങൾ ശക്തമാണ് (45 – 60 സെ.മീ/സെക്കൻഡ് അല്ലെങ്കിൽ 2.15 കി.മീ/മണിക്കൂർ) കൂടാതെ മൺസൂൺ കാലത്ത് തെക്കോട്ട് ഒഴുകുകയും ചെയ്യും (ചിത്രം). അതിനാൽ കപ്പലിൽ നിന്നുള്ള കണ്ടെയ് നറുകൾ 24 മണിക്കൂറിനുള്ളിൽ കൊല്ലം തീരത്തും 48 മണിക്കൂറിനുള്ളിൽ തിരുവനന്തപുരം തീരത്തും എത്തുമെന്ന് കണക്കാക്കപ്പെട്ടിരുന്നു. കണക്കാക്കിയതുപോലെ, എൽസ-3 ൽ നിന്നുള്ള ഫ്ലോട്ടിംഗ് കണ്ടെയ്നറുകൾ 25-ാം തീയതി രാത്രിയോടെ കൊല്ലം തീരത്തും, 25-ാം തീയതി രാവിലെയോടെ ചവറ, ശക്തികുളങ്ങര തീരങ്ങളിലും എത്തി.

മെയ് 25 മുതൽ മാന്നാർ ഉൾക്കടലിൽ ശക്തമായ ഒരു ചുഴലിക്കാറ്റ് കണ്ടെത്തിയിരുന്നു, ഇത് പൊങ്ങിക്കിടന്നിരുന്ന പ്ലാസ്റ്റിക് കണികകളും അപകടകരമായ രാസവസ്തുക്കളും ഉള്ള ഉപരിതല ജലത്തെ മാന്നാർ ഉൾക്കടൽ ഉൾകൊള്ളുന്ന ദേശീയ ജൈവമണ്ഡല റിസർവിലേക്ക് വലിച്ചെടുക്കും. പ്ലാസ്റ്റിക് കണികകളടങ്ങിയ കടൽവെള്ളം




*ചിത്രം: 2025 ജൂൺ 13-ന് അറബിക്കടലിൽ തെക്കോട്ട് ഒഴുകുന്ന ശക്തമായ ഉപരിതല പ്രവാഹങ്ങൾ. വലിയ ഇരുണ്ട പാടുകളായിക്കാണുന്നത് ലക്ഷദ്വീപ് ഐലന്റുകളാണ്. ഗൾഫ് മാന്നാറിലെ ഉപരിതല വളവ് ഒരു ചുഴലിക്കാറ്റിനെ പ്രതിനിധീകരിക്കുന്നു.*

ഇതിനകം നാഗർകോവിലിൽ വരെ എത്തിയിട്ടുണ്ടെന്നത് ഗുരുതരവും ആശ ങ്കാജനകവുമാണ്.

ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള മൺസൂൺ ചംക്രമണത്തിന്റെ ഒരു പൊതു സവിശേഷതയായ വടക്കോട്ട് വ്യാപിക്കുന്ന ചുഴലിക്കാറ്റുകൾ ഈ വർഷം ദുർബലമാണ്. അവ കടൽത്തീരത്ത്നിന്ന് വളരെ അകലെയാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ, വരും ദിവസങ്ങളിൽ ഈ ചുഴലിക്കാറ്റുകൾ ശക്തമാവുകയും ലക്ഷദ്വീപ് ഐലന്റുകളിലേക്ക് അടുക്കുകയും ചെയ്തില്ലെങ്കിൽ, പൊങ്ങിക്കിടക്കുന്ന പ്ലാസ്റ്റിക്കുകളും അപകടകരമായ രാസവസ്തുക്കളും ലക്ഷദ്വീപ് പവിഴപ്പുറ്റുകളിലേക്കു എത്താനുള്ള സാധ്യത വളരെ കുറവാണ്.

2025 ജൂൺ 5-ന് കൊല്ലം തീരത്ത് നിന്ന് ശേഖരിച്ച ജല സാമ്പിളുകളിൽ pH-ലോ ക്ഷാരത്വത്തിലോ അസാധാരണമായ വർദ്ധനവ് കാണിക്കുന്നില്ല, ഇത് സൂചിപ്പിക്കുന്നത് അപകടകരമായ രാസവസ്തുക്കൾ, ഈ വെള്ളത്തിൽ ഉണ്ടെങ്കിൽപോലും, കണ്ടെത്താവുന്ന നിലവാരത്തിന് താഴെയാണെന്നാണ്.

കൊല്ലത്തിന് പുറത്തുള്ള വെള്ളം പോഷകക്കുറവുള്ള വസന്തകാല ഇന്റർ-മൺസൂൺ സീസണിൽ (ഫെബ്രുവരി പകുതി മുതൽ മെയ് പകുതി വരെ) നിന്ന് ഉൽപ്പാദനക്ഷമമായ വേനൽക്കാല മൺസൂൺ സീസണിലേക്ക് (മെയ് പകുതി മുതൽ സെപ്റ്റംബർ വരെ) പരിവർത്തന ഘട്ടത്തിലാണ്. ഈ സമയത്ത് മത്സ്യം മുട്ടയിടുന്നു. കൊല്ലം തീരത്ത് നിന്ന് നടത്തിയ ശേഖരണങ്ങളിൽ ചാളമത്സ്യത്തിന്റെ മുട്ടകൾ പൂർണ്ണമായും ഇല്ലായിരുന്നു. എന്നിരുന്നാലും, ധാരാളം അയല മുട്ടകൾ (10 മീറ്റർ ആഴ സ്റ്റേഷനിൽ 332 മുട്ടകൾ/m2; 30 മീറ്റർ ആഴ സ്റ്റേഷനിൽ 800 മുട്ടകൾ/m2; 50 മീറ്റർ ആഴ സോണിൽ; 70 മുട്ടകൾ/m2) 50 മീറ്റർ ആഴ സ്റ്റേഷനിൽ പരിമിതപ്പെടുത്തിയിരിക്കുന്ന നെത്തോലി മുട്ടകളും (890 മുട്ടകൾ/m2) പഠനത്തിന്റെ ഭാഗമായുള്ള ശേഖരങ്ങളിൽ ലഭിച്ചു. ഇത് അയലയുടെയും നെത്തോലിയുടെയും സജീവമായ മുട്ടയിടൽ ആരംഭിച്ചതായി സൂചിപ്പിക്കുന്നു.

ഈ പഠനങ്ങളിൽ അസ്വാസ്ഥ്യകരമായ ഒരു നിരീക്ഷണമുണ്ട്, 10 മീറ്റർ സ്റ്റേഷനിലെ 70% അയലമുട്ടകളും 30 മീറ്റർ സ്റ്റേഷനിലെ 10% മുട്ടകളും ചുരുങ്ങി വികൃതമായിരുന്നു എന്നതാണ്. മുട്ടയിട്ടു 5 മുതൽ 6 ദിവസങ്ങൾക്കുള്ളിൽ അയല മുട്ടകൾ വിരിയുന്നതിനാൽ, ജൂൺ 5 ന് ശേഖരിച്ച മുട്ടകൾ ഈ സ്റ്റേഷനുകളിൽ നിന്ന് മെയ് 30/31 തീയതികളിൽ ഇട്ടതായിരിക്കാമെന്ന് അനുമാനിക്കാം.




**വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതോടെ കേരള തീരത്ത് കപ്പൽ ഗതാഗതം പലമടങ്ങ് വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ കാരണം സമുദ്ര സാഹചര്യങ്ങൾ കഠിനമാവുകയാണ്. മത്സ്യബന്ധനം സുരക്ഷിതമാക്കുന്നതിനുമുള്ള തന്ത്രപരമായ ആസൂത്രണവും പദ്ധതികളും എത്രയും വേഗം അവതരിപ്പിക്കേണ്ടതുണ്ട്.**

ഗുളിക രൂപത്തിലുള്ള പ്ലാസ്റ്റിക്കുകളും ദ്രുതകുമ്മായവും അടങ്ങിയ കണ്ടെയ്നറുകൾ മെയ് 25/26 തീയതികളിൽ കൊല്ലം/ചവറ തീരങ്ങളിൽ കുടുങ്ങിക്കിടക്കുകയായിരുന്നു. ഈ ദിവസങ്ങളിൽ ഈ തീരങ്ങളിൽ നിന്ന് വലിയ അളവിൽ പ്ലാസ്റ്റിക് നർഡിൽസ് നീക്കം ചെയ്തു. സാഹചര്യ തെളിവുകൾ സൂചിപ്പിക്കുന്നത് കൊല്ലം തീരങ്ങളിൽ (യഥാർത്ഥ സാമ്പിളിംഗിന് മുമ്പ് - 2025 ജൂൺ 5) ദ്രുത കുമ്മായത്തിന്റെ വലിയ അളവിലുള്ള സാന്നിധ്യ സാധ്യതയാണ്. അതുവഴി ഈ വെള്ളത്തിന്റെ ക്ഷാരത/പിഎച്ച് വർദ്ധിക്കുകയും അയലമുട്ടകളിൽ ഓസ്മോട്ടിക് അസന്തുലിതാവസ്ഥയും അവയുടെ തത്ഫലമായുണ്ടാകുന്ന ചുരുങ്ങലുകളും ഉണ്ടാകുകയും ചെയ്യുന്നു. എന്നിരുന്നാലും, 2025 ജൂൺ 5 ന് കൊല്ലത്തിന് പുറത്തുള്ള 10 മീറ്റർ, 30 മീറ്റർ സ്റ്റേഷനുകളിൽനിന്നു ശേഖരിച്ച വെള്ളത്തിൽ 6.35 മുതൽ 6.79 വരെ പിഎച്ച് ഉം 52 മുതൽ 88 പിപിഎം വരെ ക്ഷാരത്വവും കണ്ടെത്താനായി. അത് പിഎച്ച്, ക്ഷാരത്വം എന്നിവയ്ക്ക് യഥാക്രമം 7.5 മുതൽ 8.5 വരെയും 125 പിപിഎം വരെയുമുള്ള റഫറൻസ് മൂല്യങ്ങളിൽ താഴെയായിരുന്നു. ഇത് ഈ സ്റ്റേഷനുകളിൽ ഈ ദിവസങ്ങളിൽ ലഭ്യമായ ശുദ്ധജലത്തിന്റെ (നദിയിൽ നിന്നുള്ള ഒഴുക്ക്, സമുദ്ര മഴ) സാന്നിധ്യത്തെ സൂചിപ്പിക്കുന്നു. കൊല്ലം തീരത്ത് നിന്നുള്ള അയല മുട്ടകളിൽ കാണപ്പെടുന്ന വലിയ തോതിലുള്ള രൂപഭേദം അടുത്ത വർഷത്തെ മത്സ്യബന്ധനത്തിലേക്ക് അയലമത്സ്യത്തിന്റെ ലഭ്യതയെ ദോഷകരമായി ബാധിക്കും. ഇത് സ്ഥിരീകരിക്കുന്നതിന് ദീർഘകാല (കുറഞ്ഞത് 6 മാസം) നിരീക്ഷണങ്ങൾ ആവശ്യമാണ്.

എറണാകുളത്തിന്റെ തെക്ക് ഭാഗത്തുള്ള മത്സ്യലാൻഡിംഗ് ഡാറ്റ ഉപയോഗിച്ച്, കപ്പൽച്ചേതത്തിന് ശേഷമുള്ള മത്സ്യബന്ധനത്തിലെ മത്സ്യത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് മാധ്യമങ്ങൾ സൃഷ്ടിച്ച മാർക്കറ്റ് ഭീതി മൂലം മത്സ്യത്തൊഴിലാളികൾക്ക് 349 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു. കപ്പൽച്ചേതത്തിന് ചുറ്റുമുള്ള 20 നോട്ടിക്കൽ മൈൽ പ്രദേശത്ത് (മത്സ്യബന്ധന ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കാനും നഷ്ടപ്പെടാതിരിക്കാനും) മുൻകരുതൽ മത്സ്യബന്ധന നിരോധനം തുടരേണ്ടി വന്നേക്കാം (കുറഞ്ഞത് 6 മാസമെടുത്തേക്കാം). ഇത് ആലപ്പുഴ തീരത്ത് നിന്നുള്ള മത്സ്യബന്ധനത്തിൽ 50% കുറവുണ്ടാക്കിയേക്കാം, സാമ്പത്തികാടിസ്ഥാനത്തിൽ ഇത് ഏകദേശം 71 കോടി രൂപയാകും. ഈ കപ്പലപകടം മൂലം മത്സ്യബന്ധന മേഖലയ്ക്ക് ആകെ 420 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.

വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതോടെ കേരള തീരത്ത് കപ്പൽ ഗതാഗതം പലമടങ്ങ് വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ കാരണം സമുദ്ര സാഹചര്യങ്ങൾ കഠിനമാവുകയാണ്. ഇത് കേരള തീരത്ത് കപ്പൽ, മത്സ്യബന്ധന ബോട്ട് പ്രവർത്തനങ്ങൾ കൂടുതൽ വെല്ലുവിളി നിറഞ്ഞതാക്കുന്നു. കപ്പൽ ഓപ്പറേറ്റർമാരും മത്സ്യത്തൊഴിലാളികളും തമ്മിലുള്ള പരമ്പരാഗത സംഘർഷങ്ങൾ വരും വർഷങ്ങളിൽ വർദ്ധിക്കും. അത്തരം സംഘർഷങ്ങൾ കുറയ്ക്കുന്നതിനും ഷിപ്പിംഗ്/മത്സ്യബന്ധന ബോട്ട് പ്രവർത്തനങ്ങൾ സുരക്ഷിതമാക്കുന്നതിനുമുള്ള തന്ത്രപരമായ ആസൂത്രണവും പദ്ധതികളും എത്രയും വേഗം അവതരിപ്പിക്കേണ്ടതുണ്ട്.

●

# ആശങ്ക വേണ്ട മീൻ ധാരാളമായി കഴിക്കാം



ജോസ് ചിന്നത്തമ്പി, മത്സ്യവ്യാപാരി

ഇന്ന് പലരും മത്സ്യം കഴിക്കാൻ മടിക്കുന്നു. കേരള തീരത്ത് കപ്പൽ മുങ്ങി രാസവസ്തുക്കളടങ്ങിയ കണ്ടെയ്നറുകൾ ഒഴുകി കടൽ മലിനമായി. അതിനാൽ മത്സ്യത്തിൽ വിശാംഷം കലർന്നിരിക്കുന്നു. ഇതൊരു തെറ്റിദ്ധാരണയാണ്. നാം ചിന്തിക്കണം ഈ വിഷംകഴിച്ച് എവിടെയാണ് മത്സ്യങ്ങൾ ചത്തുപൊങ്ങിയത്. ഒരുദാഹരണം പറഞ്ഞാൽ കടൽ വെള്ളത്തിന് ഉപ്പിന്റെ രുചിയാണ് എന്നാൽ ഈ കടൽവെള്ളത്തിൽ ജീവിക്കുന്ന മത്സ്യങ്ങളുടെ മാംസത്തിന് എന്തുകൊണ്ടാണ് ഉപ്പിന്റെ അംശം ഇല്ലാത്തത് എന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ??

ഞാൻ മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന വ്യക്തിയാണ് ഞാനും എന്റെ കുടുംബവും എല്ലാദിവസവും മത്സ്യംകഴിക്കുന്നു. ഞങ്ങൾക്ക് ഇതുവരെ ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. മീൻ മലയാളികൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഭക്ഷ്യ വിഭവമാണ്. കേരളത്തിലെ ഭൂരിഭാഗം ജനങ്ങളും ദിവസവും മത്സ്യം ഭക്ഷിക്കുന്നവരാണ്. ഒരു ഭക്ഷണപദാർത്ഥം എന്നതിനപ്പുറം മനുഷ്യന്റെ ആരോഗ്യത്തെ സംരക്ഷിക്കുന്ന ഔഷധം കൂടിയാണ് മത്സ്യാഹാരം.

മത്സ്യക്കച്ചവടക്കാരുടെ ഏക വരുമാനത്തിന് വൻ ഇടിവ് സംഭവിച്ചിട്ടുണ്ട്. അനേകം ചെറുകിട മത്സ്യകച്ചവടക്കാരുടെ വരുമാനമാണ് ഇല്ലാതാക്കിയത്. ഞങ്ങൾക്ക് മത്സ്യം വേണ്ട എന്ന തീരുമാനത്തിൽ പലരും എത്തപ്പെട്ടിരിക്കുന്നു. വിലകുറച്ച് കിട്ടിയാൽ വാങ്ങാൻ ഇപ്പോഴും ആളുകൾ തയ്യാറാണ്. കടപ്പുറത്തുനിന്ന് വൻതുക മുടക്കി വാങ്ങുന്ന മത്സ്യം വളരെ വിലകുറച്ച് വിൽക്കേണ്ട അവസ്ഥയാണ് ഇപ്പോൾ കച്ചവടക്കാർക്ക്. അപകടകാരിയായ രാസവസ്തുക്കൾ മത്സ്യങ്ങളിലടങ്ങിയിരിക്കുന്നു എന്ന തെറ്റിദ്ധാരണയിലാണ് ആളുകൾ മീൻവാങ്ങാൻ മടിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ തീരങ്ങളിൽ പ്ലാസ്റ്റിക് പദാർത്ഥങ്ങളുടെ അവശിഷ്ടങ്ങളാണ് കൂടുതലായി വന്നടിഞ്ഞിട്ടുള്ളത്. ഹോട്ടലുകളിൽ മീനിന്റെ ഉപയോഗവും കുറഞ്ഞിട്ടുണ്ട് മീനിൽ വിഷാംശം ഉള്ളതായി മറ്റുള്ളവർ ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നു. ഇപ്പോൾ പല ഹോട്ടലുകളിലും, കാൻറീനുകളിലും കച്ചവടം സ്തംഭിച്ചിരിക്കുന്നു.

മുങ്ങിയ കപ്പലിലെ കണ്ടെയ്നറുകളിലെ വസ്തുക്കളുടെ പട്ടിക സർക്കാർ പുറത്തുവിട്ടിരുന്നു. മീൻ കഴിക്കാം ഒരുകുഴപ്പവുമില്ല എന്ന് ശാസ്ത്രജ്ഞർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യം മാറുമെന്ന പ്രതീക്ഷയിലാണ് മത്സ്യക്കച്ചവടക്കാർ. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുകിട മത്സ്യക്കച്ചവടക്കാർ രാവിലെ ഒരു ചരുവത്തിൽ മീനും വാങ്ങി തലയിൽ ചുമന്ന് നമ്മുടെ വീടിന്റെ മുൻപിൽ വരുമ്പോൾ അവരെ തിരസ്കരിച്ച് പറഞ്ഞുവിടുന്ന കാഴ്ച എത്ര ദുഖകരമാണ്. പല കച്ചവടക്കാരും കച്ചവടം നിർത്തി വീട്ടിലിരിക്കുന്ന അവസ്ഥയാണ്. കാലവർഷത്തെത്തുടർന്ന് കടൽക്ഷോഭം കാരണം മത്സ്യബന്ധനം നടത്താനാകാത്ത അവസ്ഥയുമുണ്ട്. മത്സ്യബന്ധനത്തിന് പോയികൊണ്ടുവരുന്ന മത്സ്യത്തിന് ഇപ്പോൾ ഡിമാൻഡ് തീരെ കുറവ്. മത്സ്യം വാങ്ങാൻ ആളുകൾ കുറഞ്ഞതോടെ മത്സ്യത്തൊഴിലാളികളും കച്ചവടക്കാരും ഇന്ന് പരിഭ്രാന്തിയിലാണ്. വിലയുടെ അടിസ്ഥാനത്തിൽ അല്ല മീനിന്റെ ഗുണങ്ങൾ നിശ്ചയിക്കുന്നത്. നമ്മുടെ നാട്ടിൽ ധാരാളമായി കിട്ടുന്ന മത്തിയാണ് ഏറ്റവും ഗുണമുള്ള മീനായി കണക്കാക്കപ്പെടുന്നത്. മത്സ്യങ്ങളിൽ കൊഴുപ്പ് നിറഞ്ഞ മത്സ്യങ്ങളാണ് ഏറ്റവും ആരോഗ്യപ്രദമായത്. എല്ലാ മത്സ്യങ്ങളും ധാരാളമായി കഴിക്കാം. ചെറുമീനുകളായ നെത്തോലി, മത്തി, അയല, കൊഴിയാള, നവര, പരവ, കണവ, കൊഞ്ച് മുതലായവയും നെയ്മീൻ, ചൂര, ആവോലി, പാര, ചീലാവ് എന്നുവേണ്ട എല്ലാ മത്സ്യങ്ങളും മനുഷ്യന് ധാരാളമായി ധൈര്യമായും കഴിക്കാവുന്നതാണ്. മത്സ്യം പാചകംചെയ്യാതെയും മനുഷ്യൻ ഭക്ഷിച്ചിട്ടുള്ള കാലത്തും മനുഷ്യർക്ക് ഒന്നും സംഭവിച്ചിട്ടില്ല. എന്തെല്ലാം വസ്തുക്കളാണ് കടലിൽ തള്ളുന്നതെന്ന് നമുക്കാർക്കും അറിയില്ല. സുനാമിമൂലം എത്ര മനുഷ്യരാണ് കടലിൽ കാണാതായത്. അപ്പോഴും ചിലരെങ്കിലും മത്സ്യം കഴിക്കരുത് അപകടമാണെന്ന് പറയുകയുണ്ടായി. സുലഭമായ മത്സ്യം യാതൊരു സങ്കോചവുംകൂടാതെ ഉപയോഗിക്കാം. എല്ലാവർക്കും ധൈര്യമായി എല്ലാ മത്സ്യങ്ങളും കഴിക്കാം. മത്സ്യത്തൊഴിലാളികളും വ്യാപാരികളും ധൈര്യപൂർവ്വം മത്സ്യം കഴിക്കുന്നവരാണ്. യാതൊരുവിധ ബുദ്ധിമുട്ടും അവർക്ക് ഇതുവരെയുമുണ്ടായില്ല, എല്ലാവർക്കും ധാരാളമായി മത്സ്യം കഴിക്കാം. ആരോഗ്യം നിലനിർത്താം. കടലിൽ മത്സ്യം ചാകാത്തിടത്തോളം കാലം സുഭിക്ഷമായി മത്സ്യം ഭക്ഷിക്കാം.

ദൈവസൃഷ്ടിയുടെ ജീവനുള്ള വസ്തുവായ മത്സ്യം മനുഷ്യന്റെ നിലനിൽപിനും വളർച്ചക്കുംവേണ്ടി നൽകപ്പെട്ടിട്ടുള്ളതാണ്.

●



# അമ്മബുദ്ധൻ



കോൺസ്റ്റന്റൈൻ. വൈ

അമ്മ : മകനേ അച്ഛൻ  എവിടെ എന്നു നീ ചോദിച്ചില്ലേ?
അതാ വരുന്നു നിന്റച്ഛൻ.

മകൻ : അതൊരാൾക്കൂട്ടമാണല്ലോ!
അതിലേതാണെന്റെയച്ഛൻ?

അമ്മ : ആ ആൾക്കൂട്ടത്തിനു മുന്നിൽ
ഒരഭൗമ തേജസിൽ ലയിച്ച് കയ്യിലൊരു പിച്ചപ്പാളയുമായി
തെണ്ടിത്തെണ്ടി വരുന്നതാണു മകനേ നിന്റെയച്ഛൻ.

മകൻ : അച്ഛൻ ഇങ്ങോട്ടല്ലീ വരുന്നു...
ഉണ്ണിയെയും അമ്മയെയും കാണാൻ തിരക്കിട്ടല്ലീ വരുന്നു...


അമ്മ : മകനേ
നമ്മളീ പഴന്തറയിൽനിന്നു നോക്കുമ്പോൾ
അതു നിനക്ക് അച്ഛനാകാം
എന്നാൽ
അച്ഛനേതോ കൊടിയ ബോധത്തിൻ വെളിച്ചമടിച്ചപ്പോൾ
നമ്മൾ ആരുമല്ലെന്നു കണ്ടതാം.

മകൻ : വായടയ്ക്കമ്മേ
അച്ഛൻ ഇങ്ങോട്ടത്രേ വരുന്നത്.
അച്ഛന്റെയാ പഴംസഞ്ചിയിൽ
ഉണ്ണിക്കു മധുരമുണ്ടാകും
കളിക്കോപ്പുമുണ്ടാകും
വാരിയെടുത്തച്ഛനുമ്മ തരും.

അമ്മ : അരുതാത്തത് ഒന്നും ആശിക്കരുത് മകനേ!
ആശിപ്പതാണ് എല്ലാ ദുഃഖത്തിനും കാരണം എന്നത്രെ പഠിപ്പിക്കുന്നതച്ഛൻ.

മകൻ : എങ്കിൽ അച്ഛൻ ഇവിടെ വരുന്നേരം ഉണ്ണീ എന്തേ ചെയ്യേണ്ടു...
എന്തേ പറയേണ്ടു...

അമ്മ : അച്ചൻ ഇവിടെയും വന്നു തെണ്ടാൻ നമുക്കു പുണ്യമുണ്ടെങ്കിൽ
അച്ഛനാണെങ്കിലും ബുദ്ധനാണെന്നും,
ബുദ്ധനാണെങ്കിലും അച്ഛനാണെന്നും
മറക്കരുതുണ്ണി നീ...



# കാലം കാത്തുവച്ച നിധികൾ

ജിഷ പൊന്നപ്പൻ



**ജൂലൈ 27: വയോജനങ്ങളുടെയും മുത്തശ്ശി മുത്തശന്മാരുടെയും ദിനം**

**പ്രിയപ്പെട്ടവരുടെ മരണമോ, പ്രവാസ ജീവിതം തിരഞ്ഞെടുക്കുന്ന മക്കളോ ഉള്ളവരാൽ ഉപേക്ഷിക്കപ്പെടുന്ന അശരണരായ വയോജനങ്ങൾക്ക് താങ്ങും തണലുമാകേണ്ട ഉത്തരവാദിത്വം സഭയ്ക്കും, സമൂഹത്തിനും, സർക്കാരിനുമുണ്ട്.**



നരച്ച മുടി മഹത്വത്തിന്റെ കിരീടമാണ്, സുകൃത പൂർണ്ണമായ ജീവിതംകൊണ്ടാണ് അത് കൈവരുന്നത് (സുഭാ:16:31) എന്ന് സുഭാഷിതങ്ങളുടെ പുസ്തകത്തിൽ പറയുന്നുണ്ടെങ്കിലും ഇന്ന് ഭൂരിഭാഗം ആളുകളും നരച്ചമുടി കറുപ്പിക്കാനുള്ള നെട്ടോട്ടത്തിലാണ്. വാർദ്ധക്യം എന്നത് കാലം കാത്തുവെച്ച 'നിധി'ക്കുപകരം കാലം കാത്തുവെച്ച 'വിധി'യായിട്ടാണ് പലരും കാണുന്നത്. പണ്ട് കുടുംബത്തിലെ നായകന്മാരായ വൃദ്ധർ ഇന്ന്

ഏതെങ്കിലും മൂലയ്ക്കിരുന്ന് പിറുപിറുക്കുന്നു. ഒറ്റപ്പെടലിന്റെയും അവഗണനയുടെയും പീഡനത്തിന്റെയും കഥകൾ ആ പിറുപിറുക്കലിലുണ്ടെങ്കിലും ആരും അത് കേൾക്കാൻ തയ്യാറല്ല എന്ന വസ്തുതയാണ് വാർദ്ധക്യത്തെ ഭീതിജനകമാക്കുന്നത്. പ്രൊജക്റ്റ് ബ്ലൂപ്രിൻറ് സി.ഇ.ഒ ബ്രയാൻ ജോൺസന്റെ മനസ്സിലും ഇത്തരം ചിന്തകൾ കടന്നുപോയതുകൊണ്ടായിരിക്കും വീണ്ടും 18 കാരൻ ആകാൻ വേണ്ടിയുള്ള ചികിത്സയ്ക്കായി അദ്ദേഹം കോടികൾ ചിലവാക്കുന്നത്.

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 12.6% വൃദ്ധരാണ്. കൂടാതെ 2050 ആകുമ്പോഴേക്കും കേരള ജനസംഖ്യയുടെ 20-25% ആളുകളും വൃദ്ധരാകുമെന്നാണ് പഠനങ്ങൾ പറയുന്നത്. കണക്കുകളനുസരിച്ച് നോക്കിയാൽ ഭാവിയിൽ കേരളത്തിലെ ജനസംഖ്യയുടെ അവിഭാജ്യഘടകമായി മാറുന്ന വയോധികരെ പരിരക്ഷിക്കേണ്ട നയങ്ങൾ ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനുവേണ്ട നടപടികൾ ഏറ്റെടുക്കുന്നതിനുമുമ്പ് അവർ കടന്നുപോകുന്ന അവസ്ഥ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. വൃദ്ധർ നേരിടുന്ന വെല്ലുവിളികൾ ചുവടെ ചേർക്കുന്നു :

> ദൈനംദിന ജീവിതത്തിലെ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ശക്തിക്കുറവ്.

> ആരോഗ്യപ്രശ്നങ്ങൾ

> അൽഷിമേഴ്സ്, ഡിമെൻഷ്യ, ഡിപ്രഷൻ പോലുള്ള മാനസിക രോഗങ്ങൾ

> പ്രിയപ്പെട്ടവരുടെ നഷ്ടംമൂലമുണ്ടാകുന്ന ഒറ്റപ്പെടൽ

> മക്കളുടെയും ഉറ്റവരുടെയും അവഗണന

> സാമ്പത്തികമായി മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന മാനസിക സമ്മർദ്ദം.

പ്രായമാകുമ്പോഴുണ്ടാകുന്ന തലച്ചോറിലെ ഘടനയുടെ വ്യത്യാസവും, ശാരീരിക ബുദ്ധിമുട്ടുകളും, ചലനക്കുറവും, കേൾവിക്കുറവുമൂലം ദേഷ്യവും നിരാശയും സങ്കടവും നിയന്ത്രിക്കാൻ കഴിയാതെ വരും. തന്നെയാരും പരിഗണിക്കുന്നില്ല എന്ന തോന്നലുള്ള വൃദ്ധരും, ചെറിയ കാര്യത്തിനുപോലും എന്തിനാ ഇവർക്ക് ഇത്ര ദേഷ്യം എന്ന് ചിന്തിക്കുന്ന മക്കളുമടങ്ങുന്ന വീടിനുള്ളിൽ ചെറിയ പ്രശ്നങ്ങൾപോലും വലിയ ബഹളമായി തീരും. ഇത്തരം സന്ദർഭങ്ങളിൽ വൃദ്ധരെ വൃദ്ധസദനങ്ങളിലേക്കോ




തെരുവീഥികളിലേക്കോ ഉപേക്ഷിക്കപ്പെടുന്ന സാഹചര്യമാണ് നാം കാണുന്നത്. പ്രിയപ്പെട്ടവരുടെ മരണമോ, പ്രവാസ ജീവിതം തിരഞ്ഞെടുക്കുന്ന മക്കളോ ഉള്ളവരാൽ ഉപേക്ഷിക്കപ്പെടുന്ന അശരണരായ വയോജനങ്ങൾക്ക് താങ്ങും തണലുമാകേണ്ട ഉത്തരവാദിത്വം സഭയ്ക്കും, സമൂഹത്തിനും, സർക്കാരിനുമുണ്ട്.

## സമൂഹത്തിലൂടെ. . .

1.അത്യാവശ്യ സേവനങ്ങൾ നൽകിക്കൊണ്ടും, സൗഹൃദം പങ്കുവച്ചുകൊണ്ടും വയോജനങ്ങളെ സഹായിക്കുന്നതിൽ പൊതുജനങ്ങൾക്ക് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയും.

2.ഹെൽപ്പ് ഏജ് ഇന്ത്യ, ഏഞ്ചൽ ഫൗണ്ടേഷൻ, ജിഗ്നിറ്റി ഫൗണ്ടേഷൻ എന്നീ സംഘടനകൾവഴി വൃദ്ധർക്ക ആവശ്യമായ ആതുരസേവനങ്ങളും, സബ്സിഡിയുള്ള ചികിത്സയും, സാമ്പത്തിക സഹായങ്ങളും ലഭ്യമാകുന്നതാണ്.

3.വാർദ്ധക്യം എന്നത് രണ്ടാം ബാല്യകാലമാണെന്നുള്ള അവബോധ പരിപാടികളും, വൃദ്ധരോട് സഹിഷ്ണതയോടുകൂടി പെരുമാറേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.

4.അടിസ്ഥാന സാങ്കേതിക വിജ്ഞാനം അറിഞ്ഞിരിക്കേണ്ടതിന്റെ ഭാഗമായി മൊബൈൽ ഫോണിന്റെ അടിസ്ഥാന ഉപയോഗങ്ങൾ വൃദ്ധരെ പഠിപ്പിക്കുക.

5.വയോധികരെ സംരക്ഷിക്കുന്ന നിയമങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും ബോധവാന്മാരാക്കുക.

6.വാർദ്ധക്യകാല ആരോഗ്യം പരിരക്ഷിക്കുന്നതിന്റെ ഭാഗമായി ജിം പാർക്കുകളും മറ്റ് സൗകര്യങ്ങളും ഉപയോഗിക്കാൻ വൃദ്ധരെ പ്രോത്സാഹിപ്പിക്കുക.

## സഭയിലൂടെ. . .

1.ഇടവകയിലെ വൃദ്ധരെ സന്ദർശിക്കുകവഴി ഏകാന്തതയും ഒറ്റപ്പെടലും ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും.

2.ഇടവകയിലെ ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വയോജനങ്ങൾക്ക് വീട്ടുജോലികൾ ചെയ്തു സഹായിക്കുക, മരുന്നുകൾ ലഭ്യമാക്കുക, ആവശ്യസാധനങ്ങൾ വീട്ടിലെത്തിക്കുക, ഇടയ്ക്കുള്ള ആശുപത്രി സന്ദർശനത്തിന് കൂടെ ചെല്ലുക.

3.പ്രായമായവരോടൊപ്പം സമയം ചിലവഴിക്കുകയും അവരെ കേൾക്കുകയും ചെയ്യുക വഴി, അവരുടെ മാനസിക സമ്മർദ്ദത്തെ നിയന്ത്രിക്കാൻ കഴിയും.

4.സാമ്പത്തികമായി ബുദ്ധിമുട്ടുന്ന വയോജനങ്ങൾക്ക് ഇടവക ജനങ്ങളിലൂടെ സഹായം എത്തിച്ചുകൊടുക്കുക. ഇത്തരം സാമ്പത്തിക സഹായങ്ങൾ പരസ്യമാക്കാതെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നത് നല്ലതാണ്.

5.വയോധികർക്കായി ഒരു സംഘടന രൂപീകരിക്കുക.

6.ഓൺലൈനായി സർക്കാർ

സേവനങ്ങൾ ലഭ്യമാകുന്നതിനെപ്പറ്റിയുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

## സർക്കാരിലൂടെ. . .

1.പെൻഷൻ പദ്ധതികൾ - വാർദ്ധക്യ പെൻഷൻ, വിധവ പെൻഷൻ എന്നീ പെൻഷൻ പദ്ധതികൾവഴി വൃദ്ധരുടെ സാമ്പത്തിക ബുദ്ധിമുട്ട് ഒരു പരിധി വരെ കൈകാര്യം ചെയ്യാൻ കഴിയും.

2.ഇൻറഗ്രേറ്റഡ് പ്രോഗ്രാം ഫോർ ഓൾഡർ പീപ്പിൾ (ഐ.പി.ഒ.പി). ഭക്ഷണം, വൈദ്യസഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വയോധികർക്ക് നൽകിക്കൊണ്ട് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതി.

3.ടോൾ ഫ്രീ ഹെൽപ്പ്ലൈൻ (14567) നമ്പറിലൂടെ വൃദ്ധർക്കും അവരുടെ പരിചാരകർക്കും ആവശ്യവിവരങ്ങളും, നിർദ്ദേശങ്ങളും വൈകാരിക പിന്തുണയും പ്രദാനം ചെയ്യുന്നു.

4.എൽഡർ ലൈൻ എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ വാർദ്ധക്യത്തെ സംബന്ധിച്ചുള്ള വിഷയങ്ങളെപ്പറ്റി വിവരങ്ങൾ ലഭിക്കുന്നു.

5.നിയമപരമായ സംരക്ഷണം - വൃദ്ധരുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന മുതിർന്ന പൗരന്മാരുടെ കമ്മീഷൻ നിയമം (2025), കേരള മാതാപിതാക്കന്മാരുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമങ്ങൾ (2009) എന്നീ നിയമങ്ങളും പേഹോമുകൾ, വൃദ്ധസദനങ്ങൾ തുടങ്ങിയ സേവനങ്ങളും സർക്കാർ വയോധികർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ഒരു സമൂഹമായി സഭയിലൂടെ സർക്കാരിലൂടെ നിരവധി കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമെങ്കിലും, വ്യക്തിതലത്തിലും ചില മാറ്റങ്ങൾ കൊണ്ടുവരേണ്ടത് അനിവാര്യമാണ്. പ്രായമായവരുടെ വാക്കുകൾ അനുകമ്പയോടു കേട്ടിരിക്കാനും അവരോട് സഹാനുഭൂതിയോടുകൂടെ പെരുമാറാനും നാമോരോരുത്തർക്കു കഴിയണം. മറ്റുള്ളവന്റെ വീട്ടിലേക്ക് എത്തിനോക്കുന്നതിനുമുമ്പ് സ്വന്തം വീട്ടിലെ അപ്പനെയും അമ്മയെയും കേൾക്കാൻ മക്കൾ തയ്യാറാകണം. ഇന്നത്തെ യൗവ്വനം നാളെത്തെ വാർദ്ധക്യമാണെന്ന വസ്തുത തിരിച്ചറിഞ്ഞുകൊണ്ട് വരുംതലമുറയ്ക്ക് നരച്ചമുടിയുടെ വിജ്ഞാനം പകർന്നുകൊണ്ട് നമുക്ക് മുന്നേറാം.

●












▶കാനോൻ നിയമം

# വിവാഹം അസാധുവാക്കുന്ന തടസ്സങ്ങൾ

ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ



നിയമപരമായ വിവാഹാഘോഷത്തിനുവേണ്ട മൂന്നു പ്രധാനപ്പെട്ട കാര്യങ്ങളിൽ ആദ്യത്തേത് വിവാഹം ചെയ്യേണ്ട വ്യക്തിക്ക് നിയമപരമായ യോഗ്യത ഉണ്ടായിരിക്കണം; അയാൾക്ക് നിയമപരമായ തടസ്സം ഉണ്ടായിരിക്കരുത്. വിവാഹതടസ്സങ്ങൾ പ്രധാനമായും രണ്ടുതരത്തിൽപ്പെട്ടവയാണ്:

**I. വ്യക്തികൾക്കുള്ള തടസ്സം.**

**II. വ്യക്തികളുടെ പ്രവൃത്തികളെ അസാധുവാക്കുന്ന തടസ്സം.**

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1083 - 1094 കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 1625 എന്നിവ പ്രകാരം, വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതിൽനിന്നും ഒരാളെ നിയമപരമായി തടസ്സപ്പെടുത്തുന്നത് രണ്ടുതരത്തിൽപ്പെട്ട കാര്യങ്ങളാണ്:

**1. പ്രകൃതി നിയമത്തിന്റെ തടസ്സങ്ങൾ:**


വിവാഹത്തെ അസാധുവാക്കുന്ന പ്രകൃതി നിയമ തടസ്സങ്ങൾ പ്രധാനമായും മൂന്ന് മേഖലകളിലാണ്:

i) ലൈംഗികശേഷിയില്ലായ്മ: പുരുഷന്റെയോ സ്ത്രീയുടെയോ ഭാഗത്തുള്ള കേവലമോ (absolute) ആപേക്ഷികമോ (relative) ആയ വിവാഹത്തിനു മുൻപുള്ളതും ശാശ്വതവുമായ ലൈംഗികസംയോഗ ശേഷിയില്ലായ്മ. അതേസമയം, വന്ധ്യത (sterility) വിവാഹത്തെ അസാധുവാക്കുന്നില്ല (CIC 1084).

ii) നിയമപരമായി തുടരുന്ന മുൻവിവാഹം - മുൻവിവാഹത്തിന്റെ അസാധുതയോ വേർപെടുത്തലോ നിയമപരമായും നിശ്ചിതമായും സ്ഥാപിക്കപ്പെടുന്നതിനുമുമ്പ്, മറ്റൊരു വിവാഹം അനുവദനീയമല്ല (CIC 1085).

iii) രക്തബന്ധത്തിൽ ഉള്ളവർ തമ്മിലുള്ള വിവാഹം - രണ്ടുതരത്തിലുള്ള രക്തബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹം പ്രകൃതി നിയമ തടസ്സത്തിന്റെ ഗണത്തിലാണ്.

a)തായ്വരമ്പരയിലുള്ള രക്തബന്ധത്തിലുള്ളവർ തമ്മിലുള്ള വിവാഹം- തായ്വരമ്പരയിലുള്ള രക്തബന്ധംമൂലം നിയമപരമായോ സ്വാഭാവികമായോ ആയ എല്ലാ മുൻഗാമികളും പിൻഗാമികളും തമ്മിലുള്ള വിവാഹം (CIC 1091-1). ഉദാ. അപ്പനും മകളും തമ്മിലുള്ള വിവാഹം;



b)ശാഖാപരമ്പരയിൽ രണ്ടാം കരിന്തലയിലെ രക്തബന്ധത്തിൽ (Consangnity in collateral line in 2nd degree) ഉള്ളവർ തമ്മിലുള്ള വിവാഹതടസ്സം (CIC 1078-3). ഉദാ. സഹോദരനും സഹോദരിയും തമ്മിലുള്ള വിവാഹം.

പ്രകൃതിനിയമത്തിന്റെ പരിധിയിൽ വരുന്ന തടസ്സങ്ങൾക്ക് യാതൊരു കാരണവശാലും ഇളവ് ലഭിക്കുന്നതല്ല.

**2. സഭാനിയമത്തിന്റെ തടസ്സങ്ങൾ:**

സഭാനിയമ തടസ്സങ്ങളോടെ ആഘോഷിക്കുന്ന വിവാഹങ്ങൾ അസാധുവായിരിക്കും. അതേസമയം, പല സഭാനിയമതടസ്സങ്ങളിൽ നിന്നും വ്യക്തിപരമായി ഇളവു നല്കാൻ സഭാനിയമം CIC 1078-1 പ്രാദേശിക സഭാധികാരിക്ക് അധികാരം നല്കുന്നു. ചില സഭാനിയമ തടസ്സങ്ങളിൽനിന്നും ഇളവ് നല്കാനുള്ള അധികാരം അപ്പസ്തോലിക സിംഹാസനത്തിന് സംവരണം ചെയ്തിരിക്കുന്നു.

**അപ്പസ്തോലിക സിംഹാസനത്തിന്റെ ഇളവിനായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന സഭാനിയമ വിവാഹതടസ്സങ്ങൾ:**

a) തിരുപ്പട്ടങ്ങളിൽനിന്നും പൊന്തിഫിക്കൽ പദവിയിലുള്ള സന്യാസ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന പരസ്യമായ നിത്യബ്രഹ്മചര്യവ്രതത്തിൽനിന്നും ഉണ്ടാകുന്ന വിവാഹതടസ്സം (CIC 1078-2,1;1087,1088).

b) ഒരു നിശ്ചിത വ്യക്തിയുമായി വിവാഹം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ആ വ്യക്തിയുടെയോ തന്റെതന്നെ ജീവിതപങ്കാളിയുടെയോ മരണത്തിനിടയാക്കുന്നതുമൂലമുള്ള വിവാഹതടസ്സം (CIC 1090-1;1078- 2, 2).

c) ശാരീരികമോ ധാർമ്മികമോ ആയ പരസ്പര സഹകരണത്തോടെ വിവാഹപങ്കാളിയുടെ മരണത്തിനിടയാക്കിയവർ തമ്മിലുള്ള വിവാഹതടസ്സം (CIC 1090-2;1078- 2,2).

(തുടരും...)





# വൃദ്ധജന പരിപാലനം: ഒരു പുതിയ കേരള മോഡൽ

വിൽഫ്രഡ് എ. പുല്ലുവിള

**വീടുകളിൽ ആരെങ്കിലും വാർദ്ധ്യക്യത്തിൽ സംരക്ഷിക്കപ്പെടുന്നുവെങ്കിൽ തന്നെ അവർ തനിച്ചാകുന്നു. മക്കളും, മരുമക്കളും, കുട്ടികളുമൊക്കെ വിദേശത്താകുമ്പോൾ 90 കാരനെ സംരക്ഷിക്കാൻ ബന്ധുവായ 75 കാരനായ വൃദ്ധൻ നിയോഗിക്കപ്പെടുന്ന ഗതികേടിലാണ്.**



ഇന്ത്യയുടെ ജനസംഖ്യാകണക്കനുസരിച്ച് യുവാക്കളുടെ സംഖ്യ ഏതാണ്ട് പകുതിയോളം ഉള്ളതായി സൂചിപ്പിക്കുന്നു. എന്നാൽ കേരളത്തിന്റെ സ്ഥിതി ഭിന്നമാണ്. 65 വയസ്സിനു മുകളിൽ ഉള്ളവർ 20 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. ഇപ്പോഴത്തെ കണക്കനുസരിച്ച് കേരളത്തിലെ ജനസംഖ്യ ഏകദേശം മൂന്നേമുക്കാൽ കോടിയോളമാണ്. ഇതിൽ 5ൽ ഒന്ന് വൃദ്ധജനങ്ങൾ എന്ന് കേൾക്കുമ്പോൾ നമുക്കൊരു അമ്പരപ്പ് ഉണ്ടാവാൻ സാധ്യതയുണ്ട്. ഇത് വലിയൊരു സാമൂഹിക, ആരോഗ്യ പ്രതിസന്ധി സൃഷ്ടിക്കും എന്നതിൽ തർക്കം വേണ്ട.

വൈദ്യശാസത്രത്തിന്റെ അഭൂതപൂർവ്വമായ കുതിച്ചുചാട്ടം ആരോഗ്യ പരിപാലനത്തിൽ ഊന്നൽ നൽകിയപ്പോൾ ആയുർ ദൈർഘ്യംവർദ്ധിച്ചു. അതിന്റെ ഫലമായി വയോജനങ്ങളുടെ വർദ്ധനവും മുമ്പെങ്ങും ഉണ്ടായിരുന്നതിൽനിന്നും വർദ്ധിച്ചു. നമ്മുടെ രാജ്യത്ത് മാത്രമല്ല വികസിത രാജ്യങ്ങളായ ജപ്പാൻ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവയുടെ



അവസ്ഥയും ഇതു തന്നെ . ഇറ്റലിയിൽ ജനസംഖ്യയുടെ പകുതിയിലേറെ വൃദ്ധജനങ്ങളാണ്. ഈ വർദ്ധനവ് അവിടെ സാമൂഹ്യ സംഘർഷത്തിന് വഴി തെളിയിച്ചിട്ടുണ്ട്. അവരെ പോറ്റാൻ ഇറ്റലി വല്ലാതെ പാടുപെടുന്നു. ചെറുപ്പക്കാരുടെ അദ്ധ്വാനത്തിന്റെ നല്ലൊരു ശതമാനം നികുതി വൃദ്ധരെ പോറ്റാൻ ഉപയോഗിക്കുന്നതുകൊണ്ട് ചെറുപ്പക്കാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ സർക്കാരിന് സാധിക്കാതെ വരുന്നു. അത് പലതരത്തിലുള്ള സംഘർഷങ്ങൾക്ക് വഴി തെളിയിക്കുന്നു.

അത്രത്തോളം ചെലവഴിക്കുന്നില്ലെങ്കിലും കേരളത്തിലും ഉണ്ട് നാന്നൂറോളം വൃദ്ധസദനങ്ങൾ. 2000 ത്തോളം പേരെ ഇവിടെ പാർപ്പിച്ച് സംരക്ഷിച്ചുപോരുന്നു. കേരള സാമൂഹിക ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ വൃദ്ധസദനങ്ങൾ കൂടാതെ സ്വകാര്യമേഖലയിൽ മത സംഘടനകൾ നടത്തുന്ന സാന്ത്വന കേന്ദ്രങ്ങളുടെ കണക്കൊന്നും വന്നിട്ടില്ല. കേരളത്തിൽ അങ്ങോളമിങ്ങോളം അവ വളരെയെറെ ഉണ്ട്.

ക്ഷേത്രനടകളിലും, റെയിൽവേ സ്റ്റേഷനുകളിലും, ബസ്സ്റ്റാന്റിലും ഉപേക്ഷിക്കപ്പെടുന്ന വൃദ്ധരുടെ എണ്ണം ഇക്കാലത്ത് ഏറി വരുന്നു. ഇതര സമുദായങ്ങളിൽപ്പെട്ടവർ ചിലർ 'നമുക്കൊരു യാത്ര പോകാം തീർത്ഥാടനത്തി'നെന്നും പറഞ്ഞ് വീട്ടിലുള്ള വൃദ്ധരെ കൂട്ടിക്കൊണ്ടുപോയി വിദൂരങ്ങളിൽപോകേണ്ട ടിക്കറ്റ് എടുത്ത് കയറ്റി അയക്കുന്നു. ദോഷം പറയരുതല്ലോ, ഇടയ്ക്ക് ആഗ്രഹമുള്ളത് വാങ്ങികഴിക്കാൻ കുറെ പൈസ അവരെ ഏൽപ്പിക്കുന്നു. അച്ഛൻ അല്ലെങ്കിൽ അമ്മ അല്ലെങ്കിൽ അമ്മായി അച്ഛൻ, അമ്മായിഅമ്മ എപ്പോഴുമെന്നോട് ചോദിക്കാറുണ്ടല്ലോ എന്നൊരു സ്നേഹവാക്കും. ട്രെയിൻ പോകാനുള്ള സൈറൺ മുഴങ്ങുമ്പോൾ കൂടെ ഇവരെ കൊണ്ടുവന്നവർ ചാടി ഇറങ്ങും. പാവം ഹതഭാഗ്യരായ വൃദ്ധജനം എവിടെ ചെന്ന് എത്തണമെന്നറിയാതെ യാത്ര തുടരുന്നു. ചിലപ്പോൾ ട്രെയിൻ എത്തുന്നിടം വരെ, ഒരുകാലത്ത് മക്കളുടെ അഭിലാഷങ്ങൾ പൂർത്തികരിച്ചവരോട് കപാലികന്മാരായ ചില സന്താനങ്ങൾ കാണിക്കുന്ന നിഷ്ഠൂരത. വിദൂരങ്ങളിൽ ബസ്സ്റ്റാൻഡിൽ ഇറക്കിവിട്ട് മറഞ്ഞുകളയുന്ന വിരുതന്മാരും കുറവല്ല. അജ്ഞാതനായ ഒരു രോഗി ആശുപത്രിയിൽ അല്ലെങ്കിൽ വഴിയോരത്ത് മരിച്ചുകിടക്കുന്ന വാർത്തയും വിരൂപമായ ചിത്രവും ഇടയ്ക്കിടെ പത്രങ്ങളിൽ വരുന്ന വാർത്ത സാധാരണമായിട്ടുണ്ട്.

വീടുകളിൽ ആരെങ്കിലും വാർദ്ധ്യക്യത്തിൽ സംരക്ഷിക്കപ്പെടുന്നുവെങ്കിൽതന്നെ അവർ തനിച്ചാകുന്നു. മക്കളും, മരുമക്കളും, കുട്ടികളുമൊക്കെ വിദേശത്താകുമ്പോൾ 90 കാരനെ സംരക്ഷിക്കാൻ ബന്ധുവായ 75 കാരനായ വൃദ്ധൻ നിയോഗിക്കപ്പെടുന്ന ഗതികേടിലാണ്. ഈ 75 കാരന് വേതനം കിട്ടുന്നുണ്ടാകും. കേരളത്തിൽ പ്രായം ചെന്ന ഒന്നരലക്ഷത്തോളം തനിച്ച് കഴിഞ്ഞുകൂടുന്നതായി ഒരു സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ബന്ധുക്കളാൽ സംരക്ഷിക്കപ്പെടുന്നു എന്നു പറയുന്നവർക്കു പോലും ജീവിതം തിരസ്കരിക്കപ്പെട്ട അവസ്ഥയിലാണ്. മനസ്സാക്ഷിയുള്ള ഏതൊരു വ്യക്തിയുടെയും കരളലയിപ്പിക്കുന്ന ഒരു വാർത്തകൂടി ഇത്തരുണത്തിൽ ഓർക്കുന്നത് നന്നായിരിക്കും,. ആയിരത്തിൽപരം ആത്മഹത്യ ചെയ്യുവരുടെ കണക്ക് എടുത്തപ്പോൾ അതിൽ 35 ശതമാനം വൃദ്ധരായിരുന്നു. ഏവരാലും ഉപേക്ഷിക്കപ്പെട്ട ഞാൻ ഇനി എന്തിന് ജീവിക്കണമെന്ന് തിരിച്ചറിവും ഉണ്ടായ ഭാഗ്യഹീനരാണവർ.

രോഗാതുരരായി അതിദാരുണ അവസ്ഥയിൽ എത്തുന്ന ചില വയോജനങ്ങൾ പല പ്രദേശങ്ങളിൽനിന്നായി സാന്ത്വന ചികിത്സാ കേന്ദ്രങ്ങളിൽ(പാലിയേറ്റീവ് കെയർ സെന്റർ) എത്തിപ്പെടാറുണ്ട്. 'ഒക്കെ ഭേദമാകും ധൈര്യം കൈവിടരുത്' എന്നൊക്കെ പരിചരിക്കുന്ന ഡോക്ടർ പറയാറുണ്ട്. അത് പച്ചകള്ളമാണെന്ന് ചികിത്സിച്ച ഡോക്ടർക്കും രോഗിക്കും നല്ല ബോദ്ധ്യമുണ്ട്. പാലിയേറ്റീവ് കെയർ എന്നാൽ ഒരുതരത്തിൽ euthunasia എന്നതു തന്നെയാണ്. നല്ല മരണം എന്താണ്? മരണമുഹൂർത്തത്തിൽ സമാശ്വാസ വാക്കുകൾകൊണ്ട് ആസന്ന മരണരായവരുടെ ഹൃദയം നിറയ്ക്കേണ്ടതുണ്ട്. അതിന് പകരം വെന്റിലേറ്റർ യന്ത്രസഹായം ശുപാർശ ചെയ്യുന്ന ഡോക്ടർമാരുണ്ട്. അവരുടെ സ്ഥാപനത്തിന്റെ സാമ്പത്തിക നില ഭദ്രമാക്കുന്ന ഒരു രീതിയാണെന്ന് കരുതട്ടെ. ലക്ഷത്തിൽ ഒന്ന് ആയുസ്സിന്റെ ബലത്താൽ പുനർജീവൻ ലഭിച്ചെന്ന് വന്നേക്കാം. മരണത്തെ ഒരു സുഹൃത്തായി കാണുന്ന ഒരു ദാർശനിക ചിന്താഗതി സാമവേദത്തിലൂടെ ഭാരതത്തിൽ നിലനിൽക്കുന്നു. പാശ്ചാത്യരും ഇതേ ആശയം വേറൊരു തരത്തിൽ വെളിപ്പെടുത്തുന്നു. അമിക്കസ് മോർട്ടീസ്. അമിക്കസ് എന്നാൽ സുഹൃത്ത്. മോർട്ടീസ് എന്നാൽ മരണം. യഥാർത്ഥത്തിൽ പാലിയേറ്റീവ് കെയറിൽ നിന്ന് ലഭ്യമാക്കേണ്ടതും അത് തന്നെയാണ്.

തെക്കൻ കേരളത്തിലെ തീരദേശവാസികളുടെ ഇടയിൽ വൃദ്ധർ അനുഭവിക്കുന്ന ദയനീയത ആരുടെയും കരൾ അലിയിപ്പിക്കുന്നതാണ്. അവരുടെ കർമ്മമണ്ഡലത്തോട് വിടപറഞ്ഞ് തണ്ടും തടിയുമൊക്കെ പോയി ഒട്ടിവലിഞ്ഞ മുഖത്ത് അനവധി ചാലുകൾ വീണ് ചിരി അസ്തമിച്ച മുഖഭാവത്തോടെ വാർദ്ധ്യക്യത്തിൽ സടയെല്ലാം കൊഴിഞ്ഞ് ഒട്ടിവലിഞ്ഞ് ഏന്തിഏന്തി നടക്കുന്ന വനരാജനെപോലെ അതിദാരുണമായി കൂനിക്കൂടി ആരെങ്കിലും ഒരുനേരത്തെ വിശപ്പിന് എന്തെങ്കിലും തരുമോന്ന് കേഴുന്ന അവസ്ഥയിൽ എത്തുന്ന വൃദ്ധരെ തീരദേശങ്ങളിൽ എത്രയേറെയെങ്കിലും കാണാം. ഉറ്റവരും ഉടയവരുമൊക്കെ കാണും. ആരും തിരിഞ്ഞുനോക്കില്ല സന്താനങ്ങൾപോലും. ഒരു കാലത്ത് സൗഹൃദം പുലർത്തിയിരുന്നവർ ഇപ്പോൾ തരക്കേടില്ലാത്ത അവസ്ഥയിലാണെങ്കിൽ അവരോ അവരുടെ സന്താനങ്ങളോ എന്തെങ്കിലും ചെയ്തെങ്കിൽ ആയി. ദാഹം നിമിത്തം മഹാമോഹമുൾക്കൊണ്ട് ഒരുകാലത്ത് എന്തും ചെയ്യാൻ കെല്പുണ്ടായിരുന്ന അവർ വാർദ്ധ്യക്യത്തിൽ തീരാദുഃഖവും പേറി കടവരാന്തയിലോ, കടപ്പുറത്തോ ഒരു തോർത്തും മൂടി അങ്ങനെയിരിക്കുന്ന കാഴ്ച അതീവ വേദനാജനകമാണ്.

ചുമ്മാ ഇങ്ങനെ പറഞ്ഞുകൊണ്ടുമാത്രം പോയാൽ പോരല്ലോ, ഒരു

പോംവഴി കണ്ടെത്തേണ്ടേ? ഈ പാവങ്ങൾക്കും വേണം അവരുടെതായ വൃദ്ധസദനം. അതിനും പണം വേണം. പ്രത്യേകം പണം കണ്ടെത്തേണ്ട കാര്യമില്ല, അവരുടെ അദ്ധ്വാനത്തിൽനിന്നും മാറ്റിവെക്കുന്ന പണം മതിയാവും. മാറ്റിവെക്കുന്ന പണം എന്നുപറയുമ്പോൾ അത് ഏത് പണമെന്ന് വായനക്കാർക്ക് സംശയം തോന്നിയേക്കാം.

ഒരു സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ സേവനം ചെയ്യുന്ന ഒരു ഉദ്യാഗസ്ഥൻ വർഷത്തിൽ രണ്ട് പ്രാവശ്യം അവന്റെ വരുമാനത്തിൽ നിന്നും തുച്ഛമായ തുക പൊഫഷണൽ ടാക്സ് ഇനത്തിൽ സർക്കാരിന് കൊടുക്കുന്നുണ്ട്. കൂടാതെ എപ്പോൾ വേണമെങ്കിലും ക്രമാനുഗതമായി തിരിച്ചെടുക്കാവുന്ന പി.എഫ് തുക. കോടിക്കണക്കിന് സർക്കാർ ഖജനാവിൽ എത്തുന്ന ഈ തുകകൾ രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുകൂടി ഉപയോഗിക്കുന്നു. ഈ രണ്ട് തുകയും ഓരോ ജീവനക്കാരന്റെ മാറ്റിവെച്ച തുകയായി കണക്കാക്കിയാണല്ലോ ജീവാതാന്ത്യം വരെ ക്ലേശം കൂടാതെ, ആരുടെയും സഹായം കൂടാതെ ജീവിക്കാനുള്ള പെൻഷൻ മാസാമാസം കൊടുക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് എവിടെയാണ് മാറ്റിവെച്ച പണം? അതും പറയാം. ഒരു മത്സ്യത്തൊഴിലാളി ശരാശരി 18 വയസ്സുമുതൽ മത്സ്യബന്ധനത്തിന് പോകുന്നു. പോകുന്ന അന്നുമുതൽ ഇടവകയ്ക്ക് നികുതി കൊടുക്കുന്നവനാണ്. വരുമാനം കിട്ടുന്ന ഓരോ ദിവസത്തേയും ഓഹരി. അതിനെ ക്ലറ്റ കൊടുക്കുക, കുത്തക കൊടുക്കുക, എസ്സ്.റ്റി പിരിവ് എന്നൊക്കെ പറയും. മത്സ്യബന്ധനത്തിന് പോയിട്ടോ ആ അദ്ധ്വാനത്തിൽ അവന് വരുമാനം കിട്ടിയിട്ടുണ്ടോ എങ്കിൽ അവൻ പള്ളിക്ക് ഓഹരി കൊടുത്തിരിക്കും. പതിനെട്ട് വയസ്സിൽ തുടരുന്ന ഈ പ്രക്രിയ 65 വയസ്സുവരെ തുടരുന്നു. തൊഴിൽ ചെയ്യുന്ന ദിവസം മുടക്കം കൂടാതെ അതാതുദിവസം നികുതി കൊടുക്കുന്നു. ജീവിതത്തിന്റെ നല്ലൊരു കാലഘട്ടം വിയർപ്പൊഴുക്കിയ അവർ നൽകിയ ഈ തുകയിൽനിന്ന് നാലിൽ ഒരു ഭാഗം അവർക്കായി മാറ്റിവെച്ചാൽ അത് മതിയാവും മത്സ്യത്തൊഴിലാളികൾക്കായി ഒരു വൃദ്ധസദനം നടത്തിക്കൊണ്ടുപോകുവാൻ. ഒരു ഫെറോനയിലെ ഇടവകകളിൽനിന്ന് മത്സ്യത്തൊഴിലാളികൾനിന്നും മാറ്റിവെച്ച തുക ഉപയോഗിച്ച് അർഹരായ വയോജനങ്ങളെ പരിപാലിക്കാൻ വൃദ്ധസദനങ്ങൾ പണിയാം.

നിർമ്മാണ അവസരത്തിൽ കുറെ പണം കണ്ടെത്തേണ്ടിവരും. ഈ മാറ്റിവെച്ച തുകയും T.S.S.S പോലുള്ള സന്നദ്ധ സഹായ സംഘടനകളുടെ സഹായവും സുമനസ്സുകളുടെ സംഭാവനയും ഉണ്ടെങ്കിൽ ഈ പുണ്യപ്രവർത്തനം വിജയകരമായിത്തീരും. അങ്ങനെ ഒരു സ്ഥാപനം ഓരോ ഫെറോനയിലും നിർമ്മിക്കാമെങ്കിൽ അതിന് മുൻകൈ എടുക്കുന്ന രൂപതയ്ക്കും രൂപതാ അദ്ധ്യക്ഷനും ഈ രാജ്യത്തിന്റെ ശ്രദ്ധ ആകർഷിക്കാനും ആദരിക്കപ്പെടാനും ഇടവരുത്തും എന്നതിൽ സംശയമില്ല.

പൊതുവെ കേരളത്തിന്റെ അവസ്ഥ ഒന്നുകൂടെ നോക്കികാണാം. കേരളത്തിൽ ജനന നിരക്കിനേക്കാൽ കൂടുതലാണ് വൃദ്ധജനങ്ങളുടെ വർദ്ധനവ്. 2030 ആവുമ്പോഴേക്കും വയോജനങ്ങളുടെ സംഖ്യയുടെ എണ്ണത്തേക്കാൾ രണ്ടര ശതമാനം കൂടുതലായിരിക്കും. അതിനർത്ഥം ഓരോ വർഷം 10 ലക്ഷം വീതം വൃദ്ധജനങ്ങൾ പെരുകുമെന്ന് കണക്ക്.

വിദ്യാഭ്യാസം, ആരോഗ്യരംഗം, ശുചിത്വം എന്നിവയിൽ കേരളം സൃഷ്ടിച്ച മാതൃക ഇന്ത്യ മാത്രമല്ല ലോക രാജ്യങ്ങൾപോലും ചർച്ച ചെയ്യുന്ന മേഖലകളാണ്. ഇനി വൃദ്ധജന പരിപാലനത്തിന് ഒരു പുതിയ കേരള മോഡൽ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ് എങ്കിൽ മാത്രമേ കേരളത്തിന് ഗോഡ്സ് ഓൺ കൺട്രി എന്ന പേര് അന്വർത്ഥമാകുകയുള്ളൂ.

●





ചരിത്രപഥം


# തൈക്കാട് ഇടവക സുവർണ്ണ ജൂബിലി നിറവിൽ

ഇഗ്നേഷ്യസ് തോമസ്

തിരുവനന്തപുരം അതിരൂപതയിലെ രണ്ട് ഇടവകകൾ സുവർണ്ണ ജൂബിലി ആഘോഷ നിറവിലാണ്. തൈക്കാടും നന്തൻകോടുമാണ് ഈ ഇടവകകൾ. പാളയം സെൻറ് ജോസഫ്സ് മെട്രോപൊളീറ്റൻ ഇടവകയിൽ നിന്നാണ് ഈ രണ്ട് ഇടവകകളും രൂപംകൊണ്ടത്. രണ്ടു ദൈവാലയങ്ങളും നിലകൊള്ളുന്നത് തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലാണ്. 1975 ജൂൺ 1-ാം തീയതി അന്നത്തെ രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ പീറ്റർ ബർണാർഡ് പെരേര തിരുമേനിയുടെ 148/75-ാം നമ്പർ ഉത്തരവിൽ ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു; "വിശാലമായ പാളയം സെൻറ് ജോസഫ്സ് കത്തീഡ്രൽ ഇടവകയിലെ വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ കാര്യക്ഷമമായി നിർവഹിക്കപ്പെടാനായി തൈക്കാട് നന്തൻകോട് പ്രദേശങ്ങളിൽ കാനൻ നിയമം 1421, 1427, 1428 വകുപ്പുകൾ അനുശാസിക്കുന്നതനുസരിച്ച് രണ്ട് ഇടവകകൾ സ്ഥാപിച്ച് ഉത്തരവാകുന്നു." ഇതോടൊപ്പം നന്തൻകോട് ഇടവക വികാരിയായി ഫാദർ കെ.ജെ.ജോണിനെയും തൈക്കാട് ഇടവക വികാരിയായി ഫാദർ ജോർജ്ജ്പോളിനെയും നിയമിച്ചതായും ഇതേ ഉത്തരവിൽ പറയുന്നു. തൈക്കാട് ഇടവക ഔദ്യോഗികമായി നിലവിൽ വന്നത് 1975 ജൂൺ 8 നായിരുന്നു.







No.148/75

RT REV DR PETER B PEREIRA
BISHOP OF TRIVANDRUM

Bishop's House
VELLAYAMBALAM
TRIVANDRUM-695003
KERALA

June 1,1975.

To
The Very Rev. Parish Priest and Beloved Faithful
of the Parish of St. Joseph's Cathedral.

Decree on the division and erection of New Parishes through dismemberment of an old and well established parish of St. Joseph's Cathedral.

Dear and Very Rev. Parish Priest and Beloved Faithful,

By virtue of the powers conferred on me by Canons 1427,1427 & 1428 and as the spiritual needs of the faithful of the Parish of St. Joseph's Cathedral cannot be properly attended to because of the large territory of the Parish and the great number of the faithful, with the advice of the Very Rev. Parish Priest of the Cathedral and the Diocesan Consultors I do hereby divide the Parish of St. Joseph's Cathedral and erect two more parishes one at Thycaud and the other at Nanthencode where we have already since many years places of worship under the same Cathedral Parish.

The boundaries of the new parishes will be clearly made and forwarded to the new Parish Priests. The inhabitants within those limits will constitute the members of the new parishes. The endowments of the new churches at Nanthencode and Thycaud and the benefices of those parishes consists in the voluntary offerings of the faithful, in the stole fees to be paid according to our Diocesan taxation and in the properties which the parish will acquire in future.

I also appoint Rev. Frs. George Paul and John K.J. whose piety,science and prudence are well known to me to be henceforward and as long as it shall please me as the parish priests of Thycaud and Nanthencode respectively with all the rights and duties given to the pastor by the code and by the customs of our Diocese, reserving the right to nominate the pastors of these parishes to myself and to my successors.

This order shall take effect from June 8,1975.

With prayerful best wishes and cordial Blessings especially the New Parish Priests and their Faithful.

Yours devotedly in Jesus,

Bishop of Trivandrum

## തൈക്കാട് സ്ഥലനാമോൽപ്പത്തി

"തിരുവനന്തപുരത്തിന്റെ ഇതിഹാസം," എന്ന പട്ടം ജി.രാമചന്ദ്രൻ നായരുടെ ഗ്രന്ഥത്തിൽ തൈക്കാടിനെപ്പറ്റി ഇങ്ങനെയാണ് വിവരിച്ചിട്ടുള്ളത്; "തൈക്കാട്ട് പ്രസിദ്ധമായ ഒരു നമ്പൂതിരി ഇല്ലമുണ്ടായിരുന്നു. തൈക്കാടില്ലം എന്ന പേരിലായിരുന്നു ഈ ഇല്ലം അറിയപ്പെട്ടിരുന്നത്. തൈക്കാടില്ലം നിലനിന്നിരുന്നതിനാൽ ഈ പ്രദേശത്തിന് തൈക്കാട് എന്ന പേര് സിദ്ധിച്ചു. വൻകാടായിരുന്ന പ്രദേശം നെടുങ്കാടും ചെറിയകാടായിരുന്ന പ്രദേശം തൈക്കാടായും തീർന്നതായി സ്ഥലനാമ ഗവേഷകരും ചൂണ്ടിക്കാട്ടുന്നു." ബ്രിട്ടീഷ് റെസിഡൻറ് പാർത്തിരുന്ന റെസിഡൻസി മന്ദിരം (ഇന്നത്തെ ഗവൺമെൻറ് ഗെസ്റ്റ് ഹൗസ്) സ്ഥിതിചെയ്യുന്നതും തൈക്കാട് തന്നെ. ഗവൺമെൻറ് വുമൺ ആൻറ് ചിൽഡ്രൻ ഹോസ്പിറ്റൽ, തൈക്കാട് പള്ളിയോട് ചേർന്ന് സ്ഥിതിചെയ്യുന്നു. കൊ:വർഷം 922 ൽ ഔഷധശാല എന്ന നിലയിലാണ് തൈക്കാട് ആശുപത്രി ആരംഭിച്ചത്. 1012 ൽ ഇത് ധർമ്മാശുപത്രിയായി മാറി. പൊലീസ് ട്രെയിനിംഗ് കോളേജ്, റയിൽവേ ഡിവിഷണൽ ഓഫീസ്, സ്വാതി തിരുനാൾ സംഗീത കോളേജ് തുടങ്ങിയ പ്രധാനപ്പെട്ട സ്ഥാപനങ്ങളും തൈക്കാട് സ്ഥിതിചെയ്യുന്നു.

## കമ്മാള സമുദായവും തൈക്കാടും

തിരുനെൽവേലി ജില്ലയിൽ വസിച്ചിരുന്ന ഒരു പ്രബല ജനസമൂഹമായിരുന്നു കമ്മാളർ. ഹൈന്ദവരായിരുന്ന ഇവരിൽ കുറച്ചുപേർ മധുരമിഷനിലെ ഈശോസഭാ വൈദികരുടെ സുവിശേഷ പ്രഘോഷണത്താൽ ക്രൈസ്തവരായി തീർന്നു. വിശുദ്ധ ദേവസഹായം വടക്കൻകുളം പള്ളിയിൽവച്ചായിരുന്നു ഈശോസഭാ വൈദികൻ ഫാദർ ജോൺ ബാപ്റ്റിസ്റ്റ് ബുട്ടാരിയിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിച്ചത്. വിശുദ്ധ ദേവസഹായത്തിന്റെ ജീവിത മാതൃകയും രക്തസാക്ഷിത്വവും വടക്കൻകുളം നിവാസികളായിരുന്ന കമ്മാള സമുദായക്കാരെ ക്രൈസ്തവരായി മാറാൻ പ്രചോദിപ്പിച്ചു. കാർത്തിക തിരുനാൾ മഹാരാജാവിന്റെ കാലത്ത് (ധർമ്മരാജാവ് 1758 - 1798) രാജ്യ തലസ്ഥാനം പത്മനാഭപുരത്തു നിന്ന് തിരുവനന്തപുരത്തേക്ക് മാറ്റുകയുണ്ടായി. പത്മനാഭസ്വാമി ക്ഷേത്രത്തിലെ വിഗ്രഹങ്ങൾ വിളക്കുവാനും സ്വർണ്ണം വെള്ളി ചെമ്പ് പാത്രങ്ങൾ നിർമ്മിക്കുന്നതിനുമായി തിരുനെൽവേലി ജില്ലയിൽ നിന്ന് കമ്മാളന്മാരെ തിരുവനന്തപുരത്ത് കൊണ്ടുവന്നു. കരമന ആര്യശാല തൈക്കാട് എന്നീ സ്ഥലങ്ങളിൽ ഇക്കൂട്ടരെ രാജാവ് പാർപ്പിച്ചു. വടക്കൻകുളത്തെ ക്രിസ്ത്യാനികളായ കമ്മാളന്മാരും ഇക്കൂട്ടത്തിൽ തിരുവനന്തപുരത്തേക്ക് കൊണ്ടുവരപ്പെട്ടു. ഇവർ കരമന, ആര്യശാല, തൈക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ താമസിച്ചു. കമ്മട്ടത്തിൽ ജോലി ചെയ്തിരുന്ന ജ്ഞാനമുത്തു ആശാരിക്ക് മേൽനോട്ടക്കാരനായി സ്ഥാനക്കയറ്റം ലഭിച്ചു. ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ രാജാവ് (1847 - 1860) തിരുവിതാംകൂർ ഭരിച്ച കാലത്ത് മികച്ച സേവനം അനുഷ്ഠിച്ചവരെ പൊന്നിൽ തീർത്ത വീരചങ്ങല അണിയിച്ച് ആദരിച്ചിരുന്നു. ഇക്കൂട്ടത്തിൽ ജ്ഞാനമുത്തുവിനും വീരചങ്ങല നൽകി ആദരിക്കുകയും ദേവേന്ദ്രൻ എന്ന് ആദരസൂചകമായി പേര് നൽകുകയുമുണ്ടായി. 1837-ാമാണ്ട് ഇന്ന് തൈക്കാട് ദൈവാലയം സ്ഥിതിചെയ്യുന്ന 27 സെൻറ് വസ്തു ജ്ഞാനമുത്തു വിലയ്ക്കു വാങ്ങി. തന്റെ ഏക മകൾ അന്നാമ്മാളുടെ വിവാഹത്തോടനുബന്ധിച്ച് ഈ വസ്തു സ്ത്രീധനമായി സി.വേദനായകം ആശാരിക്ക് നൽകി. തുടർന്ന് അദ്ദേഹം തൈക്കാട് ചരുവിളാകത്ത് പുരയിടത്തിലേയ്ക്ക് താമസം മാറി. ഇക്കാലത്ത് തൈക്കാട്ടും പരിസരത്തും താമസിച്ചിരുന്ന ക്രൈസ്തവർ ആരാധനയിൽ പങ്കുകൊള്ളാൻ പേട്ടയിലെ വിശുദ്ധ അന്നായുടെ ദൈവാലയത്തിലാണ് പോയിരുന്നത്.



1860-ാമാണ്ട് വേദനായകം ആശാരി തൈക്കാട് തന്റെ വസ്തുവിലെ കാട് വെട്ടിത്തെളിച്ച് സമുദായ അംഗങ്ങൾക്ക് ആരാധനയ്ക്കായി ചാണകം മെഴുകിയ തറയും ഓലമേഞ്ഞ പുരയും ഉള്ള പരലോകമാതാവിന്റെ ഭജനമഠം (കുരിശുപള്ളി) പണിത്, മാതാവിന്റെ ഒരു ചെറിയ സ്വരൂപവും സ്ഥാപിച്ചു. അന്നുമുതൽ സന്ധ്യതോറും വിളക്ക് തെളിച്ച് ജപമാലയും, മറ്റു പ്രാർത്ഥനകളും നടത്തിപ്പോന്നു. എല്ലാ ശനിയാഴ്ചകളിലും കർത്താവിനെയും പരിശുദ്ധ മറിയത്തെയും സ്തുതിച്ചുകൊണ്ടുള്ള ഭജനകൾ (കീർത്തനങ്ങൾ) ആലപിച്ചിരുന്നു. ഭജനയ്ക്ക് പുറമേ അന്നദാനവും ദാനധർമ്മങ്ങളും നടത്തുക പതിവായിരുന്നു. കുരിശ്ശടിയുടെ തെക്ക് ഭാഗത്തുള്ള വസ്തുവിൽ മൃതസംസ്കാരത്തിനുള്ള സെമിത്തേരിയും നിർമ്മിച്ചു.

1875 ൽ ഫാദർ എൽഡഫോൺസ് ബോർഞ്ഞ ഒ.സി.ഡി.യുടെ കാലത്ത് പാളയം സെൻറ് ജോസഫ്സ് ദൈവാലയം നിലവിൽ വന്നതോടെ തൈക്കാട്ടുള്ള വിശ്വാസികൾക്ക് ജ്ഞാനസ്നാനം, വിവാഹം തുടങ്ങിയ കൂദാശകൾ പാളയം പള്ളിയിൽ നടത്തിയിരുന്നു. ദൈവാലയ കർമ്മാദികളെ തുടർന്ന് പാരമ്പര്യമനുസരിച്ചുള്ള കർമ്മങ്ങൾ വീട്ടുകളിലും നടത്തിയിരുന്നു. പുരുഷന്മാർ തലമുടി നീട്ടി വളർത്തി മുൻവശം ക്ഷൗരം ചെയ്ത് പിൻവശം പൂണൂലാകൃതിയിൽ കുട്ടിക്കെട്ടിയിരുന്നു. സ്ത്രീകൾ ഗ്രാമീണ വേഷമാണ് ധരിച്ചിരുന്നത്. പരലോക മാതാവിന്റെ നാമത്തിലുള്ള പഴയ കുരിശ്ശടി 1880 ൽ പൊളിച്ചുമാറ്റി ഇഷ്ടികകൾ കൊണ്ട് നിർമ്മിച്ച് ഓട്ടുമേഞ്ഞ ദൈവാലയം പണിതു. 1881 ആഗസ്റ്റ് 13-ാം തീയതി ശനിയാഴ്ച പാളയം വികാരി ഫാദർ വിക്ടർ ഒ.സി.ഡി. ദൈവാലയം ആശീർവദിച്ചു. 14 -ാം തീയതി ഞായറാഴ്ച പരലോക മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം നടത്തി. 15-ാം തീയതി (ചിങ്ങം 1) മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആദ്യമായി ആഘോഷിച്ചു.

(തുടരും....)





# ഹാപ്പി ഫ്രണ്ട്ഷിപ്പ് ഡേ

ഫാ. ലെനിൻ ഫെർണാണ്ടസ്



**സ്വാർത്ഥ ലാഭങ്ങൾക്കുവേണ്ടി കരം കോർക്കരുത്, മറിച്ച് അവന്റെ / അവളുടെ ജീവിത കഥയിൽ കഴിയുന്നത്ര സഹായഹസ്തം നീട്ടുന്ന ഈടുറ്റ ഒരു കഥാപാത്രമാകണം നമ്മൾ, അതാണ് സൗഹൃദം.**

വളരെ സങ്കീർണ്ണമായ ഒരു വിഷയമാണ് സൗഹൃദം. ഒറ്റ നോട്ടത്തിൽ വളരെ ലളിതം എന്നു തോന്നാമെങ്കിലും മനുഷ്യ മനസ്സിന്റെഅധോതലങ്ങളെ ഇത്രയധികം സ്പർഷിക്കുന്ന മറ്റൊരു വൈകാരിക മേഖല കണ്ടെത്താൻ സാധിക്കില്ല. എല്ലാ കാലഘട്ടത്തിലും സൗഹൃദങ്ങൾ ഒരു ചൂടുള്ള വിഷയമായിരുന്നു. അതുകൊണ്ടുതന്നെ കൂട്ടുകൂടി നശിച്ചവരും കൂട്ടുകൂടിയതുകൊണ്ടുമാത്രം രക്ഷപ്പെട്ടവരും അനേകരുണ്ട്. കൂട്ടുകാർക്കുവേണ്ടി എന്നും ത്യജിക്കുന്ന യൗവ്വന കാലഘട്ടത്തിൽനിന്നും കൂട്ടുകാരെ കാണുമ്പോൾ വഴിമാറി നടക്കുന്ന കുടുംബസ്ഥ കാലഘട്ടവും കഴിഞ്ഞ് കൂട്ടുകാരില്ലാതെ വഴിവക്കിലേക്ക് കണ്ണും നട്ടിരിക്കുന്ന വാർദ്ധക്യകാലംവരെ നാം സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു. ഈ യാത്രയിൽ കൂട്ടായി ഒന്നു മാത്രമേ ഉള്ളൂ



നന്മയുടെ ഓർമ്മകളും പ്രതീക്ഷകളും.

പ്രിയ വായനക്കാരേ, എഴുതി വയ്ക്കുന്ന ഒരു ഉടമ്പടിയല്ല സൗഹൃദം. മറിച്ച് എഴുതി ചേർക്കാനായി ഒഴിഞ്ഞ പേജുകൾ ബാക്കിയിട്ട ഒരു നോട്ടുബുക്കാണ് സൗഹൃദം. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ, ഒരു ധാരണയുടെയും പുറത്ത് സൗഹൃദങ്ങൾ കെട്ടിപ്പടുക്കരുത്. സ്വാർത്ഥ ലാഭങ്ങൾക്കുവേണ്ടി കരം കോർക്കരുത്, മറിച്ച് അവന്റെ/ അവളുടെ ജീവിത കഥയിൽ കഴിയുന്നത്ര സഹായ ഹസ്തം നീട്ടുന്ന ഈടുറ്റ ഒരു കഥാപാത്രമാകണം നമ്മൾ, അതാണ് സൗഹൃദം. ഇന്നത്തെ സൗഹൃദങ്ങൾക്ക് വേരോട്ടമില്ല എന്നാണ് പറയേണ്ടത്. പല സൗഹൃദങ്ങളും കെട്ടിപ്പടുക്കപ്പെടുന്നതുതന്നെ മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും മണത്തിന്മേലാണ്. തല്ലുണ്ടാക്കാനും പുലഭ്യം പറയാനും ഒരുകൂട്ടം ആൾക്കാർ ഒരുമിച്ച് കൂടുന്ന, സോഷ്യൽമീഡിയാ പ്ലേറ്റ് ഫോമിൽ കുറെപ്പേർ കൂട്ടുകാരാകുന്ന അവർ എന്തിനോവേണ്ടി വാക്ധോരണികൾ മുഴക്കുന്നു. വീട്ടിൽ അച്ഛനോടും അമ്മയോടും ഒന്നു പുഞ്ചിരിക്കുകപോലും ചെയ്യാത്തവർ ഇൻസ്റ്റായിലും യൂട്യൂബിലും ലൈക്കിനുവേണ്ടി വെളുക്കേ ചിരിക്കുന്നു. പല കൂട്ടുകാരും പരസ്പരം വാട്സാപ്പിലൂടെ ഗുഡ് മോണിംഗ് പറയുന്നത് ആഫ്റ്റർനൂൺ മൂന്നു മണിയാകുമ്പോഴാണ്. അച്ചടക്കമില്ലാത്ത ജീവിതം അച്ചടക്കമില്ലാത്ത സൗഹൃദങ്ങളിലേക്ക് വഴിമാറുന്നു.

സൗഹൃദം വൈകാരികതകൊണ്ട് തുറന്നിട്ട ഒരു ബാങ്ക് അക്കൗണ്ടുപോലെയാകണം. ബാങ്ക് അക്കൗണ്ടിൽ നമ്മൾ നിക്ഷേപിക്കുന്ന പണം ഉള്ളതുപോലെ സ്നേഹവും, ദയയും, വിട്ടുവീഴ്ചയുംകൊണ്ട് നാം പടുത്തുയർത്തുന്ന ബന്ധങ്ങൾ നമ്മുടെ ജീവിത ഗതിമാറ്റി മറിക്കുന്ന സൗഹൃദങ്ങളായി തീരുന്നു. നല്ല തീരുമാനങ്ങളെടുക്കാൻ ഒരുവനെ സഹായിക്കുന്ന വൈകാരിക പക്വതയുള്ള നല്ല സൗഹൃദങ്ങളേ മുതൽക്കൂട്ടാകൂ സുഹൃത്തുക്കളുടെ എണ്ണത്തിലല്ല കാര്യം മറിച്ച് ഉള്ള സുഹൃത്തുക്കളുടെ ഗുണനിലവാരത്തിലാണ്. വൈകാരിക പക്വത ഏറെ കുറവുള്ള ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. കുട്ടികളുടെ ബാല്യം നഷ്ടമാക്കുന്ന പ്രിവിലേജസ് നൽകുന്ന മാതാപിതാക്കൾ, സുഹൃത് ബന്ധങ്ങളുടെ ആഴങ്ങൾ മറന്ന് യൂസ് ആൻഡ് ത്രോ കൾച്ചറിലേക്ക് വഴുതി വീഴുന്ന കൗമാര യുവത്വങ്ങൾ, ഒരു കൾച്ചറൽ ട്രാൻസിഷന്റെ ഭാഗമായ സമൂഹമായതിനാൽ ന്യൂ ജനറേഷനെ എന്തിനും ഏതിനും കുറ്റം വിധിക്കുന്ന നാല്പതിലേയും അമ്പതിലേയും എല്ലാം തികഞ്ഞ കുറെ സമാരാധ്യർ, മധുരോദാരമായ നല്ല കഥകളും മൂല്യങ്ങളും പങ്കുവയ്ക്കാൻ പേടിച്ചും മടിച്ചും നില്ക്കുന്ന നമ്മുടെ വാർദ്ധക്യത്തിലേക്കു കടന്നവർ. ഇവരൊക്കെ സൗഹൃദങ്ങളെയാണ് എന്നും ഓർത്തുകൊണ്ടിരിക്കുന്നത്. നല്ല സൗഹൃദയങ്ങളുടെ പൂമഴക്കാലം അത് വല്ലാത്തൊരു ഓർമ്മയാണ്.

സൗഹൃദങ്ങൾ മൂല്യാധിഷ്ഠിതങ്ങളല്ലാത്തതിനാൽ നമുക്ക് വലിയ വില നൽകേണ്ടിവരുന്നു. സ്വാർത്ഥ ലാഭങ്ങൾക്കുവേണ്ടിയാണ് പലരും ബന്ധങ്ങൾ എറിഞ്ഞുടയ്ക്കുന്നത്. നല്ല സുഹൃത്തുക്കൾ പിൽക്കാലത്ത് ഒറ്റുകാരാകുന്നു. ചതിയന്മാരാകുന്നു. സുഹൃത് ബന്ധത്തിൽ സ്നേഹം ഉണ്ട് എന്നാൽ ആ സ്നേഹം സ്വത്വത്തോടാകുമ്പോൾ ചെയ്യുന്നതെല്ലാം സ്വയം ന്യായീകരിക്കുന്നവരാക്കുന്നു. സ്നേഹംകൊണ്ട് ആരെയും മനസ്സിലാക്കാൻ സാധിക്കില്ല. എന്നാൽ സാഹചര്യംകൊണ്ട് എല്ലാവരെയും മനസ്സിലാക്കാൻ സാധിക്കും. സാഹചര്യങ്ങൾ വരുമ്പോൾ ഫ്രണ്ട്സ് എനിമീസ് ആണെന്ന് തോന്നിപ്പോകും.

സുഹൃത്ബന്ധത്തെ ദൈവീക ചിന്തയിലേക്ക് ഒന്നു തിരിച്ചുവിട്ട് ഈ ചെറു കുറിപ്പ് അവസാനിപ്പിക്കുകയാണ്. ദൈവം മനുഷ്യനായി ഈ ഭൂമിയിൽ അവതരിക്കാനുള്ള കാരണം. മനുഷ്യന്റെഅവസ്ഥകളെ ഉൾക്കൊണ്ട് മനസ്സിലാക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു. അവൻ മനുഷ്യനായി അവതരിച്ചതിനാൽ അയൽക്കാരോടും വഴിതെറ്റിയവരോടും വേണ്ടത്ര സഹതാപത്തോടെ പെരുമാറാൻ അവനു കഴിയും. അങ്ങനെയെങ്കിൽ ഒരു ക്രിസ്തീയ വിശ്വാസിയുടെ ഏറ്റവും നല്ല സുഹൃത്ത് യേശു തന്നെയായിരിക്കണം. ദൈവം നമുക്കു നൽകിയ പരിശുദ്ധ കുർബാനയുടെ ആരാധനയിലൂടെ ദൈവം എന്റെ സമീപസ്ഥനാണ് എന്ന തിരിച്ചറിയുമ്പോൾ ഉള്ളിലെ ഞാനെന്ന ഭാവവും, അപരനെ തോൽപ്പിച്ച് ഒന്നമനാകാനുള്ള വെമ്പലും എല്ലാം അവസാനിക്കും. What A Friend we have in Jesues എന്നൊരു മനോഹര ഭക്തിഗാനമുണ്ട്. ഈ ഗാനരചയിതാവിന്റേത് അവിശ്വസനീയമായ ഒരു ദുരന്തകഥയായിരുന്നു. ജോസഫ് സ്കീവൻ, 1819 ൽ അയർലണ്ടിൽ ജനിച്ചു. അയാൾ ആദ്യം സ്നേഹിച്ച പെൺകുട്ടിയെ വിവാഹം കഴിക്കേണ്ട ദിവസത്തിന്റെ തലേദിവസം കുതിരപ്പുറത്തുനിന്നുവീണ് അവൾ മരിക്കുന്നു. സ്കീവൻ അയർലണ്ട് വിട്ട് ക്യാനഡയിലേക്കുവരുന്നു. യേശുവിനെ അറിയുന്ന ആ മനുഷ്യൻ പോർട്ട് ഹോപ് എന്ന സ്ഥലത്ത് ജീവിച്ചുകൊണ്ട് മനുഷ്യർക്ക് ചെറിയ സഹായങ്ങളൊക്കെ ചെയ്ത് വചനം പഠിച്ചും പഠിപ്പിച്ചും ജീവിക്കുന്നു. പാവപ്പെട്ട വിധവകളെയും രോഗബാധിതരെയും ഒക്കെ പല കാര്യങ്ങളിലും സഹായിച്ച് നാടിന്റെ പ്രിയങ്കരനായി. പത്തു വർഷങ്ങൾക്കു ശേഷം വീണ്ടും അയാളൊരു പ്രണയത്തിലകപ്പെട്ടു. നിർഭാഗ്യവശാൽ ആ സ്ത്രീയും വിവാഹത്തിനു മുൻപ് നിമോണിയ ബാധിച്ച് മരിച്ചു. 1886 ൽ അദ്ദേഹവും മരണമടഞ്ഞു. അയർലണ്ടിലായിരുന്ന അമ്മയെ ആശ്വസിപ്പിക്കാനായി കുത്തിക്കുറിച്ച വരികളായിരുന്നു അവ. കടുത്ത നിരാശയുടെയും ദുരന്തങ്ങളുടെയും നടുവിലും ക്രിസ്തു എന്ന സുഹൃത്തിനെ അവൻ ചേർത്തു പിടിച്ചു. യേശു ശിഷ്യന്മാരെയൊക്കെ ചങ്ങാതിമാരായിട്ടാണ് കരുതിയത്. അവരെ കൂടെ കൊണ്ടുനടന്നു, അവരോട് തമാശകൾ പറഞ്ഞു, ഒപ്പം നിറുത്തുകയും ചെയ്തു.

നല്ല ബന്ധങ്ങൾ തകർന്നടിയുമ്പോൾ, ആത്മാർത്ഥതയുടെ മറുവാക്കായ യേശു എന്ന നാമം ചേർത്തു വയ്ക്കാം. 'ഇനിമേൽ ഞാൻ നിങ്ങളെ സുഹൃത്തുക്കൾ എന്നു വിളിക്കട്ടെ' ആ വാക്യം കാതോർക്കുമ്പോൾ ഓർക്കുക അവൻ നെരിപ്പോടിനു ചുറ്റും അവർക്ക് പ്രാതലൊരുക്കി, ജീവൻ കൊടുത്ത് അത്താഴമൊരുക്കി.

ഹാപ്പി ഫ്രണ്ട്ഷിപ്പ് ഡേ.

●



# ബറാബാസിന്റെ മാനസാന്തരം

ജെർസൻ സെബാസ്റ്റ്യൻ



മെഡിറ്ററേനിയൻ കടലിനും ഗലീലി കടലിനും മദ്ധ്യേ കുന്നുകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന നസ്രത്ത്. അവിടെയാണ് പ്രശസ്തരായ മരപ്പണിക്കാരായ തച്ചനും മകനും ജീവിച്ചിരുന്നത്. തച്ചനും മകനും നസ്രത്തിലെ ജനങ്ങൾക്കു വേണ്ട തടിസാമഗ്രികൾ ചെയ്തു കൊടുത്തിരുന്നു.

ഒരു പ്രഭാതം.

തടിപ്പണിയുടെ ശബ്ദത്തെ ഭേദിച്ച് റോമൻ കുതിരകളുടെ കുളമ്പടികൾ ആ പരിസരത്തെ ശബ്ദമുഖരിതമാക്കി. റോമൻ പടയാളികളിലൊരുവൻ കുതിരപ്പുറത്തു നിന്നുമിറങ്ങി ഒരു ചോദ്യമെറിഞ്ഞു:

“ഇത് തച്ചന്റെ വീടല്ലേ?”

മരപ്പണിക്കാർ രണ്ടു പേരും മൗനമായി പുഞ്ചിരിച്ചു. അല്ലെങ്കിലും അവർക്ക് പുഞ്ചിരിക്കാനേ അറിയുമായിരുന്നുള്ളൂ.

പടയാളി തന്റെ കയ്യിലിരുന്ന കുറിപ്പ് വായിച്ചു; 'യൂദയായുടെ ഭരണാധികാരി മഹാനായ പന്തിയോസ് പീലാത്തോസിന്റെ കൽപ്പന പ്രകാരം എത്രയും വേഗം പന്ത്രണ്ടു കുരിശുകൾ നിങ്ങൾ ഉണ്ടാക്കണം. നല്ല ഉറപ്പുള്ളവയായിരിക്കണം കുരിശുകൾ.'

യൂദയായിലെയും സമരിയയിലെയും ഗലീലിയിലെയും തച്ചന്മാരെക്കൊണ്ട് പരമാവധി മരക്കുരിശുകൾ ഉണ്ടാക്കി കൊട്ടാരത്തിൽ എത്തിക്കണമെന്നാണ് പീലാത്തോസിന്റെ കൽപ്പന. പുറത്തു നിന്നിരുന്ന നസ്രത്തിലെ ഗ്രാമവാസികൾ ഈ കൽപ്പന കേൾക്കുകയും പരസ്പരം നാട്ടു വർത്തമാനം പറയാനും തുടങ്ങി.

"എന്തിനാണാവോ ഇത്രയും മരക്കുരിശുകൾ? ജറുസലേമിൽ ഈയിടെ കലാപം നടത്തിയവരെ തൂക്കിലേറ്റാനായിരിക്കും. കൂട്ടത്തിൽ ബറാബാസ് എന്നൊരുവന്റെ പേരും ഉയർന്നുകേൾക്കുന്നു. വളരെപ്പേർ ആ കലാപത്തിൽ ഉൾപ്പെട്ടല്ലോ?"

"ഗലീലിയിലെ നസ്രത്തിൽനിന്നും ജോർദാൻനദി വഴി ജെറുസലേമിലേക്ക് ചങ്ങാടത്തിൽ ആയിരിക്കും ഇവ കൊണ്ടുപോകുന്നത്. സോളമൻ രാജാവിന് ദേവാലയം പണിയാനായി ടയിർ രാജാവ് ലെബനോനിൽനിന്നും ദേവദാരു കൊണ്ടുവന്നത് ഈ വഴിയാണല്ലോ!"

തച്ചൻ മകനോടായി പറഞ്ഞു: "മകനേ നീ പോയി ആവശ്യത്തിനുള്ള തടി കണ്ടുപിടിച്ചുകൊണ്ട് വരിക."

മകനാകട്ടെ ദിവസങ്ങളോളം അലഞ്ഞു തിരിഞ്ഞു പതിനൊന്നു കരിശുകൾക്കുള്ള തടി കണ്ടെത്തി. പന്ത്രണ്ടാമത്തെ കരിശിനുള്ള തടി തേടി ഒരു അത്തിവൃക്ഷത്തിന്റെ കരയിലെത്തി. അരക്കച്ചയുണ്ടാക്കാൻ പാകത്തിലുള്ള അത്തിയിലകൾ കോതിക്കളഞ്ഞു മനോഹരമായ ഒരു കുരിശുണ്ടാക്കി. കുരിശിന്റെ താഴ്‌വശത്ത് ഉളിയുടെ മുന കൊണ്ട് ഒരു പോറൽ വീണെങ്കിലും കാഴ്ചയിലും ഉറപ്പിലും ആ കുരിശ് വളരെ നല്ലതായിരുന്നു. മകൻ ആ കുരിശിനെ നോക്കി എന്തോ ഒരു ആത്മബന്ധം ഉള്ളതുപോലെ ഒന്ന് ഗാഢമായി പുഞ്ചിരിച്ചു.

കുറച്ചു ദിവസങ്ങൾക്കുശേഷം റോമൻ കുതിരകളുടെ കുളമ്പടിശബ്ദം വീണ്ടും നസ്രത്തിൽ പ്രതിധ്വനിച്ചു. പടയാളികൾ തച്ചന്റെ വീട്ടിൽ വന്നു പന്ത്രണ്ട് കുരിശുകളും ഏറ്റു വാങ്ങി.

"പോറൽ വീണ കുരിശിലായിരിക്കും പ്രധാന വിപ്ലവകാരിയായ ബറാബാസിനെ ക്രൂശിലേറ്റുക!" നസ്രത്തിലെ നാട്ടുകൂട്ടം പരസ്പരം മൊഴിഞ്ഞു. തച്ചന്റെ മകന്റെ പുഞ്ചിരി അകന്നുപോകുന്ന കുതിരക്കുളമ്പടികളെ നിശബ്ദമായി ഭേദിച്ചു.

മൂന്ന് വർഷങ്ങൾക്ക് ശേഷമുള്ള ഒരു രാത്രി.

പ്രധാന പുരോഹിതനായ കയ്യഫാസിന്റെ മുറ്റത്തു തച്ചന്റെ മകനായ യേശുവിനെ മൂന്നുപ്രാവശ്യം തള്ളിപറഞ്ഞ പത്രോസ് ഹൃദയം നൊന്തു കരഞ്ഞു കൊണ്ടിരുന്നു. മൂന്ന് വർഷം കൂടെനടന്ന ഗുരുവിനെ മൂന്ന് പ്രാവശ്യം തള്ളിപ്പറയണമായിരുന്നോ എന്ന ചിന്ത പത്രോസിനെ വേട്ടയാടിക്കൊണ്ടിരുന്നു.

പിറ്റേന്ന് പ്രഭാതത്തിൽ പ്രത്തോറിയത്തിനുനടുവിൽ ഗബ്ബാത്തയിൽ പീലാത്തോസ് ഇരുന്നു. മുന്നിൽ ജനക്കൂട്ടം, ഒരു വശത്തായി ഈശോ.

പീലാത്തോസ് മൂന്നാം പ്രാവശ്യം ജനക്കൂട്ടത്തോട് ചോദിച്ചു: "അവൻ എന്ത് തിന്മ പ്രവർത്തിച്ചു?"

ഒരേസ്വരത്തിൽ അവർ പറഞ്ഞു: "അവനെ ക്രൂശിക്കുക. അവനെ ക്രൂശിക്കുക. അവനെ ക്രൂശിക്കുക."

പകരം അവർക്ക് കലാപത്തിനും കൊലപാതകത്തിനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്ന ബറാബാസിനെ വിട്ടുകിട്ടണം. പെസഹായ്ക്ക് ഒരു തടവ് പുള്ളിയെ മോചിപ്പിക്കുന്ന ആചാരപ്രകാരമായിരുന്നു അത്.

ദൈവപുത്രന് പകരമായി ബറാബാസിന്റെ ചങ്ങലകൾ അഴിക്കപ്പെട്ടു. അട്ടഹസിക്കുന്ന ചിരിയോടെ ബറാബാസ് ഈശോയെ ഒന്ന് നോക്കി. ചോരയാൽ ഒട്ടിപ്പിടിച്ച പാതി അടഞ്ഞ മിഴികളുടെ ഇടയിലൂടെ ഒരു പുഞ്ചിരി ബറാബാസിന്റെ ഹൃദയത്തിൽ തറച്ചു.

ബറാബാസിനുവേണ്ടി പണിയപ്പെട്ട കുരിശിൽ മൂന്നാണികളിന്മേൽ യേശു തൂങ്ങിമരിക്കും എന്ന സത്യം ബറാബാസിനെ വല്ലാതെ ഉലച്ചു. കുരിശിന്റെ വഴിയിലൂടെ അനുഗമിക്കണമെന്നുണ്ട്. പക്ഷെ ജെറുസലേം ജനക്കൂട്ടം എന്ത് പറയും എന്ന ചിന്ത കുരിശ് പോവേണ്ട വഴിക്കു മുമ്പേ സഞ്ചരിച്ചു.

കുരിശ്പോകും വഴിക്കെതിരെ നടന്ന ജനക്കൂട്ടം ഗുരുവിനെ ദുഷിച്ചു പറഞ്ഞു: "ജെറുസലേം ദേവാലയം നശിപ്പിച്ചു മൂന്നു ദിവസംകൊണ്ട് വീണ്ടും പണിയുന്നവനേ നീ നിന്നെത്തന്നെ രക്ഷിക്കുക!"

ഇതേ ജനക്കൂട്ടമാണ് കഴിഞ്ഞ ദിവസം ഓശാന പാടിയത്.

ബറാബാസ് എന്ന തന്റെ പേരിന്റെ അർത്ഥം പിതാവിന്റെ മകനാണത്രേ. യഥാർത്ഥ പിതാവിന്റെ പുത്രൻ ഇതാ ആകാശവും ഭൂമിയും പാതാളവും സാക്ഷിയാക്കി തനിക്കുംകൂടി വേണ്ടി ബലിയാവുന്നു. യേശു എന്ന വാക്കിന്റെ അർത്ഥം രക്ഷകൻ എന്ന് എവിടെയോ കേട്ടിരിക്കുന്നു. ലോകപാപങ്ങൾക്ക് വേണ്ടി ഒരമ്മയുടെ ഹൃദയത്തിൽ തുളച്ചു കയറുന്ന വാൾ കണക്കെ കുരിശിൽ ഏൽപ്പിക്കപ്പെടാൻ പോവുന്നു. ഏതൊരമ്മ സഹിക്കും ഈ കാഴ്ച. തനിക്കും ജന്മം തന്നൊരമ്മയുണ്ട്. താൻ മോചിപ്പിക്കപ്പെടുന്ന കാഴ്ച തന്റെ അമ്മയ്ക്ക് എത്ര ആശ്വാസമായിരിക്കും. എന്നാൽ കന്യകാമറിയത്തെ നോക്കൂ. ദുഃഖം കടിച്ചമർത്തി കുരിശിന്റെ വഴിയിൽ കണ്ണും മനസ്സും ചേർത്തു വെച്ച് ആ കാലടികൾ വേച്ചു വേച്ചു പോകുന്നു.

പടയാളികൾ "യഹൂദരുടെ രാജാവേ സ്വസ്തി"എന്ന് പറഞ്ഞു അവന്റെ മേൽ തുപ്പുകയും വിവസ്ത്രനാക്കുകയും, ഞാങ്ങണ കൊണ്ടടിക്കുകയും ചെയ്തു. ഇതിനെല്ലാം മനസ്സ്കൊണ്ടല്ലെങ്കിലും കണ്ണ്കൊണ്ട് സാക്ഷിയാകേണ്ടി വന്നല്ലോ എന്നോർത്ത് ബറാബാസ് ഉള്ളിൽ ആരും കാണാതെ വിതുമ്പി.

കുരിശിനു മുകളിൽ ഹെബ്രായയിലും ലത്തീനിലും ഗ്രീക്കിലും എഴുതപ്പെട്ട ഒരു വാചകം ഉണ്ടായിരുന്നു; 'നസ്രായനായ യേശു യഹൂദരുടെ രാജാവ്'

ഇതെന്തൊരു ദൈവപുത്രൻ ആണ്. ഇത്രയും അവഹേളിക്കപ്പെട്ട മറ്റൊരു ദൈവപുത്രൻ ഇല്ലെന്നു തോന്നുന്നു. എല്ലാക്കാലവും മനുഷ്യരാശി മുഴുവൻ ഈ ഹീനകൃത്യത്തോട്ടു മാപ്പിരക്കണം.

യഹൂദജനം മൊഴിയുന്നു; 'അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെ മേലും ആയിക്കൊള്ളട്ടെ' എന്ന്.

ബറാബാസ് ആരും കാണാതെ ഹൃദയം കഴുകി പറഞ്ഞു: "ഈ നീതിമാന്റെ രക്തത്തിൽ എനിക്കും പങ്കില്ല."

വിപ്ലവകാരിയായ തനിക്കായ് സ്നേഹത്തിന്റെ വിപ്ലവം പ്രഘോഷിച്ച യേശു, മാംസത്തിൽനിന്നും രക്തവും വെള്ളവും ഒഴുക്കി. പന്ത്രണ്ടു ശിഷ്യരുടെ കൂടെ നടന്ന അവൻ തനിക്കായി ഒരുക്കിയ കുരിശിൽ സ്വയം ബലിയായി.

"എലോയ് എലോയ് ലാമ സബക് താനി..." ഈ വാക്കുകൾ ബറാബാസിന്റെ ഹൃദയത്തിൽ ആഞ്ഞു തറക്കുന്നതായി തോന്നി. രണ്ടു കള്ളന്മാരുടെ നടുവിൽ ഒരു കള്ളനെപ്പോലെ അവർ ക്രിസ്തുവിനെ ക്രൂശിലേറ്റി. കാൽവരിയുടെ നെറുകയിൽ സൂര്യൻ അണഞ്ഞു.

ലോകത്തിന്റെ പ്രകാശമായി വന്ന യേശു ഈ ലോകത്തിൽനിന്നും അകന്നപ്പോൾ മൂന്ന് മണിക്കൂർ നേരം ഭൂമിമുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു. "പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു." അന്തരീക്ഷത്തിൽ അലിഞ്ഞില്ലാതായി അവസാന വാക്കുകൾ.

നല്ല കള്ളനെപ്പോലെ തനിക്കും പറുദീസ വേണം. ലോകത്തിന്റെ പ്രകാശമായ ഗുരുവിനുവേണ്ടി ലോകത്തിൽ സുവിശേഷമായി തനിക്ക് ജീവിക്കണം. ബറാബാസിന്റെ ചിന്തകൾ മുന്നോട്ട് സഞ്ചരിച്ചു തുടങ്ങി.

ക്രിസ്തുവിന്റെ കരുണയുള്ള നോട്ടം മതി മുന്നോട്ട് ജീവിക്കാൻ എന്നാരോ ഉള്ളിൽ മന്ത്രിക്കുന്നു. അവനവന്റെ മനസ്സാണ് ഏറ്റവും അധികം കുമ്പസാരം നടക്കുന്ന കൂട്. അവിടെ നടക്കുന്ന മാനസാന്തരം അറിയുന്നത് ഹൃദയത്തിലേക്ക് കണ്ണ് നട്ടിരിക്കുന്ന ക്രിസ്തു മാത്രമാണെന്ന് അവനറിയാൻ തുടങ്ങി.

ക്രിസ്തുവിന്റെ മരണത്തിനും തന്റെ പുനർജീവിതത്തിനും ഇടയിലൊരു കല്ലറയുണ്ട്. അവിടെ തന്റെ പാപങ്ങളെ അടക്കണം. എന്നിട്ട് ലാസറെപ്പോലെ ഉയിർത്തെഴുന്നേൽക്കണം.

ബറാബാസിന്റെ ചിന്തകൾ മരവിച്ചു തുടങ്ങി. വിപ്ലവം തലയ്ക്കു പിടിച്ച തന്റെ തലയ്ക്ക് ഇതെന്തു പറ്റി? എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് എന്നെ നീ ഉപേക്ഷിച്ചില്ല എന്ന മറുചോദ്യവുമായി ബറാബാസ് കല്ലറയുടെ വാതിൽക്കൽ നിന്നും മടങ്ങി..

●



# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭരണവികസന പങ്കാളിത്ത സാധ്യതകളും

പ്ലാസിഡ് ഗ്രിഗറി
തിരുവനന്തപുരം അതിരൂപത
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

ജനാധിപത്യഭരണം, സുസ്ഥിരവികസനം എന്നീ രംഗങ്ങളിൽ വികേന്ദ്രീകൃത - പങ്കാളിത്ത, ഭരണ-വികസന തത്വങ്ങളും മൂല്യങ്ങളും ആഗോളവ്യാപകമായി പ്രായോഗികമാക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഈ രംഗത്ത് ദീർഘ വീക്ഷണത്തോടും ആർജ്ജവത്തോടുമുള്ള ഒരു ചുവടുവയ്പായിരുന്നു 1992 ഡിസംബർ മാസം ഇന്ത്യൻ പാർലമെൻറ് പാസ്സാക്കിയ 73, 74 ഭരണഘടനാഭേദഗതി നിയമത്തിലൂടെ ഭാരത സർക്കാർ നടത്തിയത്. പ്രസ്തുത നിയമ ഭേദഗതിയുടെ അന്തഃസത്ത ഉൾക്കൊണ്ട് 1994 ൽ കേരള നിയമസഭ പാസ്സാക്കിയ കേരള പഞ്ചായത്ത്‌രാജ്, മുനിസിപ്പാലിറ്റ് ആക്ടുകളും വികേന്ദ്രീകൃത ഭരണത്തിനും ഭരണ-വികസന പങ്കാളിത്തത്തിനും ഭരണഘടനാ പിൻബലത്തോടുകൂടിയ ഒട്ടനവധി അവസരങ്ങൾ പ്രദാനം ചെയ്തു.

ആസൂത്രിത വികസനത്തിലും തദ്ദേശ ഭരണകാര്യങ്ങളിലും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ത്രിതല പഞ്ചായത്തു സംവിധാനവും, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയും സ്ഥാപിക്കുക; അങ്ങനെയുള്ള പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് സാധ്യമാകത്തക്കവിധമുള്ള അധികാരങ്ങളും അധികാരശക്തിയും നല്കുക; ഭരണഘടനയുടെ പതിനൊന്നും, പന്ത്രണ്ടും പട്ടികയിൽ പറഞ്ഞിട്ടുള്ള സംഗതികളെ സംബന്ധിച്ച് പദ്ധതികൾ നടപ്പാക്കുന്നതു

ൾപ്പെടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കലും നടപ്പാക്കലും അങ്ങനെയുള്ള പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ഭരമേല്പിക്കുക; എന്നിവയാണ് സംസ്ഥാന നിയമം പാസ്സാക്കിയതിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. ആയതിനാൽ, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ ത്രിതല പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, മുനിസിപ്പൽ കോർപ്പറേഷനുകളും ഈ ലക്ഷ്യ പ്രാപ്തിക്കായി രൂപീകൃതമായ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളാണ്. ഇതിലെ നിയമ വ്യവസ്ഥകളും ചട്ടങ്ങളുമനുസരിച്ച് ഈ സംസ്ഥാനത്തെ ഓരോ പൗരന്മാരും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഭരണവിസകന പ്രക്രിയകളിൽ സജീവപങ്കാളികളാകുന്നതിനുള്ള ഒട്ടേറെ സാധ്യതകളും അവസരങ്ങളും ലഭ്യമാണ്.

കേരളത്തിലെ പിന്നാക്കം നില്ക്കുന്ന ഒരു സമൂഹമെന്നനിലയിൽ ലത്തീൻ സമുദായത്തിന്റെ വളർച്ചക്കും, വികസനത്തിനും തദ്വാര മുന്നേറ്റത്തിനും തദ്ദേശ ഭരണ സംവിധാനങ്ങളിലുള്ള സാധ്യകളെയും അവസരങ്ങളെയും കുറിച്ചുള്ള ലഘുവിവരണമാണ് ഈ ലേഖനം.

## ലത്തീൻസമുദായവും ഭരണ-വികസന പങ്കാളിത്തസാധ്യതകളും

അധികാര വികേന്ദ്രീകരണത്തിലൂടെയും, ഭരണ-വികസന പങ്കാളിത്തത്തിലൂടെയും സാമൂഹിക നീതിയും, സാമ്പത്തിക വികസനവും എല്ലാവർക്കും, വിശിഷ്യാ, പാർശ്വവൽക്കരിക്കപ്പെട്ടവരും പിന്നാക്കക്കാരുമായ സമൂഹങ്ങൾക്ക് ഉറപ്പുവരുത്തുവാൻ ഭരണഘടനാപരമായി ചുമതലപ്പെട്ട പ്രാദേശിക ഭരണസംവിധാനങ്ങളാണ് പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും. ഉത്തരവാദിത്വമുള്ള ഒരു ഇന്ത്യൻ പൗരനെന്ന നിലയിൽ ഭരണഘടന അനുവദിച്ചു നല്കിയിട്ടുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനൊപ്പം അനുബന്ധ പൗരധർമ്മങ്ങളും നിറവേറ്റാനും ഓരോ ലത്തീൻ കത്തോലിക്കനും ബാധ്യസ്ഥനാണ്. കൂടാതെ ഒരു ഉത്തമ കത്തോലിക്ക വിശ്വാസിയെന്ന നിലയിൽ സഭയുടെ സാമൂഹിക പ്രബോധനങ്ങൾ ഉദ്ബോധിപ്പിക്കുന്നതനുസരിച്ച് നിലവിലുള്ള സാമൂഹിക സാമ്പത്തിക, രാഷ്ട്രീയ-ഭരണ സംവിധാനങ്ങളിൽ സഹകരിച്ചും പങ്കാളികളായും പ്രവർത്തിച്ചുകൊണ്ട് വിശപ്പിനും, അജ്ഞതയ്ക്കും, രോഗത്തിനുമെതിരെ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട്, മെച്ചപ്പെട്ട ജീവിത സ്ഥിതിക്കും സമാധാനത്തിനുംവേണ്ടി അദ്ധ്വാനിക്കുവാൻ - (വത്തിക്കാൻ കൗൺസിലിന്റെ പ്രേഷിത പ്രവർത്തനത്തിനുവേണ്ടിയുള്ള ഡിക്രിയിൽ പറഞ്ഞിരിക്കുന്നത്) ഓരോ കത്തോലിക്കാ വിശ്വാസിയും കടപ്പെട്ടവരാണെന്ന ഉത്തമ ബോധ്യവും ഉണ്ടാകണം. ഇതിന്റെ അടിസ്ഥാനത്തിൽ ദീർഘവീക്ഷണത്തോടും ദിശാബോധത്തോടുമുള്ള ഒരു സമീപനമായിരിക്കണം തദ്ദേശ സ്വയംഭരണ സംവിധാനങ്ങളിലെ ഭരണ-വികസന പങ്കാളിത്തത്തിൽ ലത്തീൻ സമുദായം സ്വീകരിക്കേണ്ടത്.



**തങ്ങൾ പ്രതിനിധാനം ചെയ്യുന്ന വാർഡുകളിലെ വിജയസാധ്യതകൾ മനസ്സിലാക്കിക്കൊണ്ടായിരിക്കണം ഓരോ മത്സരാർത്ഥിയും തിരഞ്ഞെടുപ്പിലേയ്ക്ക് കടന്നുവരേണ്ടത്. വോട്ടുകളുടെ എണ്ണം കൃത്യമായി കണക്കുകൂട്ടിയും, സഭയുടെയും സമുദായത്തിന്റെയും പിൻതുണയും പിൻബലവും ആർജ്ജിച്ചും, രാഷ്ട്രീയ പാർട്ടികളുടെ സഹകരണത്തോടും, പൊതുജനസമ്മതരും സമുദായത്തോട് പ്രതിബദ്ധതയുള്ളവരുമായ നേതൃത്വത്തെ മത്സരരംഗത്ത് നിർത്തിയാൽ വിജയസാധ്യത ഉറപ്പുവരുത്തുവാൻ കഴിയും.**



## അധികാരപങ്കാളിത്തത്തിന് അവസരം നല്കുന്ന തദ്ദേശതിരഞ്ഞെടുപ്പ്

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള വനിത, എസ്.സി/എസ്.റ്റി സംവരണം, ഭരണ-വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ അവസരം ലഭ്യമാക്കുന്ന ഗ്രാമ, വാർഡ് സഭകൾ / വാർഡ് കമ്മിറ്റികൾ, അവയുടെ കീഴ്ഘടകങ്ങൾ, പങ്കാളിത്ത ആസൂത്രണത്തിൽ പങ്കാളികളാകാൻ അവസരം നല്കുന്ന വർക്കിംഗ് ഗ്രൂപ്പുകളും വിഷയ സമിതികളും, ഭരണ വികസന രംഗങ്ങളിൽ സുതാര്യതയും, അക്കൗണ്ടബിലിറ്റിയും ഉറപ്പുവരുത്തുന്നതിനുള്ള നിയമവ്യവസ്ഥകൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്ന് നിലവിലുണ്ട്. പ്രസ്തുത സാധ്യതകളും അവസരങ്ങളും എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് നോക്കാം. തദ്ദേശഭരണ സംവിധാനത്തിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നതിനാൽ അധികാരപങ്കാളിത്ത സാധ്യതകൾക്കാണിതിൽ പ്രാധാന്യം നല്കിയിരിക്കുന്നത്.

## അധികാരസ്ഥാപനങ്ങളിലെ പങ്കാളിത്തം

തദ്ദേശഭരണ സ്ഥാപന തിരഞ്ഞെടുപ്പിലൂടെ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട് അധികാര സ്ഥാനങ്ങളിലേയ്ക്ക് എത്തി ഭരണത്തിൽ പങ്കാളികളാകുകയെന്നതാണ് ജനാധിപത്യ ക്രമം. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന വാർഡുകളിലെ വിജയസാധ്യതകൾ മനസ്സിലാക്കിക്കൊണ്ടായിരിക്കണം ഓരോ മത്സരാർത്ഥിയും തിരഞ്ഞെടുപ്പിലേയ്ക്ക് കടന്നുവരേണ്ടത്. വോട്ടുകളുടെ എണ്ണം കൃത്യമായി കണക്കുകൂട്ടിയും, സഭയുടെയും സമുദായത്തിന്റെയും പിൻതുണയും പിൻബലവും ആർജ്ജിച്ചും, രാഷ്ട്രീയ പാർട്ടികളുടെ സഹകരണത്തോടും, പൊതുജനസമ്മതരും സമുദായത്തോട് പ്രതിബദ്ധതയുള്ളവരുമായ നേതൃത്വത്തെ മത്സരരംഗത്ത് നിർത്തിയാൽ വിജയ സാധ്യത ഉറപ്പുവരുത്തുവാൻ കഴിയും. ഇതിന് കാലേകൂട്ടിയും കരുതലോടുമുള്ള ഒരുക്കങ്ങൾ അനിവാര്യമാണ്.

ജനപ്രതിനിധിയായി ജയിച്ചുവന്നാൽ അദ്ധ്യക്ഷ പദവികൾ, ഉപാദ്ധ്യക്ഷ പദവികൾ, സ്റ്റാൻറിംഗ് കമ്മിറ്റി അധ്യക്ഷ പദവികൾ തുടങ്ങിയ ഭരണത്തിന്റെ ഉന്നതപദവികളിലേയ്ക്ക് കടന്നുവരാനുള്ള അവസരങ്ങളും ലഭ്യമാണ്. അധികാര പങ്കാളിത്തത്തിൽ നിർണ്ണായകവും ക്രിയാത്മകവുമായ പങ്കുവഹിക്കുന്നതിനുള്ള അവസരങ്ങളാണ് ഓരോ ജനപ്രതിനിധിക്കും, വിശിഷ്യാ, നേതൃത്വ



ത്തിലുള്ളവർക്കും ഇതിലൂടെ ലഭ്യമാകുന്നത്. വനിതകൾക്ക് മത്സരിക്കുന്നതിനുള്ള 50 ശതമാനം സംവരണത്തിനു പുറമേ അധ്യക്ഷപദവിയിലും കുറഞ്ഞത് 50 ശതമാനം സംവരണം നല്കിയിരിക്കുന്നത് അവർക്ക് ഉറപ്പുള്ള അധികാരസ്ഥാനം നേടിയെടുക്കാനുള്ള അവസരമാണ് നല്കുന്നത്.

ഭരണ നേതൃത്വത്തിലേയ്ക്കു കടന്നുവന്നാൽ പ്രാദേശികതലത്തിൽ തങ്ങൾ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെയെല്ലാം, വിശിഷ്യാ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നില്ക്കുന്ന ലത്തീൻ സമുദായത്തിന്റെ ശബ്ദമായി മാറുവാനും, അവരുടെ ഉന്നമനത്തിനും, സ്ഥായിയായ നിലനില്പിനുമുതകുന്ന ക്ഷേമ, വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോട് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നേതൃത്വം നല്കുന്നതിനുമുള്ള അവസരം ലഭിക്കും. കൂടാതെ ഗുണഭോക്തൃ തിരഞ്ഞെടുപ്പും സഹായ വിതരണങ്ങളും അർഹരായവർക്കു തന്നെ സമയബന്ധിതമായി ലഭ്യമാക്കി എന്നുറപ്പുവരുത്തിയാൽ അത് നീതിപൂർവ്വമായ ഇടപെടലാകും. ഒപ്പം ഗ്രാമ / വാർഡുസഭകൾ / വാർഡ് കമ്മിറ്റികൾ, വാർഡ് വികസന സമിതികൾ എന്നിവയിൽ ജനങ്ങൾക്ക് പരമാവധി പങ്കാളിത്ത അവസരങ്ങളൊരുക്കി സംഘടിപ്പിക്കുന്നതിന് നേതൃത്വം നല്കുന്നതിലൂടെ അധികാര വികേന്ദ്രീകരണത്തിനും ജനപങ്കാളിത്തത്തിനും അതിലൂടെ പ്രത്യക്ഷ / പങ്കാളിത്ത ജനാധിപത്യത്തിനും അനുകരണീയമായ ഒരു മാതൃക സൃഷ്ടിക്കാനും കഴിയും. തങ്ങളുടെ ഭരണകാലയളവായ 5 വർഷംകൊണ്ട് ജനാധിപത്യ, പങ്കാളിത്ത ഭരണ-വികസന പ്രവർത്തനങ്ങളിൽ ഒട്ടേറെ അനുഭവങ്ങളും അറിവും കഴിവുമാർജ്ജിക്കുന്നതിന് ഇതിലൂടെ ഓരോ ജനപ്രതിനിധിക്കും അവസരം ലഭിക്കും.

ഈ അനുഭവജ്ഞാനവും കഴിവുകളും ദീർഘവീക്ഷണത്തോടും ഉയർന്ന പ്രതിബദ്ധതയോടും പ്രയോജനപ്പെടുത്തുന്ന പക്ഷം അത്തരക്കാരുടെ ജനപ്രീതി വർദ്ധിക്കുന്നതിനും അതിലൂടെ രാഷ്ട്രീയ സമൂഹിക, ഭരണ നേതൃത്വനിരയിലേയ്ക്ക് ഉയർന്നുവരാനും വളർത്തി നിലനിർത്താനും അവസരം ലഭിക്കും. ഒപ്പം താഴെത്തട്ടിലെ ജനാധിപത്യ ഭരണസംവിധാനത്തിലെ ഭരണ-വികസന പാടവം പിൽക്കാലത്ത് ഉയർന്ന തട്ടിലെ ഭരണസംവിധാനങ്ങളിലേയ്ക്കു കടന്നുവരുന്നതിനുള്ള ഒരു ചവിട്ടു പടിയുമാകും.

## മറ്റ് ജനകീയ, ജനാധിപത്യ സംവിധാനങ്ങളിലെ പങ്കാളിത്തം

ഗ്രാമ / വാർഡ് സഭകൾ, വാർഡ് കമ്മിറ്റികൾ : ഭരണഘടനയുടെ പിൻബലമുള്ള ജനാധിപത്യ ജനകീയ സഭകളാണിവ. പ്രാദേശിക വികസന പദ്ധതികൾ തയ്യാറാക്കുന്നതിൽ സജീവമായി പങ്കുചേർന്നുകൊണ്ട് ക്രിയാത്മക അഭിപ്രായങ്ങൾ നല്കിയും നിർദ്ദേശങ്ങൾ നല്കിയും പദ്ധതി ആസൂത്രണത്തിൽ പങ്കുചേരാൻ ഓരോ വോട്ടർക്കും ഈ സഭയിൽ പങ്കുചേരുന്നതിലൂടെ അവസരം ലഭിക്കും. കൂടാതെ ഗുണഭോക്തൃ ലിസ്റ്റ് അന്തിമമായി തയ്യാറാക്കുന്ന സഭയിൽ പങ്കുചേർന്നുകൊണ്ട് അർഹരായവർക്ക് നീതി ഉറപ്പാക്കുന്നതിനും, പദ്ധതി മോണിറ്റർ ചെയ്യുന്ന സഭയിലും സോഷ്യൽ ആഡിറ്റ് നടത്തുന്ന സഭയിലും പങ്കുചേർന്നുകൊണ്ട് ഭരണ-വികസന പ്രക്രിയാ സുതാര്യത ഉത്തരവാദിത്വപൂർണ്ണമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള അവസരം ഓരോ വോട്ടർക്കും ലഭിക്കും. ഒട്ടേറെ അവശതകൾ അനുഭവിക്കുന്ന ഒരു വിഭാഗമെന്ന നിലയിൽ ലത്തീൻ സമുദായ അംഗങ്ങളുടെ പങ്കാളിത്തം ഇത്തരം സഭകളിൽ സജീവമായ ഒട്ടേറെ സദ്ഫലങ്ങൾ നേടുവാൻ അവസരം ലഭിക്കും.

## സേവാഗ്രാം ഗ്രാമ/വാർഡ് കേന്ദ്രങ്ങളും അനുബന്ധ ഘടനകളും

കേരളത്തിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ സേവാഗ്രാം ഗ്രാമ / വാർഡ് കേന്ദ്രങ്ങൾ, ഓരോ വാർഡിന്റെയും കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഗ്രാമ /വാർഡ് സഭകളെ ശക്തമാക്കുന്നതിനും, ജനങ്ങൾക്കുവേണ്ട സേവനം നല്കുന്ന കേന്ദ്രമായും ജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്ന കീഴെത്തട്ടു ഘടകങ്ങളായ വാർഡ് വികസന സമിതികൾ, അയൽസഭകൾ, അയൽസഭ നിർവ്വാഹക സമിതികൾ, മത്സ്യസഭകൾ, ഊരുക്കൂട്ടങ്ങൾ എന്നിവയുടെ സംഘാടക, മേൽനോട്ട കേന്ദ്രങ്ങളായും ഇവ പ്രവർത്തിക്കുന്നു. അയൽസഭ, മത്സ്യസഭ തുടങ്ങി വാർഡ് വികസന സമിതിവരെയുള്ള ഓരോ സഭകളിലും സജീവ പങ്കാളികളായി ഭരണ - വികസന പങ്കാളിത്തം ഉറപ്പുവരുത്താൻ ഓരോ പൗരന്മാർക്കും അവസരമുണ്ട്.

## പങ്കാളിത്ത ആസൂത്രണ സമിതികൾ

പങ്കാളിത്ത ആസൂത്രണവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ, വിഷയ സമിതികൾ, മറ്റ് വിദഗ്ധ സമിതികൾ എന്നിവയിൽ അനുഭവ സമ്പത്തും, വൈദഗ്ധ്യവും, പ്രതിബദ്ധതയുമുള്ള എല്ലാ പൗരന്മാർക്കും പങ്കുചേരുന്നതിനുള്ള അവസരങ്ങളുണ്ട്.

## ഉപസംഗ്രഹം

മുകളിൽ വിവരിച്ച അവസരങ്ങൾക്കു പുറമേ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങൾ, ജനകീയ പ്രസ്ഥാനങ്ങൾ എല്ലാം നേരിട്ടോ പരോക്ഷമായോ വിവിധതലത്തിലും തരത്തിലുമുള്ള ഭരണ-വികസന പ്രവർത്തനത്തിനുള്ള പങ്കാളിത്ത സാഹചര്യങ്ങൾ ഒരുക്കുന്നു. ലഭ്യമായ അവസരങ്ങൾ എന്തൊക്കെയാണെന്ന് കാലേക്കൂട്ടി മനസ്സിലാക്കി ദീർഘ വീക്ഷണത്തോടും, പ്രതിബദ്ധതയോടും, ദിശാബോധത്തോടും ഭിന്നിപ്പിക്കുന്ന ശക്തികളെ അകറ്റി നിർത്തിക്കൊണ്ട് ലത്തീൻ സമുദായം ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ ജനാധിപത്യ വ്യവസ്ഥിതിയിൽ ലഭ്യമായ ഭരണ-വികസന പങ്കാളിത്ത സാധ്യതകൾ സമുദായത്തിന്റെ മുന്നേറ്റത്തിനും ക്ഷേമത്തിനും പ്രയോജനപ്പെടുത്തുന്നതിനൊപ്പം ഭാവിയിൽ സാമൂഹ്യനീതിയിലധിഷ്ഠിതമായ ഒരു സുസ്ഥിരവികസിത സമൂഹസൃഷ്ടിയിൽ ഭാഗഭാഗിത്വം ഉറപ്പുവരുത്തുവാനും കഴിയും.

●




# തനി നാടൻ ജീവിതങ്ങളും കുറെ ചരിത്ര യാഥാർത്ഥ്യങ്ങളും

(നരിവേട്ട എന്ന സിനിമയെ കുറിച്ച് )

സുനിൽ സി. ഇ

**രണ്ടായിരത്തി മൂന്നിന്റെ ആരംഭത്തിൽ വയനാട്ടിൽ പ്രതിഷേധ സംഗമം സംഘടിപ്പിച്ച ആദിവാസികൾക്കെതിരെ സർക്കാരിന്റെ അനുമതി പ്രകാരം പോലീസ് വെടിവയ്പ്പുണ്ടായ മുത്തങ്ങയിലെ യഥാർത്ഥ ചരിത്ര സംഭവത്തെയാണ് (കള്ള ചരിത്രമല്ല) നരിവേട്ട പരിശോധിക്കുന്നത്.**



സർക്കാർ എന്ന ശല്യക്കാർക്ക് നാടൻശീലങ്ങൾ വിളയാടുന്ന ഗ്രാമങ്ങളെ ഒരിക്കലും മനസ്സിലാകില്ല. ജീവിതത്തിലെ അഴിയാക്കുരുക്കുകൾ വിടർന്നു തുടങ്ങുമ്പോൾ ആദിവാസിയുടെ സംഘർഷങ്ങൾ മൂർദ്ധന്യത്തിലേക്ക് പായുന്നു. ദുഷ്ടലാക്കോടെ സർക്കാർ വാളെഴ്ക ഇടം മുടിഞ്ഞുപോകുമെന്ന ശാപം കിട്ടിയ ഊരിന്റെ ഹൃദയമിടിപ്പുകളിലൂടെയുള്ള ക്യാമറയുടെ പകച്ചോട്ടമാണ് 'നരിവേട്ട' എന്ന സിനിമ. ഒരു സംസ്ഥാനത്തിന്റെ ആഭ്യന്തരവകുപ്പിനെ തുഴഞ്ഞാൽ നീങ്ങാത്ത തോണിയാക്കി തീർക്കുന്നത് അതതുകാലത്തെ സർക്കാരുകൾ ആണെന്ന വലിയ ധാരണ നരിവേട്ടയിൽ പൊതിഞ്ഞുവെയ്ക്കപ്പെട്ടിട്ടുണ്ട്. അതിജീവനത്തിന്റെ തന്ത്രങ്ങളൊന്നും പഠിച്ചെടുക്കാനോ അവയെപ്പറ്റി ബോധമുദിക്കാനോ സാധിച്ചവരല്ല  മുത്തങ്ങയിലെ ആദിവാസികൾ. ഒരുപക്ഷേ അത്തരത്തിലുള്ള ഒരു ബോധമുദിപ്പിക്കാൻ ആരുടെയും ഊഷ്മളസാന്നിദ്ധ്യം ഇല്ലാതെ പോയതുതന്നെ കാരണം. കതകും കെട്ടുറപ്പും ഇല്ലാത്ത

ഒരു ഉൾനാടൻ ഗ്രാമത്തെ ഈവിധം നരകതുല്യമാക്കിയത് രാഷ്ട്രീയ കൂട്ടുകച്ചവടമാണെന്ന് പക്ഷേ അവർക്കറിയാം ഈ വിപരീത ധ്രുവങ്ങളിലുള്ള ജനങ്ങളും സർക്കാരും തമ്മിലുള്ള സംഘർഷം ഉടലെടുക്കുമ്പോൾ പോലീസ് സേനയുടെ സ്വാധീനങ്ങൾ, അനുശാസന നിർമ്മിതികൾ, രണ്ടിനുമിടയിലെ ശ്രേണീബദ്ധ പദ്ധതികളുടെ ഉരുത്തിരിയൽ, അതിജീവനത്തിനു അത്യാവശ്യമായ ജോലിയുടെ സാംഗത്യം ഒക്കെ പുനർനിർവ്വചനം ചെയ്യപ്പെടുകയാണ് നരിവേട്ട എന്ന സിനിമ.

## മനുഷ്യപരിപാലനം എന്ന തട്ടിപ്പ്

നേരിന്റെ പൊരുൾ വിടർത്തിയെടുക്കാൻ പ്രാപ്തനായ ഒരേ ഒരാൾ നിയമപാലകൻ ആയിരിക്കുമെന്നും അയാൾ മാത്രമേ രക്ഷാ സങ്കേതമായിട്ടുള്ളൂ എന്നും സിദ്ധിധാരണ തിരിഞ്ഞവരാണ് മുത്തങ്ങയിലെ ആദിവാസികൾ. ചരിത്രത്തിന്റെ മന:സാക്ഷിയുടെ ജഡം അപചയ സംസ്കാരം വിരിച്ചിട്ട യാഥാർത്ഥ്യത്തിന്റെ മണൽപ്പുറത്ത് അടിയുന്ന വിധം മനസ്സിലാകണമെങ്കിൽ നരിവേട്ടയുടെ പ്രമേയവഴികളിലൂടെ സഞ്ചരിച്ചേ മതിയാകൂ. അബിൻ ജോസഫ് തിരക്കഥയും സംഭാഷണവും നിർവ്വഹിച്ച നരിവേട്ട അനുരാജ് മനോഹർ എന്ന സംവിധായകന്റെ ഉൾക്കാഴ്ചയിലൂടെ വികസിക്കുന്ന വിധത്തെയും പഠിക്കേണ്ടതുണ്ട്. ഉന്നത മാവോയിസ്റ്റ് നേതാവും പ്രവർത്തകരും ഛത്തീസ്ഗഢിൽവച്ച് വെടിയേറ്റ് കൊല്ലപ്പെട്ടതിന്റെ ഏതാനും നാളുകൾക്കു ശേഷം, രണ്ടായിരത്തി മൂന്നിന്റെ ആരംഭത്തിൽ വയനാട്ടിൽ പ്രതിഷേധ സംഗമം സംഘടിപ്പിച്ച ആദിവാസികൾക്കെതിരെ സർക്കാരിന്റെ അനുമതി പ്രകാരം പോലീസ് വെടിവയ്പ്പുണ്ടായ മുത്തങ്ങയിലെ യഥാർത്ഥ ചരിത്ര സംഭവത്തെയാണ് (കള്ള ചരിത്രമല്ല) നരിവേട്ട പരിശോധിക്കുന്നത്. ഇതിലെ കേന്ദ്രകഥാപാത്രമായ വർഗ്ഗീസ് പീറ്റർ (ടൊവീനോ) മുത്തങ്ങ ആദിവാസി പ്രക്ഷോഭത്തിന് കാവൽ അരുളാൻ അയയ്ക്കപ്പെട്ട സി.ആർ.പി.എഫ്. ബറ്റാലിയനിലെ അംഗമാണ്. എന്നാൽ പ്രതിഷേധത്തെ അമർച്ച ചെയ്യാനുള്ള ഭരണകൂടത്തിന്റെ രീതികൾ പഠിച്ചെടുക്കുന്നതിൽ വർഗ്ഗീസ് അസ്വസ്ഥനാകുകയാണ്. ഭരണകൂടത്തിന്റെ മൂല്യച്യുതിയും ഒരു ആദിവാസി മലയാളിയുടെ ഐഡൻറിറ്റിയുടെ നിരാകരണവും വന്നുഭവിച്ചതിന്റെ ലക്ഷണചിഹ്നങ്ങൾ വ്യക്തമാക്കപ്പെടുകയാണിവിടെ. എന്നാൽ സ്വത്വബോധത്തെക്കുറിച്ചുള്ള ആവലാതികൾ രാഷ്ട്രീയ പരിപ്രേക്ഷ്യത്തിൽ കൊയ്യാനുള്ള വിളവുകൾ എന്ന വ്യാമോഹത്തിനു വഴി തെളിക്കുന്ന ഒരു കാലത്തിൽ ഇത്തരം ഒരു സിനിമയുടെ ചരിത്ര പ്രാധാന്യത്തെ നമുക്ക് തള്ളിക്കളയാനാവില്ല. എന്തുകൊണ്ടാണ് വർഗ്ഗീസ് പീറ്റർ പോലീസുകാരിൽ നിന്ന് ഓടിരക്ഷപ്പെടുന്നത്? ചിത്രം ആരംഭിക്കുന്നതാകട്ടെ പ്രതി ചേർക്കപ്പെട്ടവരെ ചോദ്യം ചെയ്യലിനായി ഒരു ഗോഡൗണിലേക്കു കൊണ്ടുപോകുന്ന ദൃശ്യത്തോടെ ആരംഭിക്കുന്ന ഒരു സിനിമയിലെ കേന്ദ്രകഥാപാത്രം ഓടി മറയുകയാണ്. പക്ഷേ വർഗ്ഗീസ് ഒരു പോലീസുകാരനാണെന്ന് ആ ഒരൊറ്റ ഷോട്ടിൽ കാണിക്ക് മനസ്സിലാകുന്നു. കാരണം ഫ്ളാഷ്ബാക്കിൽ ആദിവാസികൾക്കിടയിലെ പ്രക്ഷോഭത്തിന്റെ ആരംഭത്തിലേക്ക് നമുക്ക് ചെറുതല്ലാത്ത ഒരു കാഴ്ച തുടക്കത്തിൽ തന്നെ ലഭിക്കുന്നുണ്ട്. മുത്തങ്ങയിലെ ജനങ്ങളോട് സർക്കാർ കാട്ടിയ ക്രൂരതയുടെ യഥാർത്ഥ മുഖം അന്വേഷിക്കുകയാണ് വർഗ്ഗീസിന്റെ ലക്ഷ്യം.

(1) സർക്കാർ വാഗ്ദാനം ചെയ്ത ഭൂമി നൽകാത്തത്.

(2) സ്ഥിരമായ ജോലി കണ്ടെത്താൻ കഴിയാത്തത്.



ഈ രണ്ടു സാധ്യതകളും അടയ്ക്കപ്പെടുമ്പോൾ നേതാക്കൾ മുത്തങ്ങ റിസർവിൽ ഒത്തുകൂടാനും പ്രതിഷേധിക്കാനും തീരുമാനിക്കുകയാണ്. ഭരണകൂടത്തിന്റെ കാർക്കശ്യത്തിൽ ഞെരിഞ്ഞുതകരുന്ന ഒരു യാഥാസ്ഥിതിക മനുഷ്യ സമൂഹത്തെ പോലീസ് സേന (എല്ലാരുമല്ല) പഠിച്ചെടുക്കുന്ന വിധത്തെയാണ് വർഗ്ഗീസ് എന്ന കഥാപാത്രത്തിലൂടെ അനാവരണപ്പെടുത്തുന്നത്. സാധാരണ ഒരു പോലീസ് ഉദ്യോഗസ്ഥനുള്ള നെഞ്ചൂക്കും കായബലവും ആത്മവിശ്വാസവും തുടക്കത്തിൽ ഒരു അധികാരമായി വർഗ്ഗീസിൽ പ്രവർത്തിക്കുന്നില്ല. പക്ഷേ നിയമപാലകൻ വ്യാജ മനുഷ്യപരിപാലകൻ ആണെന്ന തത്വത്തെ തുടക്കം മുതൽ വർഗ്ഗീസ് എന്ന കഥാപാത്രത്തിലൂടെ സിനിമ പുറത്തുചാടിക്കുന്നുണ്ട്.

## അനുബന്ധം

ഭരണകൂടത്തിന്റെ അനീതികൾക്ക് വശംവദരായ മനുഷ്യർക്ക് കഷ്ടപീഡകൾ വന്നുഭവിച്ചെങ്കിൽ ദൃഷ്ടനാം ദുർവിധി മൂലമാണെന്ന അന്ധവിശ്വാസത്തിന് തീർപ്പുകല്പിച്ച് നിയമപാലകർ ആശ്വസിക്കുകയാണ് പതിവ് എന്ന് സിനിമ പറഞ്ഞുവെയ്ക്കുന്നുണ്ടെങ്കിലും, ഭരണകൂടമായാലും പോലീസ് സേനയായാലും അവരുടെ അധികാരങ്ങൾ കയ്യേറിയ സത്യങ്ങളെ അവരറിയാതെ തന്നെ സമൂഹത്തിലേക്ക്, ഏറെ പ്രത്യേകിച്ച് ദുർബല മനുഷ്യരുടെ ഇടയിലേക്ക് ലയിപ്പിക്കുമെന്നാണ് സിനിമ പറഞ്ഞുവയ്ക്കുന്നത്. പക്ഷേ സിനിമ തീരുമ്പോൾ ആ ചോദ്യം ആവർത്തിക്കുന്നു. ഒരു പോലീസ് അധികാരിക്ക് തനിച്ചുനിന്ന് ആദിവാസികൾക്ക് നീതി ലഭ്യമാക്കാൻ കഴിയുമോ?

●



# താക്കോൽ ദ്വാര ശസ്ത്രക്രിയ ഹെർണിയ 2





റവ. ഡോ. ലെനിൻ രാജ്
(മാനേജർ, ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, പാളയം)



ഡോ അനു ആന്റണി വർഗീസ് MBBS, MS, FIAGES
(തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ സർജറി വിഭാഗത്തിൽ നിന്ന് ഒന്നാം റാങ്കോടെ സ്വർണ്ണ മെഡൽ നേടി. വെരിക്കോസ് വെയിനുകൾക്ക് റേഡിയോ ഫ്രീക്വൻസി അബ്ലേഷൻ (ആർഎഫ്എ) അവതരിപ്പിച്ച കേരളത്തിലെ ആദ്യത്തെ സർജൻ, 9,000-ത്തിലധികം കേസുകൾ വിജയകരമായി പൂർത്തിയാക്കി. തിരുവനന്തപുരത്ത് 500-ലധികം ബാരിയാട്രിക് സർജറികൾ നടത്തിയ ആദ്യത്തെ ചുരുക്കം ചില സർജന്മാരിൽ ഒരാളാണ് അദ്ദേഹം. നിലവിൽ, തിരുവനന്തപുരത്ത് RCC ഒഴികെ സ്വകാര്യ മേഖലയിൽ റോബോട്ടിക് സർജറികൾ നടത്തുന്ന ഏക സർജൻ. തിരുവനന്തപുരത്ത് ആദ്യത്തെ റോബോട്ടിക് തൈറോയ്ഡ് സർജറി നടത്തിയതിന്റെ ബഹുമതിയും അദ്ദേഹത്തിനുണ്ട്.)

**>> ഏത് ഡോക്ടറാണ് ഹെർണിയ നിർണയിക്കുന്നത്?**

പരിചയസമ്പന്നനായ ഒരു സർജൻ ക്ലിനിക്കലി എക്സാമിനേഷൻ ചെയ്യുന്നതിലൂടെയാണ് ഹെർണിയ നിർണയിക്കപ്പെടുന്നത് അത് സ്ഥിതീകരിക്കുന്നത് ഒരു പരിചയസമ്പന്നനായ റേഡിയോളജിസ്റ്റ് അൾട്രാ സൗണ്ട് ചെയ്യുമ്പോഴുമാണ്.

**>> ഹെർണിയയുടെ ചികിത്സാരീതികൾ എന്തൊക്കെയാണ്?**

ഹെർണിയ ഒരു സർജിക്കൽ രോഗം ആണ്. ഹെർണിയ സ്ഥിതീകരിക്കൽ ചെയ്ത് കഴിഞ്ഞാൽ, രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ സർജറി തന്നെയാണ് ചെയ്യേണ്ടത്. സർജറിയുടെ ആദ്യഘട്ടം എന്നത് ആ ഡിഫക്ട്, ഒരു നെറ്റ് അല്ലെങ്കിൽ മെഷ് വച്ച് അത് ക്ലോസ് ചെയ്യുക എന്നുള്ളതാണ്. ആ മെഷ് വയ്ക്കുന്നത് ഒരു ഓപ്പൺ സർജറി അല്ലെങ്കിൽ ലാപ്പ് കീഹോൾ സർജറി വഴിയാണ് ഈ രണ്ട് സമീപനം വഴി ആണെങ്കിലും ഒരു നെറ്റ് പ്ലേസ് ചെയ്തു ഡിഫെക്ട് ക്ലോസ് ചെയ്യുന്നതാണ് ഹെർണിയ സർജറിയുടെ മെയിൻ സ്റ്റെപ്പ്.

**>> കൂടുതൽ വ്യായാമം ചെയ്യുന്നത് ഹെർണിയ ഉണ്ടാകാൻ കാരണമാകുമോ?**

നമ്മൾ ഒരു ജിമ്മിൽ പോയിട്ട് ഒരുപാട് വെയിറ്റ് ഉയർത്തുകയോ, വളരെ കഠിനമായ വ്യായാമമുറകൾ ഒരാളുടെ മേൽനോട്ടമില്ലാതെയോ ചെയ്താൽ ഹെർണിയ ഉണ്ടാവാൻ സാധ്യതയുണ്ട്.

**>> ഹെർണിയ ഉള്ളവർക്ക് സുരക്ഷിത വ്യായാമങ്ങൾ എന്തൊക്കെയാണ്?**

നിരപ്പായ സ്ഥലങ്ങളിൽ നടക്കുന്നത് ചെറിയ കയറ്റമുള്ള സ്ഥലങ്ങളിൽ കയറുന്നത് ഹെർണിയ ഉള്ളവർ സാധാരണ ചെയ്യുന്ന വ്യായാമമാണ്. എന്നാൽ കൈയുടെയോ കാലിന്റെയോ എക്സസൈസ് ജിമ്മിൽ ആണെങ്കിൽ സൂപ്പർവിഷനോട് കൂടി ചെയ്യാം. സ്വിമ്മിംഗ് ഹെർണിയ ഉള്ളവർക്ക് നല്ലതാണ്.

**>> ഹെർണിയ ശസ്ത്രക്രിയക്കുശേഷം ശ്രദ്ധിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണ്?**

ഹെർണിയ ശസ്ത്രക്രിയയ്ക്ക് ശേഷം ആദ്യ 3, 6 ആഴ്ചത്തേക്ക് ആ മെഷ് അവിടെ പ്രോപ്പർ ആയിട്ട് ഫിക്സ് ചെയ്യേണ്ട സമയമാണ്. ഈ സമയത്ത് അമിതമായ ഭാരം എടുക്കുന്നതോ, ബൈക്ക് ചവിട്ടി സ്റ്റാർട്ട് ചെയ്യുന്നതോ, ദീർഘദൂരം വണ്ടി ഓടിക്കുന്നതോ അവോയ്ഡ് ചെയ്യേണ്ടതാണ്. നോർമൽ ആയിട്ടുള്ള നമ്മുടെ ചെറിയ നടപ്പുകളും കൊച്ചുകൊച്ചു ജോലികൾ ചെയ്യുന്നതും തടസ്സമില്ല. വയറിനുള്ളിൽ ഇൻട്രാ അബ്ഡോമിനൽ പ്രഷർ കൂടുന്നത് ആയിട്ടുള്ള എല്ലാ ജോലികളും അവോയ്ഡ് ചെയ്യേണ്ടതാണ്.

തുടരും...

▶ലേഖനം



# യുവജനങ്ങൾ
## പ്രതീക്ഷയുടെ നീർച്ചാലുകൾ

പ്രീതി ഫ്രാങ്ക്ളിൻ



കാലത്തിന്റെ കുത്തൊഴുക്കിൽ പ്രത്യയശാസ്ത്രങ്ങളിലോ അനുഭവങ്ങളുടെ മാറാപ്പിലോ കുടുങ്ങിപ്പോകുന്ന തലമുറയ്ക്ക് ദൈവമേകുന്ന പ്രത്യാശയുടെ, പ്രതീക്ഷയുടെ ചില വിളക്കുമരങ്ങളുണ്ട്... അവരാണ് ആത്മാവിൽ ജ്വലിക്കുന്ന യുവത്വം. പ്രായമോ ജീവിത പശ്ചാത്തലമോ അല്ല, മനുഷ്യന്റെ ബലഹീനതയിൽ തന്റെ മഹത്വം പ്രകടമാക്കുന്ന ദൈവകരുണയുടെ ആൾരൂപങ്ങളാണവർ... ദൈവകൃപയുടെയും ശക്തിയുടെയും ചാലകങ്ങളായി മാറിയ ചെറുപ്പക്കാരുടെയും സ്ത്രീകളുടെയും മറ്റും കഥകളാൽ സമ്പന്നമാണ് തിരുവെഴുത്തുകൾ.

ഗോലിയാത്തിനെ പരാജയപ്പെടുത്തുന്ന ആട്ടിടയനായ ദാവീദ്, ലോകരക്ഷകനു ജന്മമേകിയ മറിയം അങ്ങനെ ക്രിസ്തുവിന്റെ വിളി ലഭിച്ചവർ ഏറെ.



അവിടുത്തേക്ക് പ്രായം തടസ്സമല്ലെന്ന് വി. ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നു. കാരണം പലപ്പോഴും പുനരുജ്ജീവനത്തിന്റെയും പരിവർത്തനത്തിന്റെയും വിത്തുകൾ ദൈവം പാകിയത് യുവജനങ്ങളിൽ ആണ്.

ഓരോ തലമുറയിലും ദൈവം കരുതിവച്ചിരിക്കുന്ന വാഗ്ദാനത്തിന്റെയും ലക്ഷ്യത്തിന്റെയും തരംഗമാണ് യുവജനങ്ങൾ. നാളെയുടെ ഭാവിയാണ് യുവജനങ്ങൾ എന്നതിൽനിന്ന് മാറി, യുവജനങ്ങൾ ഭാവി മാത്രമല്ല, നീതിയും കരുണയും ഉത്തരവാദിത്ത ബോധ്യവുമുള്ള പ്രത്യാശയുടെ ഇന്നത്തെ നീർച്ചാലുകളാണവർ എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

കാഴ്ചയുള്ള ഒരു തലമുറയാണ് നമുക്കാവശ്യം. കാഴ്ച എന്നത് കണ്ണുകൊണ്ടുള്ള കാഴ്ച മാത്രമല്ല, മറിച്ച് ശരിയായവ കാണുവാനും അവയ്ക്കുവേണ്ടി പൊരുതുവാനുമുള്ള ഉൾകാഴ്ചയാണ് ഇന്നിന്റെ ആവശ്യം. ജോയേൽ പ്രവാചകന്റെ പുസ്തകം ഇപ്രകാരം പറയുന്നു; "...നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും... യുവാക്കൾക്ക് ദർശനങ്ങൾ ഉണ്ടാകും..." (ജോയേൽ 2:28). ഈ ദർശനമാവട്ടെ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ഉള്ളിലുണ്ടാകുന്ന അടക്കാനാവാത്ത ആഗ്രഹത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്. ഇന്നത്തെ യുവത്വം യാഥാർഥ്യബോധമുള്ള, ഉറച്ച ചുവടുകളും ചിറകുള്ള സ്വപ്നങ്ങളുമായി ഉയർന്നു വന്നവരാണ്. അവരുടെ പ്രവർത്തന മേഖലകളിൽ സഭയും സമുദായവും രാഷ്ട്രവുമൊക്കെ ഉയർന്നു കേൾക്കാം. വിശ്വാസവും കാരുണ്യ പ്രവൃത്തികളും സംഗീതവും കലയും ഒക്കെ കൂടിച്ചേർന്ന ആത്മീയ ആനന്ദം നുകരാൻ യുവജനങ്ങൾ അവരുടെ സമയവും കഠിനാധ്വാനവും മാറ്റിവയ്ക്കുന്നു. അവരിൽ അവയുടെ സൗന്ദര്യം സമന്വയിക്കുന്നത് എത്രയോ സുന്ദരമായ കാഴ്ചയാണ്. അങ്ങനെ അവയൊക്കെ അവർക്ക് ലഹരിയായി മാറുന്നു. കലയും സാഹിത്യവും കരുണയും സാമൂഹിക ഇടപെടലുകളും പ്രവർത്തനവും കൂദാശാ ജീവിതവുമിടകലർന്ന അവസരങ്ങൾ നമ്മളവർക്കായ് ഒരുക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷേ, ഈ കാലത്തിന്റെ ചുവരെഴുത്തുകൾ നമ്മോട് ആവശ്യപ്പെടുന്നതും അതുതന്നെയാവാം. നല്ല കാഴ്ചകളുള്ള യുവജന സമൂഹം അങ്ങനെ വളർന്നു വരട്ടെ. പ്രത്യാശയുടെ മാതൃകകളായി നമ്മുക്കവരെയും ചേർത്ത് പിടിക്കാം.

സമാധാനത്തിന്റെയും സത്യത്തിന്റെയും വാഹകരാകുന്ന അനേകം യുവജനങ്ങൾ നമ്മുക്ക് ചുറ്റും ഉണ്ട്. തന്റെ പ്രവർത്തനങ്ങളിലൂടെ ക്രിസ്തുശിഷ്യ ദൗത്യം നിറവേറ്റുന്നവർ. അവരുടെ ധൈര്യത്തിലും ആത്മാർത്ഥതയിലും ക്രിസ്തുവിന്റെ സാക്ഷ്യം നാം കാണുന്നു.

പക്ഷേ, ഇന്നത്തെ യുവാക്കൾ അഭൂതപൂർവമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു. പലപ്പോഴും ലൗകീക കാര്യങ്ങളിൽ ചിലരെങ്കിലും അടിമപ്പെടുന്നു. ഉത്കണ്ഠ, വ്യക്തിത്വ പ്രതിസന്ധികൾ, ഡിജിറ്റൽ ഡിസ്ട്രാക്ഷൻ, പലതരം ലഹരി തുടങ്ങിയവ പലപ്പോഴും വിശ്വാസത്തെതന്നെ സംശയിപ്പിക്കുന്നു. എന്നാൽ ഈ വേലിയേറ്റത്തിൽപോലും വിശ്വാസം തകരാതെ കാക്കുന്ന യുവത്വം ഈ നൂറ്റാണ്ടിന്റെ സുവിശേഷ പ്രഘോഷണത്തിന് പുതിയ മാനമേകുന്നു.

പ്രാർത്ഥന, കൗദാശിക ജീവിതം, തിരുസഭയുടെ പിന്തുണ മുതലായവയാൽ ഇന്നിന്റെ യുവത്വം പ്രത്യാശയുടെ ശിലകൾ പോലെ ഉയരുകയും വരണ്ടതും ശോഷിച്ചതുമായ ഇടങ്ങളിലേക്ക് ഉന്മേഷം നൽകുകയും ചെയ്യുന്നു.

നാം യുവാക്കളെ "കാത്തിരിക്കുന്ന പഠിതാക്കൾ" ആയി മാത്രം കണക്കാക്കരുത്, മറിച്ച് ദൈവത്തിന്റെ ദൗത്യത്തിൽ പങ്കാളികളായി, നമുക്ക് അവരെ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കാം, അവരുടെ ശബ്ദങ്ങൾ ശ്രദ്ധിക്കുകയും അവരുടെ കഴിവുകളെ വളർത്തുകയും അവർക്ക് അവസരം ഒരുക്കുകയും ചെയ്യാം.

പ്രത്യാശ ഒരു ക്ഷോഭകരമായ വികാരമല്ല, അത് ക്രിസ്തുവിൽ നങ്കൂരമിട്ടിരിക്കുന്നു. സുവിശേഷത്തിന്റെ ജീവനുള്ള വെള്ളത്തിൽനിന്ന് വളരെ ആഴത്തിൽ കുടിച്ചാലും അവ വരണ്ടതായി മാറുന്നില്ല. യുവജനങ്ങളുടെ അഭിനിവേശം, സർഗ്ഗാത്മകത, ജനപ്രീതിയില്ലാത്ത സാഹചര്യത്തിൽപോലും സത്യത്തിനുവേണ്ടി നിലകൊള്ളാനുള്ള സന്നദ്ധത, തുടങ്ങിയവയിലൂടെയും നമ്മുടെ സഭയിൽ യുവആത്മീയത നിലനിന്നു പോകുന്നു.

ഓരോ യുവാവിലും യുവതിയിലും നമ്മുടെ വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യതയും സമൂഹത്തിന്റെ ഇരുണ്ട കോണുകളെ പ്രകാശിപ്പിക്കാനുള്ള കഴിവും അടങ്ങിയിരിക്കുന്നു. അവർ കേവലം വിശ്വാസത്തിന്റെ അവകാശികളല്ല, വിശ്വാസവും പ്രത്യാശയും പകരുന്ന സ്നേഹത്തിന്റെയും സത്യത്തിന്റെയും പ്രകാശം ഭാവിയിലേക്ക് വഹിക്കുന്ന ഒരു പുതിയ പ്രഭാതത്തിന്റെ നിർമാതാക്കൾ ആണ്.

സഭയുടെ മക്കളായി, ക്രിസ്തുവിൽ പ്രത്യാശയുള്ളവരായി, നേരായ ഉദ്ദേശ്യത്തോടെ ക്രിസ്തുവിന്റെ മാർഗത്തിൽ ചരിക്കുവാൻ എല്ലാ യുവജനങ്ങൾക്കും സാധിക്കട്ടെ. പ്രവർത്തന വഴികളിൽ, വീഴ്ചകളിൽ പതറാതെ ചിറകുയർത്തി പറക്കുവാൻ നമ്മുടെ യുവജനങ്ങൾക്ക് സാധിക്കട്ടെ. അനുഭവങ്ങളിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് ഇന്നിന്റെ വെല്ലുവിളികളെ ധൈര്യപൂർവ്വം നേരിട്ട് പൊരുതി മുന്നോട്ട് പോകുന്ന നമ്മുടെ യുവജനങ്ങൾക്ക് നമുക്ക് കരുതലാകാം. അവരിലെ പ്രത്യാശക്ക് വെളിച്ചമായി, കരുതലായി, അവരുടെ ശബ്ദത്തിന് ഉയരാനുള്ള അവസരങ്ങൾ ഒരുക്കി, നമ്മുക്കും സഭയുടെ യാത്രയിൽ അവർക്കൊപ്പം സഞ്ചരിക്കാം.

●

# വചനജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2025 ആഗസ്റ്റ് മാസത്തെ ഉപയോഗത്തിനായി അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്



1. പരിശുദ്ധാത്മാവിന്റെ ഗാനം,
   ബൈബിൾ വന്ദനം, സ്വാഗതം

2. ആമുഖം

സ്വാതന്ത്ര്യം എന്ന യാഥാർത്ഥ്യം എപ്പോഴും മാനവരാശിയെ മോഹിപ്പിച്ചിരുന്നു. സ്വതന്ത്രമായി ചിന്തിക്കുക, സ്വതന്ത്രമായി ചരിക്കുക, സ്വതന്ത്രമായി ജീവിക്കുക എന്നത് ഏറ്റവും മധുരതരമാണെന്ന് ലോകരാജ്യങ്ങളുടെ സ്വാതന്ത്ര്യസമര ചരിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെയാണ് 'ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും, ബന്ധനം ബന്ധനം തന്നെ പാരിൽ' എന്ന കവി വാക്യത്തിന് കാലത്തെ അതിജീവിക്കുന്ന സ്വാധീനം ചെലുത്തുവാൻ കഴിയുന്നതും. ഓഗസ്റ്റ് മാസം നമ്മുടെ മനസ്സുകളിൽ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തകൾ ഉണർത്തുന്നു.

200 വർഷത്തെ ബ്രിട്ടീഷ് അടിമത്തത്തിനെതിരെ ചോരയും നീരും വിലയായി നൽകി നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ മധുരം ഓഗസ്റ്റ് നമ്മോട് പങ്കുവെക്കുന്നു. ഓഗസ്റ്റ് 15 എന്നും നമുക്ക് ഒരു വികാരമാണ്. പതിനേഴാം നൂറ്റാണ്ട് മുതൽ യൂറോപ്പ്യൻ വ്യാപാരികൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കച്ചവടത്തിനായി വരാൻ തുടങ്ങി. പതിനെട്ടാം നൂറ്റാണ്ടോടെ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി സൈനിക ശക്തിയിലൂടെ പ്രാദേശിക രാജ്യങ്ങൾ കീഴടക്കി ഭാരതത്തിൽ പ്രബല ശക്തിയായി മാറി.

1857ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന് ശേഷം ഇന്ത്യ ഗവൺമെന്റ് ആക്ട് 1858 അനുസരിച്ച് ബ്രിട്ടീഷ് രാജഭരണകൂടം ഇന്ത്യയുടെ മേൽ നേരിട്ടുള്ള നിയന്ത്രണം ഏറ്റെടുത്തു. അന്നുമുതൽ തുടങ്ങിയ രാജ്യവ്യാപകമായ നിസ്സഹകരണ പ്രസ്ഥാനങ്ങളും, സ്വാതന്ത്ര്യ സമരങ്ങളും, മഹാത്മാഗാന്ധിജിയുടെ നേതൃത്വത്തിലുള്ള അഹിംസ മാർഗങ്ങളും നമുക്ക് സ്വാതന്ത്ര്യം നേടി തരുന്നതിൽ അവിഭാജ്യമായ പങ്കുവഹിച്ചു. അങ്ങനെ നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ 78-ാം വാർഷിക അനുസ്മരണത്തിലാണ് നാം. എന്നാൽ, നാം യഥാർത്ഥത്തിൽ സ്വതന്ത്രരാണോ? എന്ന ചോദ്യം ചിന്താവിഷയം ആകുന്നത് കാലത്തിന്റെ അനിവാര്യതയാണ്.

കൂടാതെ ഓഗസ്റ്റ് മാസം പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെ പവിത്രമായ ഓർമ്മകളും നമ്മുടെ ഹൃദയത്തിൽ ഉണർത്തുന്നുണ്ട്. അമലോത്ഭവയായ പരിശുദ്ധ കന്യക മറിയം ദൈവത്താൽ സവിശേഷമായി സംരക്ഷിക്കപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ടു. അവൾ ദൈവപുത്രന്റെ അമ്മയായി. ഏശയ്യാ പ്രവാചകന്റെ പുസ്തകം ആറാം അധ്യായം അഞ്ചാം വാക്യം, 'ഞാൻ അശുദ്ധമായ അധരങ്ങൾ ഉള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്.' ഈ വചനം നമ്മുടെ മാനുഷിക കുറവിനെയും നാം ജീവിക്കുന്ന ലോകത്തിന്റെ പാപസാഹചര്യങ്ങളെയും വ്യക്തമാക്കുന്നു. എന്നാൽ പരിശുദ്ധ അമ്മ ദൈവം നൽകിയ വിശുദ്ധി ജീവിതത്തിൽ ഉടനീളം കാത്തുസൂക്ഷിച്ചു. അവളിൽ അശുദ്ധി കടന്നുവന്നില്ല. അവൾ പാപത്തിന്റെയോ, അന്ധകാര ശക്തികളുടെയോ, മറ്റൊന്നിന്റെയോ അടിമയായിരുന്നില്ല. അങ്ങനെ ദൈവികമായ സ്വാതന്ത്ര്യം ഈ ഭൂമിയിൽ ആയിരിക്കുമ്പോൾതന്നെ അനുഭവിച്ച് ജീവിച്ച അവളെ സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിലേക്ക് ദൈവം ഉയർത്തി. അവൾ സ്വർഗാരോപിതയായി.

പ്രിയമുള്ളവരേ, പരിശുദ്ധ അമ്മയുടെ കരം പിടിച്ച് യഥാർത്ഥമായ സ്വാതന്ത്ര്യത്തെ, സ്വർഗീയമായ സ്വാതന്ത്ര്യത്തെ നമുക്കും ഈ പ്രാർത്ഥന കൂട്ടായ്മയിലൂടെ ധ്യാനിക്കാം.

3. യേശുവിനെ ക്ഷണിക്കൽ

4. ദൈവവചന പാരായണം
   സങ്കീ. 24:1-4

5. വചനഭാഗം പങ്കുവയ്ക്കൽ

6. നിശബ്ദധ്യാനം

7. വചനാനുഭവം പങ്കുവയ്ക്കൽ

8. വചനവിചിന്തനം

സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ. തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവം അവന്റെ ബുദ്ധിയെയും യുക്തിയെയും ചങ്ങലക്കി

ടുന്നില്ല. മറിച്ച് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അവനു നൽകുന്നു. മനുഷ്യൻ എല്ലാ അർത്ഥത്തിലും സ്വാതന്ത്ര്യത്തിന്റെ മാധുര്യം ആസ്വദിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ഓഗസ്റ്റ് മാസം നമ്മെ ഓർമിപ്പിക്കുന്ന നമ്മുടെ അസ്തിത്വത്തിന്റെ കൂടി ഭാഗമായ സ്വാതന്ത്ര്യത്തെ കുറിച്ചുള്ള ധ്യാനം പ്രസക്തമാകുന്നത്. ഇന്ന് എവിടെ ചെന്നാലും 'You are under cctv surveillance'- എന്ന് ബോർഡ് കാണാം. നിങ്ങൾ ക്യാമറ കണ്ണുകളുടെ നിരീക്ഷണത്തിലാണ്. അതിനാൽ നാം അറിയാതെ തന്നെ നമ്മിൽ ഒരു ഭയം ആകുലത ആരെങ്കിലും എന്നെ കാണുന്നുണ്ടോ എന്ന ചിന്ത ഉളവാകുന്നു. നമ്മുടെ ആയുസ്സിന്റെ നല്ലൊരു പങ്കും മറ്റുള്ളവർ നമ്മെക്കുറിച്ച് എന്ത് ചിന്തിക്കുന്നു എന്ന് ആലോചിച്ചു തീരുകയാണ്.

വിശുദ്ധ ഗ്രന്ഥത്തിൽ ഏതാണ്ട് 365 തവണ 'ഭയപ്പെടേണ്ട' എന്ന വാചകം കാണാൻ കഴിയും. അതു വെറും യാദൃശ്ചികമായി കരുതുന്നതിനേക്കാളും ദൈവപരിപാലനയായി കരുതാം നമുക്ക്. നമ്മെ കാക്കുന്ന ദൈവം തന്റെ മക്കളായ നമ്മോട് ഒരു വർഷത്തിലെ എല്ലാ ദിവസവും ഭയപ്പെടേണ്ട എന്ന് പറയുന്നു. എത്ര സുന്ദരമാണ് ഇത്. സങ്കീർത്തനം 27 ഒന്നാം വാക്യം 'കർത്താവ് എന്റെ പ്രകാശവും രക്ഷയും ആണ് ഞാൻ ആരെ ഭയപ്പെടണം. കർത്താവ് എന്റെ ജീവിതത്തിന്റെ കോട്ടയാണ് ഞാനാരെ പേടിക്കണം?' സ്വാതന്ത്ര്യത്തിന്റെ പ്രായോഗിക വശം ഭയമില്ലായ്മയാണ്. അകാരണമായ ആകുലതയോ ഭയപ്പാടോ ഉള്ള വ്യക്തി ഒരിക്കലും സ്വതന്ത്രനല്ല അടിമയാണ്. അടിമയ്ക്ക് ഒരിക്കലും യഥാർത്ഥമായ സന്തോഷം അനുഭവിക്കുവാൻ കഴിയുകയില്ല. ജീവിതത്തിൽ അനുഗ്രഹങ്ങൾ ലഭിക്കുമ്പോഴും അയാളുടെ ചിന്ത ഇതൊക്കെ നാളെ ഇല്ലാതാകുമോ, നിലനിൽക്കുമോ, തീർന്നു പോകില്ലേ എന്നൊക്കെയാണ്. അങ്ങനെ അയാൾ എന്നും ആകുലതയുടെയും ഭയപ്പാടിന്റെയും അടിമയായി ജീവിച്ചു മരിക്കുന്നു.

ഭാരതത്തിലെ പ്രമുഖ സാഹിത്യകാരനും സാമൂഹിക പരിഷ്കർത്താവുമായ രവീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലി എന്ന വിശ്വപ്രസിദ്ധമായ കവിതാ സമാഹാരത്തിലെ ഒരു സുന്ദരമായ കവിതയാണ്, 'Where The Mind Is Without Fear.' 'എവിടെ മനസ്സിൽ ഭയം ഇല്ലാതിരിക്കുന്നുവോ' എന്ന് തർജ്ജമ ചെയ്യുന്നതാണ് ഉചിതം എന്ന് തോന്നുന്നു. ഭയമില്ലാത്ത മനസ്സിന്റെ അവസ്ഥയെ സ്വപ്നം കണ്ട്, ഒടുവിൽ സ്വർഗീയമായ സ്വാതന്ത്ര്യത്തിലേക്ക് എന്റെ രാജ്യം ഉണരട്ടെ, മിഴി തുറക്കട്ടെ എന്ന് ദൈവ സന്നിധിയിൽ അദ്ദേഹം ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

ഇവിടെ ഭയം മാറി സ്വാതന്ത്ര്യം ആസ്വദിക്കുമ്പോൾ അറിവാകുന്ന സത്യം ഹൃദയങ്ങളെ പ്രകാശപൂരിതമാക്കുമെന്നും മനുഷ്യഹൃദയങ്ങളെ അകറ്റുന്ന മതത്തിന്റെയും ജാതീയ ചിന്തകളുടെയും മതിലുകൾ തകർന്നുവീഴുമെന്നും വലിയവനെന്നോ ചെറിയവനെന്നോ ഉള്ള വ്യത്യാസങ്ങൾ അപ്രത്യക്ഷമാകുമെന്നും നന്മയേകി ഒഴുകുന്ന ഒരു അരുവി പോലെ ഓരോ മനുഷ്യരും മാറുമെന്നും അദ്ദേഹം സ്വപ്നം കാണുന്നു. ഇത്തരമൊരു സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിലേക്ക് ഈ ലോകം മുഴുവനും ഉണർന്നെങ്കിൽ എന്നത് നമ്മുടെയും ഹൃദയപൂർവ്വകമായ പ്രാർത്ഥനയായി തീരട്ടെ. ഈ പ്രാർത്ഥന സഫലമാകുവാൻ ദൈവത്തിന്റെ ശക്തമായ കരം നമ്മെ എപ്പോഴും വഴി നടത്തുന്നു, ബലപ്പെടുത്തുന്നു എന്ന് ഓർമ്മപ്പെടുത്തുകയാണ് ഏശയ്യാ പ്രവാചകന്റെ പുസ്തകം 41:13, 'നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലതുകൈ പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത് ഭയപ്പെടേണ്ട. ഞാൻ നിന്നെ സഹായിക്കും.'

യേശുനാഥൻ തന്റെ ശുശ്രൂഷ ആരംഭിക്കുന്ന അവസരത്തിൽ നസ്രത്തിലെ സിനഗോഗിൽ പ്രഖ്യാപിച്ചതും അവിടുത്തെ പ്രസംഗത്തിലൂടെയും അത്ഭുതപ്രവർത്തികളിലൂടെയും വാഗ്ദാനം നൽകിയതും ഈ സ്വാതന്ത്ര്യം തന്നെയാണ്. ഭയത്തെ അതിജീവിക്കുന്നവർക്ക് ക്രിസ്തു നൽകുന്ന സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുന്നു. സമരിയക്കാരി സ്ത്രീയും, സക്കേവൂസും, അന്ധയാചകനും, രക്തസ്രാവക്കാരി സ്ത്രീയും, മഗ്ദലനാമറിയവും, ലാസറിന്റെ കുടുംബവുമെല്ലാം തങ്ങളെക്കുറിച്ച് മറ്റുള്ളവർ, സമൂഹം എന്തുപറയും എന്ന ഭയത്തെ അതിജീവിച്ച് ക്രിസ്തുവിലേക്ക് വന്നവരാണ്. അതുകൊണ്ടുതന്നെ ക്രിസ്തു നൽകുന്ന സ്വർഗീയമായ സ്വാതന്ത്ര്യം അനുഭവിക്കുവാനും അവർക്ക് കഴിഞ്ഞു.

പ്രിയമുള്ളവരേ, നമുക്കും ക്രിസ്തുവിലേക്ക് ചെല്ലാം. നമ്മുടെ ഹൃദയങ്ങളും ഭയത്തിന് ഇടമില്ലാത്ത സ്വാതന്ത്ര്യത്തിലേക്ക് ഉണരട്ടെ. നമുക്ക് പ്രാർത്ഥനാപൂർവ്വം ഉരുവിടാം, "കർത്താവാണ് എന്റെ സഹായകൻ ഞാൻ ഭയപ്പെടുകയില്ല." (ഹെബ്രായർ 13:6).

(വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

**1. നമ്മുടെ കുട്ടികളിലും യുവ തലമുറയിലും ഭയവും മാനസിക സംഘർഷവും നിറയാൻ കാരണമെന്ത്?**

**2. അവർ ഭയം മാറി സ്വതന്ത്രരായി ജീവിക്കാൻ നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിയും?**

9.ദൗത്യമേറ്റെടുക്കൽ
10. സ്വയം പ്രേരിതപ്രാർഥന
11. കർത്തൃപ്രാർഥന
12. സമാപനപ്രാർഥന

### രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് കണക്ക് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം
(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)
4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ
6. രഹസ്യപ്പിരിവ്
7. അറിയിപ്പുകൾ
8. നന്ദി
9. സമാപനഗീതം ●



# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## തിരികെ: തിരുവനന്തപുരം ലത്തീൻ അതിരൂപത പരിസ്ഥിതി സംരക്ഷണ നയരേഖ പ്രകാശനം ചെയ്തു



വെള്ളയമ്പലം: ഫ്രാൻസിസ് പാപ്പയുടെ ചാക്രികലേഖനമായ ലൗദാത്തോ സി-യിലെ ആശയങ്ങളും, അപ്പോസ്തലിക പ്രബോധനമായ ലൗദാത്തേ ദേയും-ലെ നിർദ്ദേശങ്ങളും ഉൾകൊണ്ടുകൊണ്ട് തിരുവനന്തപുരം ലത്തീൻ അതിരൂപത നവീകരിച്ച പരിസ്ഥിതിനയരേഖ പ്രകാശനം ചെയ്തു. ഇന്ന് നാം നേരിടുന്ന പാരിസ്ഥിതിക വെല്ലുവിളികളും അതിനെ മറികടക്കുന്നതിനുള്ള പരിഹാര മാർഗ്ഗങ്ങളുമാണ് നയരേഖയുടെ ഉള്ളടക്കം. അതിരൂപത സഹായമെത്രാൻ ബിഷപ് ഡോ. ക്രിസ്തുദാസ് ആർ അധ്യക്ഷത വഹിച്ച 'തിരികെ' എന്ന പരിസ്ഥിതി സംരക്ഷണ പരിപാടി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി.ആർ അനിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ കാട്ടാക്കട എം.എൽ.എ. ഐ ബി സതീഷ് അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേരയ്ക്ക് നയരേഖയുടെ ആദ്യപതിപ്പ് നൽകി പ്രകാശനം ചെയ്തു. പ്രമുഖ NGO പ്രതിനിധികളും ടി.എസ്.എസ്.എസ് TSSS പ്രവർത്തകരും പങ്കെടുത്തു.

## സാമൂഹ്യനീതിയിലധിഷ്ഠിതമായ രാഷ്ട്ര നിർമ്മാണം നടത്തുന്നതിന് ആനി മസ്ക്രീൻ മാതൃക; ആർച്ച്ബിഷപ് ഡോ. തോമസ് ജെ നെറ്റോ



തിരുവനന്തപുരം: ആനി മസ്ക്രീൻ ജന്മദിനവും കേരള ലാറ്റിൻ കാത്തലിക് വിമൻസ് അസോസിയേഷൻ സ്ഥാപകദിനവും ആഘോഷിച്ചു. ജൂൺ 6 വെള്ളിയാഴ്ച രാവിലെ പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ഹാളിൽ നടന്ന ചടങ്ങിൽ KLCWA രൂപത പ്രസിഡന്റ് ശ്രീമതി ജോളി പത്രോസ് അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി ഐഎഎസ് പരിപാടി ഉദ്ഘാടനം ചെയ്തു. സാമൂഹ്യനീതിയിലധിഷ്ഠിതമായ രാഷ്ട്ര നിർമ്മാണം നടത്തുന്നതിന് ആനി മസ്ക്രീൻ മാതൃകയാണെന്ന് അനുഗ്രഹപ്രഭാഷണം നടത്തിയ തിരുവനന്തപുരം ആർച്ച്ബിഷപ് ഡോ. തോമസ് ജ്. നെറ്റോ പറഞ്ഞു. തിരുവനന്തപുരം അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര, അല്മായ ശുശ്രൂഷ ഡയറക്ടർ ഫാ. ബീഡ് മനോജ് അമാദോ, പാളയം ഇടവക വികാരി മോൺ.വിൽഫ്രണ്ട് ഇ, ഫാ. കോസ്മോസ് തോപ്പിൽ, ഫാ. സെബാസ്റ്റ്യൻ കളമ്പാടൻ, വിമല സ്റ്റാൻലി, ഷേർളി സ്റ്റാൻലി, മെറിൾഡ മൈക്കിൾ, നക്ഷത്ര സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു.

## കെ.സി.എസ്.എൽ പുതിയ അധ്യായന വർഷത്തിന് അതിരൂപതയിൽ തുടക്കംകുറിച്ചു




വെള്ളയമ്പലം: യേശുവിന്റെ വ്യക്തിത്വത്തിലേക്ക് വളരുവാൻ കുട്ടികളെ പരിശീലിപ്പിക്കുന്ന സംഘടനയായ കെ.സി.എസ്.എൽ തിരുവനന്തപുരം അതിരൂപതയിൽ പുതിയ അധ്യായന വർഷത്തിന്റെ ഉദ്ഘാടനവും ആനിമേറ്റേഴ്സിന്റെ സമ്മേളനവും നടത്തി. അതിരൂപത ശുശ്രൂഷ കോഡിനേറ്റർ ഫാ. ലോറൻസ് കുലാസ് പുതിയ അദ്ധ്യായന വർഷം ഉദ്ഘാടനം ചെയ്തു. കെ.സി. എസ്.എൽ ജനറൽ സെക്രട്ടറി മാസ്റ്റർ ശ്രേയസ്സ് ആശംസകൾ അർപ്പിച്ചു. യോഗത്തിൽ സന്നിഹിതരായ ഏവർക്കും കെ.സി. എൽ. എക്സിക്യൂട്ടീവ് എച്ച്. എസ് ആനിമേറ്റർ ദിനേശ് നായകം നന്ദി പ്രകാശിപ്പിച്ചു.

ആനിമേറ്റേഴ്സിന്റെ കൂടിവരവിൽ വിദ്യാർത്ഥികളെ നയിക്കുന്നതിനെക്കുറിച്ചുള്ള ക്ലാസിന് മാർട്ടിൻ പയ്യപള്ളി നേതൃത്വം നൽകി. ആനിമേറ്റേഴ്സിന്റെ ചുമതലകളെയും കുട്ടികളിന്മേലുള്ള അവരുടെ സ്വാധീനത്തെയും കുറിച്ച് 2024- 25 വർഷത്തെ ഷവലിയർ പി.ടി. തോമസ് അവാർഡ് ജേതാവും തിരുവനന്തപുരം ഹോളി ട്രിനിറ്റി സ്കൂൾ പ്രിൻസിപ്പിളുമായ ഡാമിയാൻ ജോർജ് ആനിമേറ്റേഴ്സിന് നിർദ്ദേശങ്ങൾ നൽകി. ഇതേസമയം സെന്റ് ആന്റണീസ് ഹാളിൽ കുട്ടികൾക്കായി നടന്ന ക്ലാസ്സുകൾക്ക് സജിത്ത്, അൻസാരി എന്നിവർ നേതൃത്വം നൽകി.

# ലോഗോസ് ക്വിസ് ഗെയിം ആപ്പ് 2025; മലയാളം, ഇംഗ്ലീഷ്, തമിഴ് ഭാഷകളിൽ ജൂലൈ 6 മുതൽ പ്ലേസ്റ്റോറിൽ ലഭ്യമാകും

തിരുവനന്തപുരം: 2025 വർഷത്തെ ലോഗോസ് ക്വിസിന് ഒരുങ്ങാൻ സഹായിക്കുന്ന ലോഗോസ് ക്വിസ് ഗെയിം ആപ്പിന്റെ ഒൻപതാം പതിപ്പ് ജൂലൈ 6 മുതൽ പ്ലേസ്റ്റോറിൽ ലഭ്യമാകും. ഓരോ വർഷത്തെയും ലോഗോസ് ക്വിസിന്റെ പാഠഭാഗങ്ങൾ വിവിധ റൗണ്ടുകളിലായി ഉൾക്കൊള്ളിച്ച് ഒരു ഗെയിമിന്റെ വിജയികളെ 2025 സെപ്റ്റംബറിൽ പ്രഖ്യാപിക്കും. ഒന്നാം സ്ഥാനത്തിന് 10000/- രൂപ ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ്, രണ്ടാം സ്ഥാനത്തിന് 7500/- രൂപ ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ്, മൂന്നാം സ്ഥാനം നേടുന്നവർക്ക് 5000/- രൂപ ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ്, 4 മുതൽ 10 വരെ സ്ഥാനക്കാർക്ക് 1000/- രൂപ ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ് എന്നിവ മലയാളത്തിനും, ഇംഗ്ലീഷിനും, തമിഴിനും ലഭിക്കും.

മുകളിൽ കാണുന്ന QR കോഡ് സ്കാൻ ചെയ്താൽ പ്ലേസ്റ്റോറിൽ നിന്നും ലോഗോസ് ആപ്പ് ഗെയിം 2025 ഡൗൺലോഡാകും.

# മരിയൻ എഡ്യൂസിറ്റിയിലേക്ക് കെഎസ്ആർടിസിയുടെ ബസ് സർവീസ്; ലക്ഷ്യം നെറ്റ് സീറോ കാർബൺ ക്യാമ്പസ്




കഴക്കൂട്ടം: നെറ്റ് സീറോ കാർബൺ ക്യാമ്പസ് എന്ന ലക്ഷ്യത്തിന്റെ ഭാഗമായി മരിയൻ എഡ്യുസിറ്റിയിലേക്ക് കെഎസ്ആർടിസിയുടെ പുതിയ ബസ് സർവീസ് ആരംഭിച്ചു. ഫ്ലാഗ് ഓഫ് കർമ്മം ജലവിഭവ വകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റിൻ നിർവഹിച്ചു. ചടങ്ങിൽ മരിയൻ എൻജിനീയറിങ് കോളേജ് മാനേജർ ഫാദർ ഡോ. എ ആർ ജോൺ, ഫാദർ ജിം കാർവിൻ റോച്ച്, ഡോ. എ സാംസൺ, ഡോ. അബ്ദുൽ നിസാർ, അഭിജിത്ത് ആർ പി എന്നിവർ സന്നിഹിതരായിരുന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ, മരിയൻ എൻജിനീയറിങ് കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മരിയൻ എഡ്യുസിറ്റിയിലേക്കുള്ള ഈ ബസ് സർവീസ് വിദ്യാർത്ഥികൾക്ക് ഏറെ ഗുണപ്രദമാകും.

# ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലും ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നഴ്സിംഗും ഏകദിന ശില്പശാല നടത്തി



പാളയം: തിരുവനന്തപുരം ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലും ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നഴ്സിംഗും സംയുക്തമായി പ്ലസ് ടു പാസ്സായ, നഴ്സിംഗ് ആൻഡ് അലയ്ഡ് സയൻസ് കോഴ്സുകളിൽ പഠനം നടത്താൻ ആഗ്രഹിക്കുന്ന കുട്ടികൾക്കായി ഏകദിന അവബോധന ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ജൂബിലി ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ റവ. ഡോ. ലെനിൻ രാജ് ശില്പശാല ഉദ്ഘാടനം ചെയ്തു. ലിറ്റിൽ ഫ്ലവർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സിന്ധു കുരുവിള, അസോസിയേറ്റ് പ്രൊഫ. ഡോ. ടീസ ആന്റണി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകുകയും സംശയ നിവാരണം നടത്തുകയും ചെയ്തു. ഈ ശില്പശാലയിൽ മാതാപിതാക്കളും കുട്ടികളും ഉൾപ്പെടെ 200-ൽ അധികം പേർ പങ്കെടുത്തു.



2024-25 വർഷത്തെ സാമൂഹ്യ ശുശ്രൂഷ സമിതിയുടെ പ്രവർത്തനങ്ങൾക്ക് വട്ടിയൂർക്കാവ് ഫൊറോനയിൽ നിന്നും ക്രിസ്തുരാജപുരം ഇടവകയെ മികച്ച ഇടവകയായി തിരഞ്ഞെടുത്തു. ഫൊറോന യോഗത്തിൽ T.S. S. S ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് കോർഡിനേറ്റർ ഫാ. സ്റ്റാലിൻ ഫെർണാണ്ടസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഫൊറോന വികാരി ഫാ. അനീഷ് ഫെർണാണ്ടസ്സ് രൂപത റ്റി. എസ്. എസ്. എസ്സിന്റെ ക്യാഷ് അവാർഡ് ഇടവക സമിതി അംഗങ്ങൾക്ക് നൽകി.

**അഭിനന്ദനങ്ങൾ**

## ലോക രക്തദാത ദിനത്തിൽ ജൂബിലി മെമ്മോറിയൽ ആശുപത്രി സന്നദ്ധ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു




പാളയം: ലോക രക്തദാത ദിനമായ ജൂൺ 14ന് ജൂബിലി മെമ്മോറിയൽ ആശുപത്രി ബ്ലഡ് സെന്ററിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം അതിരൂപത യുവജന ശുശ്രൂഷയുടെയും, ലിറ്റിൽ ഫ്ലവർ കോളേജ് ഓഫ് നഴ്സിംഗിന്റെയും സഹകരണത്തോടെ ദിനാചരണവും സന്നദ്ധ രക്തദാന ക്യാമ്പും സംഘടിപ്പിച്ചു. ജൂബിലി മെമ്മോറിയൽ ആശുപത്രി ഡയറക്ടർ ഫാ. ലെനിൻ രാജിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടി ആശുപത്രി ബോർഡ് മെമ്പറും ലീഗൽ അഡ്വൈസറുമായ അഡ്വ. സജിത് എസ് (കേരള ഹൈക്കോടതി) ഉദ്ഘാടനം ചെയ്തു. ഏതാനും മാസങ്ങൾക്കുമുമ്പ് ആരംഭിച്ച ജൂബിലി ആശുപത്രിയുടെ ബ്ലഡ് സെന്ററിൽ രക്തദാനം നടത്തിയ ജൂബിലിയിലെ സ്റ്റാഫ് അംഗങ്ങൾ, മരിയൻ എൻജിനീയറിങ് കോളേജിലെ വിദ്യാർത്ഥികൾ, മറ്റ് വ്യക്തികൾ എന്നീ സന്നദ്ധ രക്തദാതാക്കൾക്ക് മെമെന്റോയും പ്രശംസാ പത്രവും നൽകി ആദരിച്ചു. അതിരൂപത യുവജന ശുശ്രൂഷ ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസ് അനുഗ്രഹപ്രഭാഷണം നടത്തി.

## സ്ത്രീ ശാക്തീകരണം; തൊഴിൽ പരിശീലനം നൽകി KLCWA തിരുവനന്തപുരം അതിരൂപത

കഴക്കൂട്ടം: സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യംവച്ച് അതിരൂപതയിലെ വനിതകൾക്ക് തൊഴിൽ പരിശീലനം നൽകി KLCWA തിരുവനന്തപുരം അതിരൂപത. തെരഞ്ഞെടുക്കപ്പെട്ട 25 വനിതകൾക്ക് അതിരൂപത KLCWA യുടെ നേതൃത്വത്തിൽ കഴക്കൂട്ടം മരിയൻ ആർട്സ് ആൻഡ് ക്രാഫ്റ്റ്സും ഏഷ്യൻ പെയിന്റ്സും ചേർന്ന് പെയിന്റിംഗ് പരിശീലനം നൽകി. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ റവ. ഫാ. രജീഷ് രാജൻ വിതരണം ചെയ്തു. പരിശീലനത്തിന് ആവശ്യമായ കിറ്റുകൾ ഏഷ്യൻ പെയിൻസ് സൗജന്യമായി വിതരണം ചെയ്തു. വനിതകൾക്ക് മാത്രമായി സംഘടിപ്പിക്കുന്ന കേരളത്തിലെ തന്നെ ആദ്യത്തെ പെയിന്റിങ് പരിശീലിന പരിപാടിയാണിത്. ആകാശ്, മണികണ്ഠൻ, അജിത് പെരേര, ജോളി പത്രോസ്, വിമലാ സ്റ്റാൻലി, ലജിത സോളമൻ എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

## വിശ്വാസ പരിശീലന കമ്മീഷന്റെ 2024-25 ലെ വാർഷികവും 2025-26 ലെ അതിരൂപതാതലത്തിൽ പ്രവേശനോത്സവവും ഉദ്ഘാടനം ചെയ്തു



വെള്ളയമ്പലം: സ്വർഗ്ഗത്തെ ലക്ഷ്യം വച്ച് ജീവിക്കുവാനും, യാത്ര ചെയ്യുവാനും പരിശീലനം ലഭിക്കുന്നയിടമാണ് വിശ്വാസ പരിശീലനമെന്ന് ഓർമ്മപ്പെടുത്തി ബിഷപ് ക്രിസ്തുദാസ് ആർ. അതിരൂപതയുടെ വിശ്വാസ പരിശീലന കമ്മീഷന്റെ 2024-25 ലെ വാർഷികവും 2025-26 ലെ അതിരൂപതാതലത്തിൽ പ്രവേശനോത്സവവും ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്ന അദ്ദേഹം. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽവച്ച് നടന്ന പരിപാടിയിൽ എല്ലാ ഫെറോന സെക്രട്ടറിമാർക്കും തിരി കത്തിച്ച് നൽകിക്കൊണ്ടായിരുന്ന പ്രവേശനോത്സവം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തത്. 2023 – 25 കാലയളവിൽ സേവനം ചെയ്ത ഫെറോന സെക്രട്ടറിമാരെ ആദരിക്കുകയും ചെയ്തു. അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജു വില്യം അധ്യക്ഷത വഹിച്ച പരിപാടിയിൽ ബ്രിട്ടോ ജോൺ, നീന സ്റ്റെല്ല നോയൽ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. അജപാലന ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. അജിത് ആന്റണി അച്ചൻ സ്വാഗതം ആശംസിച്ചു.

## കപ്പലപകടം; പരിശോധനയ്ക്കായി ശേഖരിച്ച കടൽ മത്സ്യ സാംപിളുകൾ ഭക്ഷ്യയോഗ്യം- സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി


കൊച്ചി: കപ്പലപകടങ്ങളിൽ എണ്ണയും രാസവസ്തുക്കളും വെള്ളത്തിൽ കലർന്ന സംഭവത്തിൽ പരിശോധനയ്ക്കായി ശേഖരിച്ച കടൽ മത്സ്യ സാംപിളുകൾ ഭക്ഷ്യയോഗ്യമാണെന്ന സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ (സിഫ്റ്റ്) പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തി. മത്സ്യ സാംപിളുകൾക്കു രുചിമാറ്റം ഇല്ലെന്നാണു കണ്ടെത്തൽ. എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലെ കടലിൽ നിന്നു മുപ്പതോളം മത്സ്യ സാംപിളുകൾ ശേഖരിച്ച് രുചിയും ഘടനയും മറ്റും പരിശോധിച്ചായിരുന്നു പഠനം. കടൽ വെള്ളത്തിന്റെ സാംപിളുകളും പരിശോധനയ്ക്കു വിധേയമാക്കി. വെള്ളത്തിൽ എണ്ണയുടെ അംശം ഇല്ലെന്നും, പിഎച്ച് മൂല്യം സ്വാഭാവിക തോതിലാണെന്നും കണ്ടെത്തി.

നീർച്ചാൽ

# പറയുന്നവർ തന്നെ പറയുന്നു; കേൾക്കുന്നവർ തന്നെ കേൾക്കുന്നു

ആണ്ടുവട്ടം 14-ാം ഞായർ (ജൂലൈ 6)

ഏശ. 66: 10-14 ഗല. 6: 14-18
ലൂക്ക. 10:1-12, 17-20



## ഫാ. വിക്ടർ എവരിസ്റ്റസ്

സുവിശേഷം പ്രഘോഷിക്കുന്നവർക്കുള്ള പരിശീലനവും അതോടൊപ്പം അവർ എങ്ങനെയായിരിക്കണം എന്ന സന്ദേശവുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ രത്നച്ചുരുക്കം.

യേശു അനേക കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും ഏറ്റവും പ്രധാനമായി പറഞ്ഞിരിക്കുന്നത് പരസ്പരം സ്നേഹവും, സുവിശേഷ പ്രഘോഷണവുമാണ്. സുവിശേഷ പ്രഘോഷണത്തിനായിട്ടാണ് സഭ തന്നെ നിലക്കൊള്ളുക. സുവിശേഷ പ്രഘോഷണ കാര്യത്തിൽ ഒഴിവു കഴിവും നീക്കുപോക്കും നാം കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. കുറെ അനുഷ്ഠാന കർമ്മങ്ങളും കുറെ ജീവകാരുണ്യ പ്രവർത്തനങ്ങളുംകൊണ്ട് നാം സ്വയം പരിമിതപ്പെടുകയാണ്. ഏറ്റവും പ്രധാനം എല്ലാവരും യേശുവിനെ അറിയുക എന്നതാണ്. അറിഞ്ഞു കഴിഞ്ഞിട്ടുള്ള നടപടികളാണ് സഭയിന്നു മുഖ്യമായി ചെയ്തുകൊണ്ടിരിക്കുക. ഭാരതത്തിൽ ക്രൈസ്തവർ 2.3 ശതമാനമേ ഉള്ളൂ. അമ്പതു വർഷം മുമ്പ് 2.5 ശതമാനം ഉണ്ടായിരുന്നു. എ.ഡി 52-ൽ തുടങ്ങിയ പ്രവർത്തനം കൊണ്ട് 2000 വർഷം കഴിഞ്ഞിട്ടും ക്രിസ്തുവിനെ അറിയുന്നവർ 2.5 ശതമാനം മാത്രം. ഭാരതത്തിലെ പ്രധാന നഗരങ്ങളിലൊക്കെ ദൈവാലയങ്ങളും സ്ഥാപനങ്ങളുമായി സഭ തലയുയർത്തി നിൽക്കുന്നെങ്കിലും ഭാരതത്തിന്റെ 5000 ഗ്രാമങ്ങളിൽ ഇനിയും സുവിശേഷം എത്തിയിട്ടില്ല. ഇതു കണ്ടുകൊണ്ടായിരിക്കും യേശു പറഞ്ഞത് വിളവധികം വേലക്കാർ ചുരുക്കം.

ആധുനിക പ്രേഷിത പ്രവർത്തനവുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ന് നടക്കുന്നത് സുവിശേഷ പ്രഘോഷണമല്ല; സുവിശേഷ ശിക്ഷണമാണ് നടക്കുക. ഇന്ന് വ്യക്തിബന്ധം സ്ഥാപിക്കുന്നില്ല; മറിച്ച് മൈക്ക് വലിച്ചു കെട്ടി വലിയ പ്രഭാഷണങ്ങൾ നടത്തുന്നു. പറയുന്നവർ തന്നെ പറയുന്നു. കേൾക്കുന്നവർ തന്നെ കേൾക്കുന്നു. യേശുവിനെ അറിയാത്തവരുടെ ഇടയിൽ ഇന്ന് പ്രസംഗങ്ങൾ ഇല്ല. അതുകൊണ്ടുതന്നെ ഇന്നത്തെ സുവിശേഷ പ്രസംഗങ്ങൾകൊണ്ടോ, പ്രേഷിത പ്രവർത്തനങ്ങൾകൊണ്ടോ വിജാതീയരെ, അക്രൈസ്തവരെ ആകർഷിയ്ക്കുവാനാവുന്നില്ല. വെറും മതപ്രസംഗങ്ങളല്ലാതെ യേശുവിനെ ആകർഷിക്കുവാനും, ആകർഷിപ്പിക്കുവാനും പറ്റിയ പ്രസംഗങ്ങളില്ല. തങ്ങളുടെ പാരമ്പര്യങ്ങളും കീഴവഴക്കങ്ങളും നിലനിർത്താനും സാമ്പത്തിക നേട്ടം കൈവരിക്കുവാനും മാത്രമേ ലക്ഷ്യമിടുന്നുള്ളൂ. സുവിശേഷപ്രസംഗങ്ങൾ അനാകർഷങ്ങളുമായി ഇവയ്ക്കൊരു ബദൽ ശൈലിയാണ് യേശുവിന്റെ ഇന്നത്തെ സുവിശേഷത്തിലെ സന്ദേശം.

ജനങ്ങളോട് പ്രസംഗിയ്ക്കാനും, ജനങ്ങളെ ദൈവരാജ്യത്തിന്റെ അംഗങ്ങളാക്കാനുമുള്ള പരിശീലനാർത്ഥമാണ് യേശു ശിഷ്യരെ അയയ്ക്കുക. ആരെയും നിർബന്ധിച്ച് ഒരു മതത്തിലേയ്ക്ക് പ്രവേശിപ്പിയ്ക്കരുതെന്ന് വിചാരിച്ചു കൊണ്ടാണ് യേശു പറഞ്ഞത്. നിങ്ങൾ ഒരു വീട്ടിൽ പ്രവേശിച്ചാൽ അവിടെയായിരിക്കുക. ആരെങ്കിലും സ്വീകരിച്ചില്ലെങ്കിൽ അവിടെ നിന്നും അടുത്ത വീടുകളിലേയ്ക്ക് പോകുക. നിർബന്ധമോ, സ്വാധീനമോ ഒന്നും സുവിശേഷപ്രഘോഷണത്തിലുണ്ടായിരിക്കരുത്. സഭ ലോകത്തിൽ നിലനിൽക്കുന്നത് ഒരു വലിയ ദൗത്യത്തോടുകൂടിയാണ്. ഒരു മതസമൂഹമായോ, അനുഷ്ഠാന സമ്പ്രദായങ്ങളെ നിയന്ത്രിക്കുന്ന കാര്യവിചാരകരോ ആയിട്ടല്ല നിലകൊള്ളേണ്ടത്. കഴിഞ്ഞ 20 നൂറ്റാണ്ടുകളിലൂടെ ഭക്തന്മാരും, വിശുദ്ധൻമാരും മാത്രം പറഞ്ഞവയും അനുഷ്ഠിച്ചവയും ആവർത്തിച്ചുകൊണ്ട് പ്രധാന ദൗത്യത്തെ മറന്നു പോകുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

വി.ലൂക്കായുടെ സുവിശേഷത്തിൽ ശിഷ്യരെ അയയക്കുന്ന രണ്ടു രംഗങ്ങളിൽ രണ്ടാമത്തേതാണ് ലൂക്കാ 10 : 1-10 ലുള്ളത്. ഇവിടെ 72 പേരെ അയക്കുന്നത് ഇസ്രായേൽക്കാർ അല്ലാത്തവരുടെ പക്കലേക്ക് അയയ്ക്കുന്ന രംഗമാണ് സൂചിപ്പിക്കുക. വിജാതീയരുടെ പക്കലേക്ക് അയയ്ക്കപ്പെടുന്നതിനാലാണ് യേശു കൂടുതൽ ശ്രദ്ധ വയ്ക്കുക. കാരണം ഇനിയും യേശുവിനെ അറിയാത്തവർ അറിയണമെന്നുള്ളതാണ് യേശു ആഗ്രഹിയ്ക്കുക. ലോകം യേശുവിനെ അറിയാൻ ആഗ്രഹിക്കുന്നു. സമരിയാക്കാരി യേശുവിനെ ലോകഗുരുവായി പട്ടണങ്ങളിലുള്ളവരെ അറിയിച്ചതുപോലെ ലോകം യേശുവിനെ അറിയണം. വിളവ് അധികം വിളഞ്ഞ് കിടക്കുന്നു. സുവിശേഷവേലയ്ക്ക് ഇറങ്ങിത്തിരിക്കുന്നവർ കുഞ്ഞാടിന്റെ നിഷ്കളങ്കതയോടു കൂടി ജീവിയ്ക്കുകയും, പ്രവർത്തിക്കുകയും വേണം. ലക്ഷ്യത്തിൽനിന്നും പിന്തിരിയാതെ അഭിവാദ്യം പറഞ്ഞും, ആശംസകൾ പറഞ്ഞും നടന്നാൽ മതിയാകുന്നില്ല ആരെയൊക്കെ കണ്ടുമുട്ടുന്നുവോ അവർക്ക് സമാധാനം ആശംസിച്ച് യേശുവിന്റെ സമാധാനം എല്ലാവർക്കും കൊടുക്കണം. സ്വികരണം ഏറ്റുവാങ്ങി ഡിമാൻറുകൾ മാത്രം പറഞ്ഞ് ജീവിക്കാനല്ല സുവിശേഷകരാകുക. നമ്മുടെ ദൗത്യം വിജയിക്കുകയോ, വിജയിക്കാതിരിക്കുകയോ ചെയ്യാം. എന്നാൽ ഉത്തരവാദിത്വത്തിൽനിന്നും ഒഴിവില്ല, ദൈവരാജ്യം പ്രസംഗിക്കപ്പെടുക എന്നത് ക്രൈസ്തവന്റെ ധർമ്മമാണ്. ഈ ഒരൊറ്റ ലക്ഷ്യമായിരുന്നു യേശുവിന് ഉണ്ടായിരുന്നത്. ദൈവത്തിന്റെ രാജ്യവും ഭരണവും ഭൂമിയിലുണ്ടാവുക പ്രേഷിത പ്രവർത്തനത്തിലൂടെ മാത്രമേ നടക്കൂ.

# ആരാണ് അയൽക്കാരൻ ?

**ആണ്ടുവട്ടം 15-ാം ഞായർ (ജൂലൈ 13)**

നിയ. 30: 10-14 കൊളോ. 1:15-20
ലൂക്ക. 10: 2537

**റവ. ഡോ. ഡൈസൻ**



ഒരു നേരത്തെ ആഹാരത്തിനു പോലും വകയില്ലാതെ കീറിയ വസ്ത്രം ധരിച്ച്, തണുപ്പത്ത് വിറങ്ങലിച്ച് വഴിയോരത്തിൽ നില്ക്കുന്ന പെൺകുട്ടിയെ കണ്ടപ്പോൾ സാമൂഹ്യസേവകന് മനം നൊന്തു. ഉഗ്രകോപത്തോടെ ദൈവത്തെ നോക്കി ആക്രോശിച്ചു. അങ്ങ് എന്തിന് ഇതനുവദിക്കുന്നു? ഈ കുഞ്ഞിന് സ്വന്തമെന്ന് പറയാൻ ആരുമില്ല, ആഹാരമില്ല, നല്ല വസ്ത്രമില്ല! ഇവൾക്ക് വേണ്ടി അങ്ങ് എന്തെങ്കിലും ചെയ്തു കൂടെ? നീണ്ട മൗനത്തിനുശേഷം ദൈവം അവനോട് പറഞ്ഞു: ഈ കുട്ടിയുടെ കാര്യത്തിൽ ഞാൻ ചിലത് ചെയ്തിട്ടുണ്ട്. സാമൂഹ്യ സേവകൻ ചോദിച്ചു: അങ്ങ് എന്താണ് ചെയ്തത്? ദൈവം ഉത്തരം നല്കി. ഈ കുട്ടിയുടെ കാര്യം നോക്കുവാൻ വേണ്ടിയാണ് ഞാൻ നിന്നെ സൃഷ്ടിച്ചത്. ദൈവം നമ്മെ ഈ ലോകത്ത് സൃഷ്ടിച്ചത് പരസ്പരം നല്ല അയൽക്കാരാകാൻ വേണ്ടിയാണ്. പ്രളയം വിതച്ച നാശത്തിൽ നിന്ന് അനേകം ജീവനെ രക്ഷിക്കാൻ തങ്ങളുടെ ജീവനെ പണയപ്പെടുത്തിയ മത്സ്യത്തൊഴിലാളികൾ നല്ല അയൽക്കാരാണ്. അപകടത്തിൽപ്പെട്ടവർ ശത്രുവായാൽപോലും അവന്റെ ജീവനെ രക്ഷിക്കുന്നവനാണ് യഥാർത്ഥ അയൽക്കാരൻ. യഥാർത്ഥ മനുഷ്യത്വവും സ്നേഹവും എന്താണെന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തരുന്ന സമരിയക്കാരൻ നമുക്ക് ഏവർക്കും അനുകരിക്കാവുന്ന ഏറ്റവും നല്ല മാതൃകയാണെന്ന് യേശുനാഥൻ ചൂണ്ടിക്കാണിക്കുന്നു.

ജെറുസലേമിൽ നിന്ന് ജെറിക്കോയിലേക്കു പോകുന്ന പാതയ്ക്ക് 25 കിലോമീറ്ററിലധികം ദൂരമുണ്ട്. ബറബാസിനെപ്പോലുള്ള കുപ്രസിദ്ധരായ കവർച്ചകാരുടെ താവളമായിരുന്നു ഈ പാത. ഈ വഴിയിലൂടെ യാത്ര ചെയ്ത മനുഷ്യൻ കവർച്ചക്കാരുടെ കൈയ്യിൽ അകപ്പെട്ടു. രക്തത്തിൽ കുളിച്ച് ജീവനുവേണ്ടി മല്ലിട്ടപ്പോൾ അശുദ്ധിയുടെ പേരിൽ പുരോഹിതനും, ലേവായനും അവനെ ഉപേക്ഷിച്ച് ദൈവാലയ ശുശ്രൂഷയ്ക്ക് പോയി. ചെയ്യാൻ സാധിക്കുന്ന നന്മ ചെയ്യാതെയും പത്തു കല്പനകളിലെ കൊല്ലരുതെന്ന നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുക വഴി ദൈവശുശ്രൂഷ ചെയ്യുന്നതിനു അയോഗ്യരായി തീരുകയാണ്. അപത്തിൽപ്പെട്ട സഹോദരന്റെ ജീവൻ രക്ഷിക്കാൻ സാധിക്കുമായിരുന്നിട്ടും, അതു ചെയ്യാതിരിക്കുന്നത് കൊല്ലുന്നതിനു തുല്യമാണ്. അതെ സമയം അതുവഴി കടന്നു വരുന്ന സമരിയാക്കാരനും അശുദ്ധിയുടെ നിയമം ബാധകമാണ് (ലേവ്യ: 21:11). എങ്കിലും ജീവൻ രക്ഷിക്കുന്നതാണ് സുപ്രധാനമെന്ന് തിരിച്ചറിവ് മരണത്തിന്റെ വക്കിലെത്തിയ ഒരു യഹൂദനെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സഹായിക്കുന്നത് വർഗ്ഗശത്രുവായി യഹൂദർ കരുതിയിരുന്ന സമരിയാക്കാരനാണ്. ആപത്തിൽപ്പെട്ട് നിലവിളിക്കുന്നവന്റെ മുമ്പിൽ ജാതിയും, വർണ്ണവും, വർഗ്ഗവും നോക്കാതെ ജീവൻ രക്ഷിക്കാൻ മുന്നോട്ടുവന്ന സമരിയാക്കാരൻ നല്ല അയൽക്കാരനാണ്. ദുരിതം അനുഭവിക്കുന്ന മനുഷ്യരെ അവഗണിച്ച്, അവർക്ക് ചെയ്യേണ്ട നന്മ ചെയ്യാതെ ദൈവലായത്തിന്റെ പേര് പറഞ്ഞ് ഒഴിഞ്ഞ് മാറുന്നവർ കപടഭക്തരാണ്. പ്രാണനുവേണ്ടി നിലവിളിക്കുന്നവരിൽ യേശുവിന്റെ നിലവിളി കേഴ്ക്കുവാനാവണം!

നാം ജീവിക്കുന്ന ഈ ലോകത്തിൽ ആരാണ് യഥാർത്ഥ അയൽക്കാരൻ? സ്വർത്ഥയില്ലാതെ നന്മ ചെയ്യുന്നവനാണ് യഥാർത്ഥ അയൽക്കാരൻ. ഈ ലോകം നില നിന്നു പോകുന്നത് നല്ല അയൽക്കാർ ഉള്ളതുകൊണ്ടാണ്. അവധികാലം ചിലവഴിക്കാൻ ദൈവത്തിന്റെ സ്വന്തനാടായ കേരളത്തിലെത്തി. ഫോർട്ട് കൊച്ചി സൗത്ത് കടൽപ്പുറത്തെ മാലിന്യകൂമ്പാരം കണ്ട് അമ്പരന്നു. എല്ലാ ദിവസവും രാവിലെ 6 മുതൽ 9 മണി വരെ കടൽപ്പുറം ശുചിയാക്കി അവിടെ ഒരു ബോർഡ് സ്ഥാപിച്ചു: നിങ്ങളുടെ മക്കൾക്കുവേണ്ടി നിങ്ങളും ഇതു ചെയ്യുക. നമുക്ക് ആരും അല്ലാത്ത ടോണി നന്മ ചെയ്യുന്നതിലൂടെ നമ്മുടെ അയല്ക്കാരനായി മാറി. ഒറ്റദിവസം 20101 ചെടികൾ നട്ട് ഭൂമിയുടെ പച്ചപ്പ് നിലനിറുത്താൻ ശ്രമിച്ച മുഹമ്മദ് യുസഫ് നല്ല അയൽക്കാരനാണ്. 4 കിലോമീറ്റർ ദൂരത്തിൽ 284 അരയാലുകൾ നട്ടുവളർത്തിയ കർണ്ണാടകയിലെ മഗഡിയിലെ തിമ്മക്ക നല്ല അയൽക്കാരിയാണ്. അങ്കിത് കവാത്ര എന്ന ചെറുപ്പക്കാരൻ ഇന്ത്യയിലെ 32 പട്ടണങ്ങളിൽ വിശക്കുന്ന ലക്ഷകണക്കിനാൾക്കാർക്ക് ആഹാരം എത്തിക്കുന്നു. 2000 നു മുകളിൽ ആൾക്കാർ വിശപ്പടക്കുവാൻ ആഹാരം എത്തിക്കുന്ന സന്നദ്ധരായി നില്ക്കുന്ന അങ്കിത് ഇന്ത്യയിലെ 32 പട്ടണങ്ങളിൽ വിശപ്പനുഭവിക്കുന്ന ലക്ഷക്കണക്കിനാൾക്കാർക്ക് ആഹാരം എത്തിക്കാൻ 2000 മുകളിൽ ചെറുപ്പക്കാർ ഫിഡിങ്ങ് ഇന്ത്യ എന്ന സംഘടനയിൽ അംഗങ്ങളായിനു പിന്നിൽ അങ്കിത് കാവത്രയെന്ന നല്ല അയൽക്കാരനാണ്. പ്രളയം കേരളത്തെ വിഴുങ്ങുമ്പോൾ തങ്ങളുടെ ആരുമല്ലാത്ത അനേകരെ തങ്ങളുടെ കൂടെപ്പിറപ്പായി കണ്ട് അവരുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ യഥാർത്ഥ അയൽക്കാരാണ്. ഭാരിച്ച കുരിശു വഹിച്ച് മനുഷ്യകുലത്തെ രക്ഷിക്കാൻ വേണ്ടി കാൽവരിയാത്രയിൽ കുരിശു താങ്ങി സഹായിച്ച ശിമയോനും, മുഖം തുടച്ച് ആശ്വാസം നല്കിയ വേറേനിക്കയും, യേശുവിന്റെ വേദനയിൽ കണ്ണുനീർ തൂകിയ ജറുസലേം സ്ത്രീകളും നല്ല അയൽക്കാരാണ്. ഗാന്ധിജിയും, മദർ തെരേസായും, വിൻസൻറ് ഡി പോളും നല്ല അയൽക്കാർ ആരാണെന്നുള്ളതിന് മാതൃകളാണ്. നന്മ ചെയ്യുന്നവർ നല്ല അയൽക്കാരാണ്. അവരുടെ എണ്ണം കൂടുംതോറും ഈ ലോകം ഒരു പറുദീസായായി മാറുന്നു.

കരുണ കാണിക്കുന്നവനാണ് യഥാർത്ഥ അയൽക്കാരൻ. യേശു പ്രഘോഷിച്ച സുവിശേഷങ്ങളുടെ അകക്കാമ്പ് കരുണയാണ്. ദൈവത്തിന്റെ നാമമാണ് കരുണയെന്നും, ദൈവത്തിന്റെ തിരിച്ചറിയൽ കാർഡാണ് കരുണയെന്നും ഫ്രാൻസിസ് പാപ്പ പറയുന്നു. മനുഷ്യരോടുള്ള കാരുണ്യം കൊണ്ടാണ് ദൈവം മനുഷ്യനായതും, മനുഷ്യരെ രക്ഷിച്ചതും. ദൈവം നമ്മുടെ സ്രഷ്ടവാണെങ്കിലും, മനുഷ്യനായതിലൂടെ നമ്മുടെ വേദനകളിൽ ദുഃഖങ്ങളിൽ പങ്കാളിയായതിലൂടെ നമ്മുടെ ഏറ്റവും നല്ല അയൽക്കാരനുമായെന്ന് പറയുവാൻ സാധിക്കുക. പാപികളായ നമുക്ക് രക്ഷയുടെ വാതിൽ തുറന്നു തന്നതിലൂടെ ദൈവത്തിന്റെ കാരുണ്യം നാം അനുഭവിക്കുന്നു. ദൈവത്തിന്റെ കരുണയെ കൂടാതെ ഈ ലോകത്തിന് നിലനില്ക്കാൻ സാധിക്കുകയില്ല. കരുണ കാണിക്കുന്നവനാണ് നല്ല അയൽക്കാരനെങ്കിൽ ദൈവത്തെപ്പോലെ നമ്മോട് കരുണ കാണിക്കുന്ന ആരുണ്ട്? ഏറ്റവും മാരകമായ മുറിവേറ്റവരെ ശുശ്രൂഷിക്കുന്ന യുദ്ധക്കളത്തിലെ ആശുപത്രിയായ സഭ ഉപമയിൽ മുറിവേറ്റവരെ പരിചരിക്കുന്ന സത്രത്തിനു തുല്യമാണ്! നല്ല അയൽക്കാരൻ യേശുവാണ്. ●

# സ്നേഹത്തിന്റെ തീൻമേശകൾ

**ആണ്ടുവട്ടം 16-ാം ഞായർ (ജൂലൈ 20)**

**ഉൽ. 18: 1-10 കൊളോ. 1: 24-28**
**ലൂക്ക. 10: 38-42**

## ഫാ. പോൾ സണ്ണി



വേനലിന്റെ ശരീരം തണുക്കവേ, കിളികൾ തണുവാർന്ന മരശിഖരത്തിൽ ചേക്കേറവേ, സൂഫി ആ കവിത പാടി:

"വേദനകളുടെ വിസ്തൃതവഴികളിൽ

നടന്നുതളരുമ്പോൾ

ഒരു പുഞ്ചിരിയെങ്കിലും പൊഴിക്കാൻ

ആളില്ലാതെ വരുമ്പോഴാണ്

നാം ശരിക്കും നിസ്വമാവുന്നത്"

ഈ ഗാനം നമ്മെ വല്ലാതെ ഉലയ്ക്കുന്നുണ്ട്. സ്നേഹത്തിന്റെ തീൻമേശക്കൂട്ടുകൾ തിരികെ വരുന്ന ഒരു കാലത്തിനായി നാം കാത്തിരിക്കുകയാണ്. ഓക്കുമരത്തോപ്പിനു സമീപം കണ്ട മൂന്നാളുകളെ അബ്രഹാം ഭക്ഷണത്തിനു ക്ഷണിക്കുന്നു. ഞാൻ നല്കുന്ന അപ്പം ഭക്ഷിച്ച് വിശപ്പടക്കിയിട്ട് യാത്ര തുടർന്നാൽ മതിയെന്ന അബ്രാഹത്തിന്റെ കാരുണ്യമൊഴി. വയർ നിറച്ചുകളയുന്ന അന്ന വിചാരം മൂന്നുപേർക്ക് ഭക്ഷിക്കാൻ മാത്രം ഒരു ഇളം കാളക്കുട്ടിയെ മുറിക്കുന്നു. അരുണാചൽ പ്രദേശ്കാരുടെ മൃഗമാണ് മിഥുൻ. വിശേഷാവസരത്തിൽ വിലപിടിപ്പുള്ള മിഥുനെ അറുത്ത് ഗ്രാമവാസികൾക്കെല്ലാം പങ്കുകൊടുക്കും. ഗ്രാമീണതയുടെ ഗോത്രവർഗങ്ങളുടെ ഇനിയും കൈവിട്ടുപോയിട്ടില്ലാത്ത നന്മയുടെ അടയാളങ്ങൾ.

ആ മൂന്നുപേർ ദൈവദൂതന്മാരായിരുന്നു. മൂന്നിടങ്ങഴി മാവുകൊണ്ട് കരുതലിന്റെ അപ്പം ഉണ്ടാക്കിയ സാറ. അവൾ കൂടാരത്തിലിരുന്ന് അപ്പം ഉണ്ടാക്കി അബ്രാഹത്തിന്റെ അടുക്കൽ കൊടുത്തുവിട്ടു. വസന്തകാലത്തിന്റെ ദളങ്ങൾ വിടരുമ്പോൾ ആനന്ദഭരിതമായി കുയിലുകൾ പാടുന്നപോലെ, വസന്തത്തിൽ ദൈവം തിരിച്ചുവരുമത്രേ, അപ്പോൾ സാറയുടെ ഉദരം അനുഗ്രഹിക്കപ്പെടും. മരവും ഇലകളും ഉണങ്ങിയാൽപ്പിന്നെ അത് അടർന്നുവീഴുമെന്നല്ലാതെ ഒരു വസന്തംകൂടി അതിന് സ്വപ്നം കാണാനാകുമോ? വാർദ്ധക്യത്തിന്റെ അടരുകളോടെ, ചുക്കിച്ചുളങ്ങിയ ഉദരത്തോടെ നില്ക്കുന്ന സാറയ്ക്കാണ് സന്താനഭാഗ്യം. വിശ്വസിക്കാമോ? ദൈവത്തെക്കുറിച്ച് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന ആളാണല്ലോ നിരീശ്വരൻ. വാഗ്ദാനം ചെയ്യപ്പെട്ടപോലെ ഒരു മകൻ അവർക്ക് പിറന്നല്ലോ.

### മാർത്തയുടെ സ്വാർത്ഥവിചാരം

രാമവർമ്മ മഹാരാജാവ് തന്റെ കൂട്ടാളികളെ ഒന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു. "ഈ പായസത്തിനു വല്ലാത്ത കയ്പാണ്" രാജാവ് പായസം കുടിച്ചുകൊണ്ട് പറഞ്ഞു.

രാജാവ് പായസം താഴെ വച്ചപ്പോൾ ബാക്കിയുള്ളവരും " അയ്യോ ... ഭയങ്കര കയ്പ്" എന്നും പറഞ്ഞ് അവരും പായസം താഴെ വച്ചു. അപ്പോൾ അതാ നമ്മുടെ കുഞ്ചൻ നമ്പ്യാർമാത്രം പായസം തൊട്ടിനുണയുന്നു. എല്ലാവരും ആശ്ചര്യപ്പെട്ടു. മഹാരാജാവിന് "ഈ കയ്പുള്ള പായസം എങ്ങനെ നിങ്ങൾ കുടിക്കുന്നു" നമ്പ്യാർ പറഞ്ഞു "അടിയന്, ഈ കയ്പ് വളരെ ഇഷ്ടമാണ്. പായസത്തിന് കയ്പാണെന്ന് മഹാരാജാവ് പറഞ്ഞത് വെറുതെയാണ്. എല്ലാവർക്കും അറിയാമായിരുന്നു. ഇപ്പോൾ രാജാവിന്റെ മുമ്പിൽ അവർ ഇളിഭ്യരായി. യേശുവിന് വിരുന്നൊരുക്കിയിട്ടും അവന്റെ മുമ്പിൽ ഇളിഭ്യരായവൾ മാർത്ത.

മാർത്ത ഒരു വിധവയായിരുന്നു. കൂടെ കൊച്ചനുജത്തി മറിയവും. പാവപ്പെട്ട മാർത്തയ്ക്ക് യേശുവിന്. വിരുന്നൊരുക്കൽ വളരെ ചെലവേറിയ കാര്യമാണ്. ക്രിസ്തു മാത്രമല്ലല്ലോ. മുട്ടാളന്മാരായ 12 ശിഷ്യന്മാരും കൂടെയുണ്ടല്ലോ. ക്രിസ്തുവിനാകട്ടെ തന്റെ തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിൽ കുറച്ചുവിശ്രമം വേണം. യേശുവിന് സ്വന്തം കുടുംബം പോലെയാണ് ആ ഭവനം. 'ക്രിസ്തു ജീവിക്കുന്നു' എന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പോസ്തലിക ആഹ്വാനത്തിൽ പറയുന്ന 'സിനൊഡിയ' ആണത്. ജറുസലേമിലേക്ക് യാത്ര ചെയ്യുന്ന തിരുക്കുടുംബം ഉൾപ്പെടെയുള്ള വിശാലമായ ഒരു സമൂഹം അതുകൊണ്ടാണല്ലോ. യേശു യാത്രാസംഘത്തിന്റെ കൂടെക്കാണുമെന്ന് മാതാപിതാക്കൾ ധൈര്യപ്പെട്ടത്. ഒരിക്കലും യേശു അമ്മയുടെ അടുക്കൽവന്ന് ഭക്ഷിക്കുന്നതു നാം കാണുന്നില്ല. പോകുന്ന വഴികളിൽ ഭേദങ്ങളില്ലാതെ എവിടെയും ചെന്ന് അവൻ അതിഥിയാകും. അവന് ഒരല്പം ഭക്ഷണം മാത്രം മതി. അതുകൊണ്ടാണല്ലോ ഭക്ഷണവിഭവങ്ങൾകൊണ്ട് ഊട്ടുമേശ നിറക്കാൻ ഒരുങ്ങുന്ന മാർത്തയുടെ ഭാഗത്തെക്കാൾ ചെറിയ വചനമേശയ്ക്കരികിൽ ഇരിക്കുന്ന മറിയത്തിന്റെ ഭാഗം ശരിയാണെന്ന് യേശു പ്രസ്താവിക്കുന്നത്. ആയിരങ്ങളോട് പ്രസംഗിച്ച വചനം ഇതാ പാദാന്തികത്തിലിരിക്കുന്ന ഒരു പെൺകുട്ടിക്ക് യേശു പറഞ്ഞുകൊടുക്കുന്നു.

യേശു മുന്നറിയിപ്പില്ലാതെയാണ് വരുന്നത്. അതുകൊണ്ടുതന്നെ മാർത്തയ്ക്ക് തിടുക്കമുണ്ട്, സഹായം ആവശ്യമുണ്ട്. മാർത്ത ഓടി നടക്കുന്നു. മറിയം സ്വസ്ഥമായി ഇരിക്കുന്നു. മാർത്തയുടേത് ലോകത്തിന്റെ വ്യഗ്രത മറിയത്തിന്റേത് ആത്മീയ ഉൽക്കർഷം..

ആ കാലഘട്ടത്തിലെ ഇസ്രായേലിന്റെ ആതിഥ്യമര്യാദ സമ്പ്രദായത്തെ അതേ ഉപചാരതയോടെ നടത്തുകയാണ് മാർത്ത. മാർത്തയുടെ പരാതി പറച്ചിലിൽ തെറ്റൊന്നുമില്ല. അവൾ അനുജത്തിയുടെ സഹായം തേടിയതേയുള്ളൂ. യേശു മാർത്തയുടെ ഭക്ഷണം വേണ്ടെന്നും വച്ചില്ല. രണ്ടു ഭാഗങ്ങളിൽ കൂടുതൽ ശരി. മറിയത്തിന്റേത് ദൈവാരാധനയുടെ പക്ഷമാണെന്ന് യേശു ഓർമ്മപ്പെടുത്തുന്നു.

### മാർത്ത - മാർത്ത

മാർത്ത - മാർത്ത ... എന്ന് അവളുടെ പേര് ആവർത്തിച്ചുവിളിക്കുന്ന യേശു അവളോടുള്ള തന്റെ സ്നേഹം പ്രകടിപ്പിക്കുകയും ഒപ്പം അവളെ അവളുടെ വ്യഗ്രതകളുടെ ലോകത്തുനിന്ന് ഉണർത്തുകയുമാണ്. ഭക്ഷണത്തെക്കാൾ പ്രധാനം വിശ്വാസമാണെന്ന്.

എപ്പിക്റ്ററ്റസ് പറയുന്നതുപോലെ ' നീ ശവവും പേറി നടക്കുന്ന ചെറിയൊരു ആത്മാവാകുന്നു' ശരീരം, ഭോഗം ഇവയെക്കാൾ പ്രധാനമാണ് ആത്മാവ്. ക്രിസ്തുവിന് സഹിക്കേണ്ടിവന്ന പീഡകളുടെ പീഡകളുടെ കുറവ് സ്വന്തം ശരീരത്തിൽ നികത്തുകയാണ് പൗലോസ്.

### " ആതിഥേയത്വമില്ല

ഒരതിഥിപോലും വരുന്നില്ല വയ്ക്കുവാനും വിളമ്പുവാനുമാരുമില്ല' തെരുവിൽ വിശ്രമിച്ച കവി അയ്യപ്പനാണ് ഇങ്ങനെ പാടിയത്. നമ്മുടെ ആഘോഷങ്ങളിലെ വിരുന്നുകളിൽ ധൂർത്ത് പെരുകുന്നു. ഭക്ഷണം മാലിന്യക്കൂമ്പാരത്തിൽ തള്ളുന്നു. ദരിദ്രന്റെ വിശപ്പിനെ അവഗണിക്കുന്ന ആഘോഷം. ●

# ഒരു ദിവസം പലവട്ടം പ്രാർത്ഥി ക്കുന്ന യേശു

ആണ്ടുവട്ടം 17-ാം ഞായർ (ജൂലൈ 27)

**ഉൽ. 18:20-32 കൊളോ. 2: 12-14 ലൂക്ക. 11:1-13**

## ഫാ. വിക്ടർ എവരിസ്റ്റസ്

ഒരു ദിവസം പലവട്ടം പ്രാർത്ഥിക്കുന്ന യേശുവിന്റെ ചിത്രം ശിഷ്യർക്കെന്നും അത്ഭുതമായിരുന്നു. എല്ലാ സുപ്രധാന സന്ദർഭങ്ങളിലും യാത്രാമദ്ധ്യേയും രാത്രിയിലുമൊക്കെ പ്രാർത്ഥിക്കുന്ന യേശുവിനെ അവർ ശ്രദ്ധിക്കാറുണ്ട്. യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതു പോലെ തങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് ജറുസലമിലേക്കുള്ള യാത്രാമദ്ധ്യേ ശിഷ്യന്മാർ യേശുവിനോട് അഭ്യർത്ഥിക്കുന്നു.

പ്രാർത്ഥനയെ സംബന്ധിച്ച മൂന്നു സംഭവങ്ങളാണ് ലൂക്കാ ഇവിടെ അവതരിപ്പിക്കുന്നത് എങ്ങനെ പ്രാർത്ഥിക്കണമെന്ന് തങ്ങളെ പഠിപ്പിക്കാൻ ശിഷ്യർ യേശുവിനോട് ആവശ്യപ്പെടുന്നു (11:1). പ്രാർത്ഥനയുടെ ഒരു സുന്ദരമായ മാതൃക യേശു അവതരിപ്പിക്കുന്നു ( 11:2-4). പ്രാർത്ഥന കേൾക്കാൻ ദൈവം ഒരുക്കമാണെന്ന് കാണിക്കുന്ന ഉപമയും പ്രാർത്ഥനയുടെ ഫലദായകത്വവും യേശു വെളിപ്പെടുത്തുന്നു (11:5-8; 11:9-13).

വി.ഫ്രാൻസിസ് ബോർജിയുടെ ജീവചരിത്രത്തിൽ ഒരു സംഭവം രേഖപ്പെടുത്തുന്നുണ്ട്. ഒരിക്കൽ ശത്രുക്കൾ അദ്ദേഹത്തെ പിടിച്ച് ദേഹോപദ്രവം ഏൽപ്പിച്ചുകൊണ്ട് പറഞ്ഞു; നിന്റെ കണ്ണുകൾ ഞങ്ങൾ കുത്തിയെടുത്തു കളയും. അദ്ദേഹം വളരെ ശാന്തനായി അവരോടു പറഞ്ഞു; സഹോദരാ, താങ്കൾ എന്റെ വലതു കണ്ണ് കുത്തിയെടുത്തു കളയുകയാണെങ്കിൽ ഇടതു കണ്ണുകൊണ്ട് ഞാൻ താങ്കളെ സ്നേഹപൂർവം നോക്കും. ഇതുകേട്ട് അദ്ദേഹത്തെ ഉപദ്രവിച്ചവർ ലജ്ജിക്കുകയും പിന്നീട് യാതൊരു ഉപദ്രവവും ചെയ്യാതെ മടങ്ങിപ്പോവുകയും ചെയ്തു. ശത്രുക്കളോട് പ്രശാന്തതയോടെയും കാരുണ്യവായ്പ്പോടുകൂടിയും പെരുമാറുമ്പോൾ ഉണ്ടാകുന്ന മാറ്റ് വലുതായിരിക്കുമെന്നറിയുക.

ക്ഷമിക്കുന്നവർ പരാജയപ്പെടുകയാണ് എന്നാണ് നമ്മുടെയൊക്കെ വിചാരം. ബലഹീനന് ക്ഷമിക്കാൻ കഴിയില്ല. ക്ഷമ മനക്കരുത്തുള്ളവരുടെ ഗുണമാണ് എന്നാണ് ഗാന്ധിയൻ ഭാഷ്യം. കാരുണ്യത്തിന്റെ മുഖം എന്ന ഡിക്രിയിൽ ഫ്രാൻസിസ് പാപ്പാ വി.തോമസ് അക്വിനോസിനെ ഉദ്ധരിച്ച് കാരുണ്യം ദൈവത്തിന്റെ ബലഹീനതയുടെയല്ല സർവ്വശക്തിയുടെ അടയാളമാണെന്ന് ഓർമ്മിക്കുന്നുണ്ട്. കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ക്ഷമിക്കുക എന്നത് കരുത്തിന്റെ അടയാളമാണെന്ന് തിരിച്ചറിഞ്ഞാൽ എത്രമാത്രം അനുഗ്രഹമായിരിക്കും ഒഴുകിയെത്തുക. ക്ഷമിക്കുമ്പോൾ താൻ മറ്റുള്ളവരുടെ മുമ്പിൽ ചെറുതായിപ്പോകും എന്ന കരുതി വെറുപ്പിൻറേയും വിദ്വേഷത്തിൻറേയും മനോഭാവത്തോടെ അഹങ്കാരപൂർവ്വം വ്യാപരിക്കുവാൻ നിന്റെ ജീവിതത്തിലേക്ക് കൃപയുടെ നീരൊഴുക്ക് നീ തടസ്സപ്പെടുത്തുകയാണ്.



ക്ഷമിക്കുന്നതിന് പരിധിയും പരിമിതികളുമുണ്ടോ എന്ന് ചിന്തിക്കുന്നവരുണ്ട്. യഹൂദരുടെ വി.ഗ്രന്ഥ ഭാഷ്യമായ താൽമുദിൽ മൂന്നു തവണയേ ഒരുവൻ തന്റെ സഹോദരനോട് ക്ഷമിക്കണമെന്ന് പറയുന്നുള്ളൂ. അതിനെ ഇരട്ടിപ്പിച്ച് യഹൂദ ചിന്ത പ്രകാരം പൂർണ്ണസംഖ്യയാക്കാൻ ഒന്നു കൂടി ചേർത്ത് ഏഴു തവണ ക്ഷമിച്ചാൽ മതിയോ എന്നു ചോദിക്കുന്ന സുവിശേഷത്തിലെ പത്രോസ് കരുതിയത് യേശു തന്നെ പ്രശംസിക്കും എന്നു തന്നെയായിരിക്കണം. എന്നാൽ ഏഴല്ല ഏഴ് എഴുപത് തവണ ക്ഷമിക്കാൻ- അതായത് വ്യവസ്ഥകളും കണക്കുമില്ലാതെ ക്ഷമിക്കാനുള്ള ആഹ്വാനമാണ് കർത്താവ് സുവിശേഷത്തിൽ നൽകുന്നത്.

ഒരിടത്ത് ഒരാശ്രമത്തിൽ വൃദ്ധനായ ഒരു സന്ന്യാസിശ്രേഷ്ഠനുണ്ടായിരുന്നു. മഠാധിപതിയായ അദ്ദേഹത്തിന് ധാരാളം ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥശാലയുമുണ്ടായിരുന്നു. ഒരു ദിവസം അതിഥിയായി വന്ന ഒരു യുവസന്ന്യാസി ഗ്രന്ഥശാല സന്ദർശിച്ചു. അവിടെ കണ്ട വിലപിടിപ്പുള്ള ഒരു പുരാതന ബൈബിൾ അയാൾ രഹസ്യമായി കൈക്കലാക്കി കൊണ്ടു പോയി. പുസ്തകം മോഷണം പോയതറിഞ്ഞിട്ടും അത് തിരികെ വാങ്ങാനൊന്നും ആശ്രമ ശ്രേഷ്ഠൻ ശ്രമിച്ചില്ല. ബൈബിൾ വിറ്റ് കാശാക്കാൻ മോഷ്ടാവാകട്ടെ ഒരു ധനികനെ സമീപിച്ചു. വില കൃത്യമായി നിർണയിക്കാൻ ധനികൻ പുസ്തകം ഒരു ദിവസത്തേക്ക് കൊണ്ടുപോയി. മൂല്യനിർണ്ണയത്തിനായി ധനികൻ അതിനു യോഗ്യനായ ആശ്രമശ്രേഷ്ഠനെ തന്നെ സമീപിച്ചു. പുസ്തകം കണ്ടപ്പോഴേ അത് തൻറേതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. പക്ഷേ, അറിഞ്ഞഭാവം നടിച്ചില്ല. ധനികൻ ചോദിച്ചു: ഒരു യുവസന്ന്യാസി കൊണ്ടുവന്ന ഈ പുസ്തകത്തിന് അയാൾ ഒരു തങ്കപ്പവൻ ചോദിച്ചു. ഇതിന് അത്ര വിലവരുമോ? വൃദ്ധസന്ന്യാസി മറുപടി പറഞ്ഞു: സൂക്ഷിക്കാൻ പറ്റിയ ഒന്നാന്തരം ബൈബിളാണിത്. ധൈര്യമായി വാങ്ങിക്കൊള്ളുക. വില ഒട്ടും കൂടുതലല്ല.

പിറ്റേന്ന് യുവസന്ന്യാസി ധനികനോട് ഒരു പവനെന്ന് വില സമ്മതിച്ചു. അവന് വളരെ സന്തോഷമായി. ആരെയാണ് നിങ്ങൾ പുസ്തകം കാണിച്ച് വില നിർണ്ണയിച്ചതെന്ന് ചെറുപ്പക്കാരൻ ചോദിച്ചു. ആശ്രമ ശ്രേഷ്ഠനെയാണെന്നും ഒരു പവനിൽ കൂടുതൽ വില വരുമെന്നും അദ്ദേഹം പറഞ്ഞതായി ധനികൻ അറിയിച്ചു. ഇതുകേട്ട്, യുവസന്യാസി വിളറി, സ്തബ്ധനായിപ്പോയി. ഹൃദയത്തെ സ്പർശിക്കുന്ന അസാധാരണ പെരുമാറ്റം. കള്ളന് കഴപ്പമുണ്ടാകരുതെന്ന് കരുതി സ്വന്തം മുതൽ വേണ്ടന്നുവച്ച മഹാമനസ്കൻ. ഇത്രയും ആർദ്രമായി ആരും തന്നോട് പെരുമാറിയിട്ടില്ല. ഇങ്ങനെ ചിന്തിച്ച് താനിത് വിൽക്കുന്നില്ല എന്നു പറഞ്ഞ് യുവസന്യാസി ധനികനിൽ നിന്ന് ബൈബിൾ തിരിച്ചു വാങ്ങി. രണ്ടു പവൻ തരാമെന്ന് ധനികൻ പറഞ്ഞിട്ടും അവൻ അത് വിറ്റില്ല. യുവസന്യാസി തിരിച്ച് മഠത്തിലെത്തി. ആശ്രമശ്രേഷ്ഠനെ കണ്ട് ബൈബിൾ തിരിച്ചു നൽകുമ്പോൾ അയാളുടെ കണ്ണ് നിറഞ്ഞിരുന്നു. കയ്യിൽ തന്നെ വച്ചു കൊള്ളൂ. അത് എടുത്തപ്പോൾ ഞാൻ നിശ്ചയിച്ചിരുന്നു, അത് താങ്കൾക്ക് നൽകണമെന്ന്. ആശ്രമശ്രേഷ്ഠൻ പറഞ്ഞു: ഇത് തിരികെ വാങ്ങി അങ്ങയുടെ കൂടെ പാർത്ത് വിവേകം അഭ്യസിക്കാൻ ദയവുണ്ടാകണമെന്ന് പറഞ്ഞ് യുവസന്യാസി ആശ്രമശ്രേഷ്ഠന്റെ കാലു പിടിച്ചു. ആശ്രമശ്രേഷ്ഠൻ അതു സമ്മതിച്ചു. അവൻ ശിഷ്ടകാലം ആശ്രമത്തിൽ കഴിച്ചു കൂട്ടി.

ഓർക്കുക, ശത്രുക്കളോട് ക്ഷമിക്കണമെന്ന് പറയുക. മാത്രമല്ല അത് ജീവിത ശൈലിയാക്കി മാറ്റിയ കർത്താവു തന്നെയാണ് നമുക്ക് മാതൃക. കുരിശിൽ പിടയുമ്പോഴും ശത്രുക്കളോട് ക്ഷമിച്ച് അവർക്കായി പ്രാർത്ഥിച്ച അവിടുത്തെ വെളിച്ചത്തിൽ നമുക്ക് യാത്ര തുടരാം.

●

നേർക്കാഴ്ച

ജെ. സി.



# കപ്പൽ അപകടത്തിന്റെ ആഘാതവും നഷ്ടപരിഹാരവും

ഏതു കാലാവസ്ഥയിലും പ്രവർത്തിക്കുന്ന ഇന്ത്യയിലെ പ്രഥമ ആഴക്കടൽ ട്രാൻസ്ഷിപ്മെൻറ് തുറമുഖം അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്മീഷൻ ചെയ്ത് ഒരു മാസം തികയുമ്പോഴാണ് ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളിലൊന്നായ എം.എസ്.സി ഐറിന വിഴിഞ്ഞത്ത് നങ്കരമിട്ടത്. വിഴിഞ്ഞം രാജ്യാന്തര ട്രാൻസ്ഷിപ്മെൻറ് ടെർമലിൽനിന്ന് ഫീഡർ സർവ്വീസ് നടത്തുന്ന മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനിയുടെ (എം.എസ്.സി) ഒരു പഴഞ്ചൻ ചരക്കു കപ്പൽ എൽസ - 3 ആലപ്പുഴ തോട്ടപ്പള്ളി തീരത്ത് നിന്ന് 14.6 നോട്ടിക്കൽ അകലെ അറബിക്കടലിൽ മുങ്ങിയതിന്റെ ദുരന്താഘാതത്തിൽ വിറങ്ങലിച്ച് നില്ക്കുമ്പോഴാണ് കേരള തീരത്ത് പരിസ്ഥിതിക്കും മത്സ്യസമ്പത്തിനും തീരദേശവാസികൾക്കും കൂടുതൽ ആപൽക്കരമായ മറ്റൊരു ചരക്കു കപ്പലപകടം കണ്ണൂർ ആഴക്കടലിൽനിന്ന് 81.4 കിലോമീറ്റർ അകലെയായി സംഭവിക്കുന്നത്. ശ്രീലങ്കയിലെ കൊളൊംബോയിൽ നിന്ന് മുംബൈയിലെ തുറമുഖത്തേക്ക് പോവുകയായിരുന്ന സിംഗപ്പൂർ രജിസ്ട്രേഷൻ ഉള്ള വാൻഹായി 503 എന്ന തായ്വാൻ ചരക്കുകപ്പലിലെ കണ്ടെയിനറിനുള്ളിൽ തീ പിടിച്ച് പൊട്ടിത്തെറിക്കുകയായിരുന്നു.



കപ്പൽ അപകടം കടലിൽ വൻ ദുരന്തമാണുണ്ടാക്കിയിരിക്കുന്നത്. ഇത്, തീരപ്രദേശത്തിനും പ്രത്യേകിച്ച് കേരള സംസ്ഥാനത്തിന് ഒട്ടാകെയും പ്രതിസന്ധിയുളവാക്കുന്നതാണ്. ഒന്നമതായും കപ്പൽകമ്പനി ഉത്തരവാദിത്വം ഏറ്റെടുക്കണം. സംസ്ഥാന സർക്കാർ പുലർത്തുന്ന നിസ്സംഗത ഗുരുതരമാണ്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട ഒരു വിഷയം കൂടിയാണിത്. ഹരിത ട്രിബ്യൂണലും ഇതിൽ ഇടപെടണം. ഇതിനോടുള്ള പ്രതികരണം സംസ്ഥാന സർക്കാർ നാലു ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1000 രൂപയും 6 കിലോ അരിയുമാണ് നൽകാൻ തീരുമാനിച്ചത്. ഒരു ജനതയോടുള്ള അവഹേളനമല്ലേയിത്.



കൊച്ചി തീരത്തുനിന്ന് 74 കിലോമീറ്റർ തെക്ക് പടിഞ്ഞാറായി ഒരു ഭാഗത്തേക്ക് ചരിഞ്ഞ് 24 മണിക്കൂർ കൊണ്ടുമുങ്ങിയ എൽസ കപ്പലിലെ 24 ജീവനക്കാരെയും രക്ഷിക്കാനായി. എന്നാൽ വാൻഹായി കപ്പലിന്റെ ക്യാപ്റ്റനും മൂന്ന് എൻജിനീയർമാരും ഉൾപ്പെടെ നാലുപേരെ രണ്ടു തായ്വാൻകാരും ഒരു ഇന്തോനേഷ്യക്കാരനും ഒരു മ്യാൻമർ സ്വദേശിയും കാണാതായി. കേരള തീരത്തുണ്ടായ കപ്പൽ അപകടം കടലിൽ വൻ ദുരന്തമാണുണ്ടാക്കിയിരിക്കുന്നത്. ഇത്, തീരപ്രദേശത്തിനും പ്രത്യേകിച്ച് കേരള സംസ്ഥാനത്തിന് ഒട്ടാകെയും പ്രതിസന്ധിയുളവാക്കുന്നതാണ്. ഒന്നമതായും കപ്പൽകമ്പനി ഉത്തരവാദിത്വം ഏറ്റെടുക്കണം. സംസ്ഥാന സർക്കാർ പുലർത്തുന്ന നിസ്സംഗത ഗുരുതരമാണ്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട ഒരു വിഷയം കൂടിയാണിത്. ഹരിത ട്രിബ്യൂണലും ഇതിൽ ഇടപെടണം ഇതിനോടുള്ള പ്രതികരണം സംസ്ഥാന സർക്കാർ നാലു ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1000 രൂപയും 6 കിലോ അരിയുമാണ് നൽകാൻ തീരുമാനിച്ചത്. ഒരു ജനതയോടുള്ള അവഹേളനമല്ലേയിത്. കപ്പലിലുണ്ടായിരുന്ന ചരക്കിന്റെ വിവരങ്ങൾ (യഥാർത്ഥ കാർഗോ മാനിഫെസ്റ്റ്) വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് കമ്പനിയോ, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗോ, സംസ്ഥാന സർക്കാരോ, എം.എസ്.സി. കപ്പൽ കമ്പനിയോ കസ്റ്റംസോ പുറത്ത് വിട്ടിട്ടില്ല.

ഈ കപ്പലപകടം വരുത്തി വച്ചിരിക്കുന്ന വിനകളെക്കുറിച്ച് ഗൗരവമായ പഠനം നടത്തുകയും മത്സ്യത്തൊഴിലാളികൾക്ക് വന്നുചേരുന്ന നഷ്ടങ്ങൾ വിലയിരുത്തുകയും വേണം. കപ്പൽ കമ്പനി ഉടമയിൽനിന്ന് മാന്യമായ നഷ്ടപരിഹാരം ലഭ്യമാക്കണം. തീരത്ത് അടിഞ്ഞു കൂടിയിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്ത് കടലും തീരവും ശുദ്ധീകരിക്കണം. അപകടംമൂലം ഉണ്ടായ ഇന്ധന ചോർച്ച കടലിനെ മലിനമാക്കിയിരിക്കുന്നു. അത് മത്സ്യസമ്പത്തിനെ ബാധിക്കും. കപ്പൽ മുങ്ങിയ സംഭവത്തിൽ അപകടത്തിന്റെ ആഘാതവും നഷ്ടപരിഹാരവും പഠിക്കാൻ സർക്കാർ സമിതിയെ നിയോഗിച്ച് പരിഹാരം എത്രയും വേഗം നടപ്പിലാക്കണം. ●


സെന്റ്. ക്രിസ്റ്റഫർ ദൈവാലയം
ശ്രീകാര്യം, തിരുവനന്തപുരം
വിശുദ്ധ ക്രിസ്റ്റഫറിന്റെ നാമധേയത്തിലുള്ള
കേരളത്തിലെ ഏകദൈവാലയം
ജൂലൈ 14-16
കുടുംബ നവീകരണ ധ്യാനം
നയിക്കുന്നത്
ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ
ജൂലൈ 27
തിരുനാൾ
സമൂഹ ദിവ്യബലി
മുഖ്യകാർമികൻ
മോസ്റ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
ഏവർക്കും സ്വാഗതം
യാത്രക്കാരുടെ മധ്യസ്ഥനായ
വിശുദ്ധ ക്രിസ്റ്റഫറിന്റെ തിരുനാൾ
2025 ജൂലൈ 20 മുതൽ 27 വരെ


വിശുദ്ധ മേരി മഗ്ദലേന
ദൈവാലയം, പരുത്തിയൂർ
തിരുവനന്തപുരം ലത്തീൻ അതിരൂപത
ഇടവക സ്വർഗ്ഗീയ മദ്ധ്യസ്ഥ
വിശുദ്ധ മറിയം മഗ്ദലേനയുടെ
തിരുനാൾ
2025 ജൂലൈ 16 ബുധൻ മുതൽ
2025 ജൂലൈ 22 ചൊവ്വ വരെ
തിരുനാൾ സമൂഹദിവ്യബലി
മുഖ്യകാർമികൻ:
മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ
തീർത്ഥാടകർക്ക് സ്വാഗതം

Pub. Date: 01.07.2025

JEEVANUM VELICHAVUM

REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26

Total Pages 44
Rs. 30/-

# ജൂബിലി ഹോസ്പിറ്റൽ

## തിരുവനന്തപുരം ലത്തീൻ അതിരൂപത

## OUR DEPARTMENTS:

### General specialties:

- GENERAL MEDICINE
- PAEDIATRICS
- GENERAL & LAPAROSCOPIC SURGERY
- OBSTETRICS & GYNAECOLOGY
- ORTHOPAEDIC
- E N T
- OPHTHALMOLOGY
- ANAESTHESIOLOGY
- PSYCHIATRY
- OBESITY CLINIC
- PLASTIC & RECONSTRUCTIVE SURGERY
- MEDICAL ONCOLOGY
- NEURO SURGERY
- DERMATOLOGY
- COSMETOLOGY
- DIETARY
- RADIOLOGY

### Super specialties:

- CARDIOLOGY
- NEUROLOGY
- NEPHROLOGY
- PULMONOLOGY
- GASTROENTEROLOGY
- ORAL & MAXILLOFACIAL SURGERY
- UROLOGY

### 24 hrs Facility:

- CASUALITY
- CT/ X-RAY / ECG
- PHARMACY
- LAB
- CARDIOLOGY / CATH LAB
- AMBULANCE SERVICE
- PRIMARY ANGIOPLASTY

### FACILITIES AND SERVICES

- Operation Theatre Complex having 8 Theaters
- Equipped with Modern Facilities
- Well Equipped Labour Room
- Post-Operative Unit with Latest Facilities
- State of Art Intensive Care Unit (ICU, CCU, PICU, NICU)
- Facility of Deluxe Rooms
- Dialysis Centre with Latest Equipments & Facilities
- Well Equipped Diagnostic Center
- Colour Doppler, 2D ECHO Cardiography
- Computerized Treadmill, Multi channel ECG
- Cardiac Care with Cath Lab Facility
- CT Scan Facility Round the clock
- Whole body scanning
- Ultra sound scanning
- Digital and mobile X-ray unit
- Physiotherapy center with modern facilities
- Well equipped Emergency Unit
- Advance booking system over telephone
- Facility for Health check-up
- Cashless facility for patients with insurance
- In-house canteen providing room service
- ATM center and e-payment facility
- Large parking area

### BOOKING AND ENQUIRY

**0471- 2334561, 4005300**




Jubile Memorial Hospital, Meads Lane, Palayam Trivandrum 695034, Kerala
0471-2334561 jubileetrivandrum@gmail.com

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George